NAIR SERVICE SOCIETY

LOGIN

little KITEs

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

LOGIN

E-MAGAZINE

2019

എൻ.എസ്.എസ്.എച്ച്.എസ്.എസ്

-ചാത്തന്നൂർ

കൊല്ലം ജില്ലയിലെ ഏറ്റവും മികച്ച വിദ്യാലയങ്ങളിലൊന്നാണ് ചാത്തന്നൂർ എൻ.എസ്.എസ്.എച്ച്.എസ്.എസ് . ഈ നാട്ടിലെ വിദ്യാർത്ഥികൾക്ക് 7 -ാം ക്ലാസ്സ് കഴിഞ്ഞാൽ വളരെ ദൂരെ പോയി പഠിക്കേണ്ടി വന്ന സാഹചര്യത്തിൽ നായർ സമുദായംഗങ്ങളുടെ ശ്രമഫലമായി 1940 – ൽ ഈ വിദ്യാലയം സ്ഥാപിതമായി.സമുദായാചാര്യൻ ശ്രീ മന്നത്തു പത്മനാഭന്റെ നേതൃത്വത്തിൽ നാട്ടുകാരുടെ സഹകരണത്തോടെ 1942 – ൽ ഈ വിദ്യാലയം പൂർണ്ണമായ രീതിയിൽ പ്രവർത്തനം ആരംഭിച്ചു.വളരെ ക്ലേശവഴികൾ താണ്ടി ഇന്നീ വിദ്യാലയം ചാത്തന്നൂരിൻെറ തിലകക്കുറിയായി മാറിയിരിക്കുന്നു.

ഹൈസ്കൂൾ, ഹയർ സെക്കന്ററി വിഭാഗങ്ങളിലായി ആയിരത്തി അഞ്ഞൂറിലധികം വിദ്യാർത്ഥികൾ ഇവിടെ പഠിക്കുന്നു.അക്കാദമിക വിഷയങ്ങളിൽ മാത്രമല്ല കലാകായിക മത്സരങ്ങളിലും വിജയക്കൊടി പാറിച്ചു കൊണ്ട് ഈ വിദ്യാലയം മുന്നേറുന്നു.ഇന്നത്തെ വിദ്യാർത്ഥികളാണ് നാളത്തെ സമൂഹം എന്നു തിരിച്ചറിഞ്ഞുകൊണ്ട് അവരെ നന്മയുള്ള മനുഷ്യരാക്കി മാറ്റാനുള്ള ആത്മാർത്ഥമായ ശ്രമമാണ് ഈ വിദ്യാലയം മുന്നോട്ട് വയ്ക്കുന്നത്.അതിന് എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

ആശംസ

ചോക്കുപൊടികൾ പാറുന്ന ക്ലാസ്സുറികൾ, കഴ്സറുകൾ ചൂണ്ടുന്ന ഡിജിറ്റൽ ലോകത്തേക്ക് ചേക്കേറുന്ന യാഥാർത്ഥ്യലോകത്താണ് നാം ഇന്ന്.പുതുമകളിലേക്ക് ലോകം അതിവേഗം സഞ്ചരിക്കുമ്പോൾ അരികുമാറി നിൽക്കാൻ നമ്മളും തയ്യാറല്ല.സൈബർലോകത്തിന്റെ എഴുത്തിടങ്ങളിൽ ചാത്തന്നൂർ എൻ.എസ്.എസ്.എച്ച്.എസ്.എസ് സ്കൂൾ ആരംഭിക്കുന്ന ഇ-മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

നമ്മുടെ കുട്ടികളും എഴുതട്ടെ. . . . .

അവരുടെ നന്മയും സൗന്ദര്യബോധവും ലോകം അറിയട്ടെ . . . .

ആശംസകളോടെ

എം.എസ്.ലീല

ഹെഡ്മിസ്ട്രസ്

എൻ.എസ്.എസ്.എച്ച്.എസ്.എസ്

ചാത്തന്നൂർ

കൊല്ലം

Teacher's desk

Dear students,

Learning is not a process limited to schools only, nor does it end with the conclusion of one's school career. This 'LITTLE KITES' family oriented to the total formation of a child and to adaptations of various methods suiting the dynamics of changing world in order to achieve common goals and objectives. Our magazine "LOGIN" reflects the aspects of present society . We have for you, from the students , a wide range of poetry,riddles and some informative and inspirational articles

HAPPY READING

Jisha S.R Renu. S

Editor's Desk

Dear Readers,

You have in your hand "LOGIN" N S S H S S , Chathannoor's digital magazine. It tries to bind together each and every aspects of our own society. As students there's no better way to share our voice, ideas and creativity with your community than through the pages of our own publication. Thus this magazine is not the outcome of the effort put in by an Individual,but is the immense effort put forward by the Editorial Board, all teachers and our Head Mistress. This is a small tribute to our School also. We apologize for short comings and hope you will cherish our efforts

_ Editor (Govind.G)

ഉള്ളടക്കം

മാതൃഭാഷ ...07
കേരളത്തിന്റെ കലകൾ ...08
പറക്കൽ ചരിത്രത്തിലെ നാൾവഴികൾ...09-10
കൈറ്റ് ...11-13
ഗൂഗിൾ ...14-15
ഇന്ത്യയിലെ വിനോദസഞ്ചാരം ...16
പ്രജനന കാലമിതുമൈനപ്പെണ്ണെ...17
ഫെയ്സ്ബുക്ക്...18-19
ശാസ്ത്രീയ നാമങ്ങൾ ...20
ഫ്ലിപ്കാർട്ട് ...21
ബൈജൂസ് (ആപ്പ്) ...22
കുമാരനാശാൻ ...23-24
വിക്കിപീഡിയ ...25-27
സ്റ്റാച്യു ഓഫ് യൂണിറ്റി ...28-29
കേരളത്തിലെ ആദ്യത്തെ ഗ്രന്ഥശാല ...30
ആൻഡ്രോയ്ഡ് ...31-34
സാഹിത്യ ക്വിസ് ...35
കമ്പ്യൂട്ടർ ...36-37
മൈക്രോസോഫ്റ്റ് ...38-40
ഇന്ത്യയുടെ പ്രധാനമന്ത്രിമാരുടെ പട്ടിക ...41
സൈലൻറ് വാലി ദേശീയോദ്യാനം ...42
സ്മാർട്ട് ഫോൺ ...43-45
ജൈവവൈവിധ്യം ...46-47
സാങ്കേതികവിദ്യ ...48-50
മഹാത്മാഗാന്ധി ...51-53
ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ ...54-55
വിദ്യാലയം ...56
കൊല്ലം ബൈപാസ് ...57
സോഫിയ ...58
കേരളത്തിലെ മുഖ്യമന്ത്രിമാരുടെ പട്ടിക...59
പഴഞ്ചൊല്ലുകൾ ...60
ഇ-മാലിന്യം ...61
നാനോസാങ്കേതികവിദ്യ ...62-64
കേരളത്തിലെ വെള്ളപ്പൊക്കം ...65-66
ഇന്ത്യയിലെ കേന്ദ്രഭരണപ്രദേശങ്ങളുംഅവയുടെ തലസ്ഥാനവും ...67
നാസ ...68-70
പ്രണായാർദ്രം ...71
അഗോളതതാപനം ...72
പ്രാചീന കവിത്രയം ...73-74
തിരുവനന്തപുരം: ശ്രീ പത്മനാഭസ്വാമിക്ഷേത്രം ...75-76
വിഗതകുമാരൻ ...77
ആണവായുധം ...78-79
കേരളം ...80-81
സ്റ്റീവ് ജോബ്സ് ...82-83
വൈക്കം മുഹമ്മദ് ബഷീർ ...84-85
സ്റ്റീഫൻ ഹോക്കിങ് ...86-88
ആകാശവാണി ...89-90
കേരള പേരിനു പിന്നിൽ ...91
ഇന്ത്യയുടെ രാഷ്ട്രപതിമാരുടെ പട്ടിക...92

GROUP PHOTO

ഹാഷിമ

മാതൃഭാഷ

ആളുവളരാനും മാതൃഭാഷ വേണം
നാടു വളരാനും മാതൃഭാഷ വേണം
നേരറിയാനും നല്ലവണ്ണം ചൊല്ലാനും
നേരാകുമീ മാതൃഭാഷ വേണം.

മാതൃഭാഷാപഠനം വളർച്ചയാണ്
അജ്ഞത തന്നുടേയമർച്ചയാണ്
മാതൃഭാഷാപഠിക്കായ്മ വിളർച്ചയാണ്
സന്തുഷ്ട ജീവിതത്തിന്റെ തളർച്ചയാണ്.

അന്യഭാഷകളും പരിഭാഷയും
നൽമാതൃഭാഷതൻ കവർച്ചയാണ്
ഞാനെന്നും വണങ്ങും പെറ്റമ്മയാണീ

മലയാളമെന്നുള്ളെൻ മാതൃഭാഷ.

www.DesktopBackground.org

കേരളത്തിലെ കലകൾ

ധനുഷ്

കഥകളി

കേരളത്തിന്റെ തനതായ ദൃശ്യകലാരൂപമാണ് കഥകളി. രാമനാട്ടം എന്ന കല പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിയിലെ വേഷങ്ങൾ പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക്

എന്നിവയാണ്.ശാസ്ത്രക്കളി, ചാക്യാർകൂത്ത്,കൂടിയാട്ടം,കൃഷ്ണനാട്ടം,അഷ്ടപതിയാട്ടം, തെരുക്കൂത്ത്, തെയ്യം, തിറയാട്ടം, പടയണി തുടങ്ങിയ ക്ലാസ്സിക്കൽ - നാടൻ കലാരൂപങ്ങളുടെ അംശങ്ങൾ കഥകളിയിൽ ദൃശ്യമാണ്. 17, 18 നൂറ്റാണ്ടുകളിലായി വികസിതമായ ഈ കലാരൂപം വരേണ്യ വിഭാഗങ്ങൾക്കിടയിൽ മാത്രം ഒതുങ്ങിനിന്നിരുന്നുവെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോൾ അടക്കമുള്ള ഉത്പതിഷ്ണുക്കളുടെ ശ്രമഫലമായി ഇന്ന് ലോക പ്രസിദ്ധി കൈവരിച്ചിരിക്കുന്നു.

ഓട്ടൻതുള്ളൽ

കുഞ്ചൻനമ്പ്യാർ ഉണ്ടാക്കിയ കലയാണ് ഓട്ടൻതുള്ളൽ.ഒരു ക്ഷേത്രകലയായി ഇത് പിന്നീട് കേരളമാകെ പ്രചരിച്ചു.നമ്പ്യാർ സമുദായത്തിൻെറ പാരമ്പര്യകലയായി ഇതു വളർന്നു.ലളിതമായ കലയായതിനാൽ ഓട്ടൻതുള്ളൽ സാധാരണക്കാർക്കു പോലും മനസ്സിലാകും.ഒരു തുള്ളൽക്കാരനും രണ്ടു വാദ്യക്കാരുമാണ് സാധാരണ ഈ കല അവതരിപ്പിക്കുന്നത്.

ചാക്യാർകൂത്ത്

ക്ഷേത്രങ്ങളിലെ കൂത്തമ്പലങ്ങളിൽ നടന്നിരുന്ന ഹാസ്യ പ്രധാനമായ കലയാണ് ചാക്യാർകൂത്ത്.അമ്പലവാസി സമുദായമായ ചാക്യാർമാരാണ് ഈ കല അവതരിപ്പിച്ചിരുന്നത്.സംസ്കൃതശ്ലോകങ്ങളും ഗദ്യഭാഗങ്ങളും ചൊല്ലി അതിനെ തമാശ കലർത്തി ലളിതമായി വിവരിക്കുന്നതാണ് കൂത്തിൻെറ രീതി.ഈ കലയിൽ ഉപയോഗിക്കുന്ന ഒരേയൊരു വാദ്യം മിഴാവാണ്.

അപർണ്ണ

പറക്കൽ ചരിത്രത്തിലെ നാൾവഴികൾ

ബി.സി 1000 മുതൽ എ.ഡി 2000 വരെയുള്ള അകാശയാത്ര ചരിത്രത്തിലെ നാഴികക്കല്ലുകൾ

1 ബി.സി 1000 : ചൈനയിൽ പട്ടം കണ്ടുപിടിച്ചു.

2 എ.ഡി 1250 : റോജർ ബേക്കൺ എന്ന ഇംഗ്ലീഷുകാരൻ യന്ത്രവിമാനത്തെക്കുറിച്ച് എഴുതി.

3 1485-1500 : ലിയോനാർഡോ ഡാവിഞ്ചി പറക്കും യന്ത്രങ്ങളുടെയും പാരച്യൂട്ടുകളുടെയും ചിത്രം വരച്ചു.

4 1797 : ആൻഡ്രെ ജാക്വസ് ഗാർനെറിൻ ബലൂണിൽ നിന്നും പാരച്യൂട്ട് ഉപയോഗിച്ച് താഴെയിറങ്ങുന്ന ആദ്യ വ്യക്തിയായി.

5 1804 : സർ ജോർജ്ജ് കെയ്ലി ചിറകുള്ള ആദ്യത്തെ വിമാനം നിർമ്മിച്ചു.

6 1896 : സാമുവൽ ലാങ്ലി ആവികൊണ്ട് പ്രവർത്തിക്കുന്ന വിമാനത്തിന് രൂപം നൽകി.

7 1901 : ലാങ്ലി പെട്രോൾകൊണ്ട് പ്രവർത്തിക്കുന്ന വിമാനം നിർമ്മിച്ചു.

8 1903 : വടക്കൻ കരോലിനയിലെ കിറ്റി ഹോക്കിൽ വച്ച് റൈറ്റ് സഹോദരൻമാർ മനുഷ്യനെ വഹിക്കുന്നതും നിയന്ത്രിക്കുന്നതുമായ വിമാനം വിജയകരമായി പരീക്ഷിച്ചു.

9 1910 : യൂജീൻ എലൈ ആദ്യമായി വിമാനത്തെ കപ്പലിൽനിന്ന് പറപ്പിക്കുകയും കപ്പലിൽ തിരിച്ചിറക്കുകയും ചെയ്തു.

10 1914 : ഒന്നാം ലോകമഹായുദ്ധകാലത്ത് കൂടുതൽ മികച്ച വിമാനങ്ങൾ ഉണ്ടായി. വിമാനങ്ങൾക്ക് സ്വയം നിയന്ത്രിക്കാൻ സാധിക്കുന്ന ഓട്ടോപൈലറ്റ് സംവിധാനം അവതരിപ്പിച്ചു.

11 1917 : പൂർണ്ണമായും ലോഹത്തിൽ തീർത്ത ആദ്യത്തെ വിമാനമായ ജങ്കേഴ്സ് ജെ 4 പ്രചാരത്തിലായി.

12 1918 : എയർ മെയിൽ ആരംഭിച്ചു.

13 1919 : കടലിന് കുറുകെ വിമാനങ്ങൾ പറത്താൻ തുടങ്ങി അമേരിക്കൻ നേവിയാണ് ഇതിന് തുടക്കം കുറിച്ചത്.

14 1919 : ഇംഗ്ലീഷ് ചാനലിന് കുറുകെ പാസഞ്ചർ സർവീസുകൾ അവതരിപ്പിച്ചു.

15 1925 : ഭാരം കുറഞ്ഞ, കൂടുതൽ കാര്യക്ഷമമായ എൻജിനുകൾ വിമാനങ്ങളെ കൂടുതൽ മികച്ചതും വേഗത ഉള്ളവും ആക്കി.

16 1927 : അറ്റ്ലാൻറിക്ക് സമുദ്രത്തിനു കുറുകെ ആദ്യമായി നിർത്താതെ ഒറ്റയ്ക്ക് വിമാനം പറത്തി ചാൾസ്ലിൻ സ്ബെർഗ് റെക്കോഡിട്ടു.

17 1939 : ആദ്യത്തെ സിംഗിൾ റോട്ടോർ ഹെലികോപ്റ്ററുകൾ ഉപയോഗത്തിലെത്തി.

18 1952 : ചെറിയ എൻജിനുകൾ ഉപയോഗിച്ച് വിമാനങ്ങൾ നിർമ്മിക്കാനുള്ള ഏരിയ റൂൾ യാഥാർഥ്യമായി.



19 1986 : വൊയേജർ തുടർച്ചയായി ഒൻപതു ദിവസംകൊണ്ട് ലോകം മുഴുവൻ വലംവെച്ചു.

20 1996-1998 : നാസയും അമേരിക്കയിലെയും റഷ്യയിലെയും വ്യോമയാന മേഖലയിലെ ഗവേഷകരും ചേർന്ന് രണ്ടാം തലമുറ സൂപ്പർ സോണിക് വിമാനങ്ങൾ നിർമ്മിക്കാനുള്ള ഗവേഷണങ്ങൾ ആരംഭിച്ചു.

ഗോവിന്ദ്.ജീ

കൈറ്റ്



കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ ഐ.ടി അധിഷ്ഠിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്ന സർക്കാർ കമ്പനിയാണ് കൈറ്റ് (പൂർണ്ണനാമം:കേരള ഇൻഫ്രാസ്ട്രക്ചർ ആൻഡ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ). പൊതുവിദ്യാഭ്യാസ വകുപ്പിനു കീഴിലെ ആദ്യത്തെ സർക്കാർ കമ്പനിയാണിത്.

പൊതുവിദ്യാഭ്യാസവകുപ്പിന്റെ ഭാഗമായ ഐ.ടി@സ്കൂൾ പ്രോജക്ട് ആണ് കൈറ്റ് ആയി മാറിയത്. അടിസ്ഥാന വികസന പ്രവർത്തനങ്ങൾകൂടി ലക്ഷ്യമിടുന്ന കൈറ്റിന്റെ പ്രവർത്തനമേഖല കമ്പനി രൂപീകരണത്തോടെ ഉന്നതവിദ്യാഭ്യാസ മേഖലയിലേക്കും വ്യാപിപ്പിച്ചു. നവകേരള മിഷൻ തുടങ്ങിയശേഷം രൂപീകൃതമാകുന്ന ആദ്യത്തെ പ്രത്യേക ഉദ്ദേശ്യ കമ്പനിയും 'കൈറ്റ്' ആണ്. ഒരു സെക്ഷൻ 8 കമ്പനിയായയാണ് കൈറ്റ് രജിസ്റ്റർ ചെയ്തിരിക്കുന്നത്. 2001 ലാണ് ഐടി@സ്കൂൾ പ്രോജക്ട് രൂപീകരിച്ചത്. 2005 ൽ പത്താംക്ളാസിൽ ഐടി പാഠ്യവിഷയമായതും എഡ്യൂസാറ്റ് സംവിധാനവും ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് നടപ്പാക്കിയതും ഐടി@സ്കൂളിനെ ശ്രദ്ധേയമാക്കി. 2008 എസ്എസ്എൽസി പരീക്ഷ പൂർണമായും

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

സ്വതന്ത്രസോഫ്റ്റ്‌വെയറിലേക്കുമാറി.

ഹൈടെക് സ്കൂൾ

നവകേരള മിഷന്റെ കീഴിലുള്ള പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതുവിദ്യാലയങ്ങളെ അന്തർദേശീയ നിലവാരത്തിലേക്കുയർത്തുന്നതിനായി 8 മുതൽ 12 വരെയുള്ള സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ ഏകദേശം 45000 ക്ലാസ്മുറികൾ ഹൈടെക് നിലവാരത്തിലെത്തിക്കുന്നതിനുള്ള പദ്ധതിയാണ് ഹൈടെക് സ്കൂൾ. ഈ പദ്ധതി വഴി സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിലെ ഓരോ ക്ലാസ്മുറിയിലും ഒരു ലാപ്ടോപ്പും മൾട്ടിമീഡിയ പ്രൊജക്ടറും വൈറ്റ് ബോർഡും ശബ്ദസംവിധാനവും വിതരണം ചെയ്യും. പ്രവർത്തനങ്ങളുടെ നിർവഹണങ്ങളുടെ ആദ്യഘട്ടം പൈലറ്റ് പദ്ധതിയായി 2016 സെപ്റ്റംബർ മുതൽ ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് നിയോജകമണ്ഡലങ്ങളിൽ നടത്തുകയുണ്ടായി. ഡിജിറ്റൽ ഇന്ററാക്ടീവ് പാഠപുസ്തകം, എല്ലാ വിഷയങ്ങളുടെയും പാഠ്യപഠനത്തിനു സഹായകമാകുന്ന ഡിജിറ്റൽ ഉള്ളടക്ക ശേഖരം, എല്ലാവർക്കും മുഴുവൻ സമയപഠനാന്തരീക്ഷം ഉറപ്പാക്കുന്ന സമഗ്രപോർട്ടൽ, ഇ ലേണിങ്/എം ലേണിങ്/ലേണിങ് മാനേജ്മെന്റ് സംവിധാനം, മൂല്യനിർണയ സംവിധാനങ്ങൾ തുടങ്ങിയവയും ഹൈടെക് സ്കൂളിന്റെ ഭാഗമായി നടപ്പിലാക്കുന്നവയാണ്.

ലിറ്റിൽ കൈറ്റ്സ്

കൈറ്റിന്റെ നേതൃത്വത്തിലുള്ള കേരളത്തിലെ പൊതുവിദ്യാലങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾ അംഗങ്ങളായുള്ള പദ്ധതിയാണ് ലിറ്റിൽ കൈറ്റ്സ് ഐ.ടി. ക്ലബ്ബുകൾ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അനിമേഷൻ, സൈബർ സുരക്ഷ, മലയാളം കമ്പ്യൂട്ടിങ്, ഹാർഡ്‌വെയറും ഇലക്ട്രോണിക്സും എന്നീ മേഖലകളിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകുന്നതിനായി ആരംഭിച്ച ഹായ് സ്കൂൾ കുട്ടിക്കൂട്ടം എന്ന പദ്ധതിയാണ് പിന്നീട് ലിറ്റിൽ കൈറ്റ്സ് ആയി മാറിയത്. സ്റ്റുഡന്റ് പോലീസ്

കേഡറ്റ് പദ്ധതിയുടെ മാതൃകയിലാണ് ഈ പദ്ധതി നടപ്പിലാക്കിയിരിക്കുന്നത്.

2018 ജനുവരി 22-ന് കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയൻ ലിറ്റിൽ കൈറ്റ്സിന്റെ സംസ്ഥാന തല ഉദ്ഘാടനം തിരുവനന്തപുരത്ത് നിർവ്വഹിച്ചു.

കൈറ്റ് ഓപ്പൺ ഓൺലൈൻ ലേണിങ്ങ് (KOOL)

കേരളത്തിലെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഓൺലൈനായി പരിശീലനം നൽകുക എന്ന ലക്ഷ്യത്തോടെ കൈറ്റ് ആരംഭിച്ച ഓൺലൈൻ പരിശീലന പോർട്ടലാണ് കൈറ്റ് ഓപ്പൺ ഓൺലൈൻ ലേണിങ്ങ് (KOOL). സഹായക ഫയലുകളുടെയും വീഡിയോ പഠന വിഭവങ്ങളുടെയും സഹായത്തോടെ നിശ്ചിത കാലയളവിലുള്ള കോഴ്സുകളാണ് പോർട്ടലിൽ നല്കിയിരിക്കുന്നത്. പ്രൊബേഷൻ പൂർത്തീകരിക്കേണ്ട അധ്യാപകർക്കുള്ള പരിശീലന പരിപാടിയാണ് ആദ്യ ഘട്ടത്തിൽ ആരംഭിക്കുന്നത്.

ജിഷ്ണു

ഗൂഗിൾ

ഇൻറർനെറ്റ് തിരച്ചിൽ, വെബ് അധിഷ്ഠിത സേവനം, വെബ്സൈറ്റ് പരസ്യം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന അമേരിക്കൻ കമ്പനിയാണ് **ഗൂഗിൾ** ലോകത്തിലെ ഏറ്റവും വിശാലമായ ഇന്റർനെറ്റ് തിരച്ചിൽ സംവിധാനമാണ് ഗൂഗിൾ. അറിവുകൾ ശേഖരിച്ച് സാർവ്വ ദേശീയമായി ലഭ്യമാക്കുക എന്നതാണ് ഗൂഗിളിന്റെ പ്രഖ്യാപിത ലക്ഷ്യം. വിവിധ തിരച്ചിൽ ഉപകരണങ്ങളിലൂടെ ഇരുപത് കോടിയിൽപ്പരം അന്വേഷണങ്ങളാണ് പ്രതിദിനം ഗൂഗിളിലെത്തുന്നത്. വെബ് സെർച്ച് എൻജിൻ മാത്രമായി തുടക്കം കുറിച്ച ഗൂഗിളിൽ ഇപ്പോൾ ചിത്രങ്ങൾ, വാർത്തകൾ, വീഡിയോ, മാപ്പുകൾ, ഓൺലൈൻ വ്യാപാരം, ഓൺലൈൻ സംവാദം എന്നിങ്ങനെ ഇന്റർനെറ്റിന്റെ സമസ്ത മേഖലകളിലും അനുബന്ധ സംവിധാനങ്ങളുണ്ട്. 2005 തുടക്കമായപ്പോഴേക്കും 800 കോടിയോളം വെബ് പേജുകളും നൂറുകോടിയോളം വെബ്ചിത്രങ്ങളും ഗൂഗിൾ തിരച്ചിലുകൾക്കായി ക്രമപ്പെടുത്തിയിരുന്നു

2015 ഓഗസ്റ്റ് 10 -ന് ഗൂഗിൾ പല കമ്പനികളായി വിഭജിച്ചു. അങ്ങനെ ആൽഫബെറ്റ് എന്ന് പേരിട്ട പുതിയ കമ്പനിയിലെ ഉപകമ്പനിയായി ഗൂഗിൾ.സുന്ദർ പിച്ചൈ ഗൂഗിളിന്റെ പുതിയ സിഇഒ ആയി നിയമിതനായി. മുൻ സിഇഒ ലാറി പേജ് മാതൃസ്ഥാപനമായ ആൽഫബെറ്റ് ഇൻകോർപ്പറേഷന് നേതൃത്വം നല്കും.



ചരിത്രം

സ്റ്റാൻഫോർഡ് സർവ്വകലാശാലയിലെ പി.എച്ച്.ഡി. വിദ്യാർത്ഥികളായിരുന്ന ലാറി പേജ്, സെർജി ബ്രിൻ എന്നിവരുടെ ഗവേഷണ വിഷയമെന്ന നിലയ്ക്കാണ് ഗൂഗിൾ ബീജാവാപം ചെയ്തത്. 1996 ജനവരിയിലായിരുന്നു ഇവർ ഗവേഷണത്തിനു തുടക്കമിട്ടത്. വെബ്സൈറ്റുകളുടെ സ്വഭാവത്തിനനുസരിച്ച് തിരയൽ ക്രമീകരിക്കാമോ എന്ന പരീക്ഷണമാണ് ഇവർ തുടക്കമിട്ടത്. അതുവരെ ഒരാൾ തിരയുന്ന പദം എത്ര തവണ പേജിലുണ്ട് എന്നു നോക്കുക മാത്രമായിരുന്നു വെബ്തിരയൽ സംവിധാനങ്ങളുടെ ശൈലി. പലപ്പോഴും പരസ്പര ബന്ധമില്ലാത്ത ഫലങ്ങൾ ഇത്തരം തിരയലുകൾ തരുമെന്നതിൽ സംശയമില്ല. തങ്ങളുടെ പുതിയ തിരച്ചിൽ സംവിധാനത്തിന് ബാക്ക് റബ് എന്ന പേരാണ് ലാറിയും സെർജിയും നൽകിയത്. ബാക്ക്ലിങ്കുകളിൽ നിന്നും സെർച്ച് ഫലങ്ങൾ കണ്ടെത്തിയിരുന്നതിനാലാണിത്.

പേരിനു പിന്നിൽ

അപ്രതീക്ഷിതമായ ഒരു അക്ഷരപ്പിശകിൽനിന്നും പിറവിയെടുത്തതാണ് ഗൂഗിൾ എന്ന പദം. ഒന്നിനു ശേഷം നൂറു പൂജ്യങ്ങൾ വരുന്ന സംഖ്യയെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ഗൂഗൾഎന്ന പദം സെർച്ച് എൻജിന്റെ പേരാക്കാനായിരുന്നു സ്ഥാപകരുടെ ലക്ഷ്യം. അമേരിക്കൻ ഗണിത ശാസ്ത്രജ്ഞനായ എഡ്വേഡ് കാസ്നറുടെ അനന്തരവൻ ഒൻപതു വയസുകാരൻ മിൽട്ടൺ സൈറോറ്റയാണ് 1938 ൽ

ആദ്യമായി ഗൂഗൾ എന്ന പദം ഉപയോഗിച്ചത്. ഗണിത ശാസ്ത്രജ്ഞരുടെ ഇടയിൽ പ്രചരിച്ചിരുന്ന ഈ പദം തന്നെ തങ്ങളുടെ സെർച്ച് എൻജിനു പേരായി നൽകാം എന്നായിരുന്നു ഗൂഗിളിന്റെ പിറവിക്കു പിന്നിൽ പ്രവർത്തിച്ചവരുടെ ചിന്ത. എണ്ണിയാലൊടുങ്ങാത്ത വിവരങ്ങൾ ഈ സെർച്ച് എൻജിനിൽ ലഭ്യമാകും എന്ന സന്ദേശമായിരുന്നു വിവക്ഷ. എന്നാൽ അവർ എഴുതിയത് അക്ഷരപ്പിശകോടെയായെന്നു മാത്രം. അങ്ങനെ ഗൂഗളിനു പകരം ഗൂഗിൾ ആയി മാറി.

ഹരി

ഇന്ത്യയിലെ വിനോദസഞ്ചാരം

തെക്കേ ഏഷ്യയിലെ ഒരു വലിയ രാഷ്ട്രമാണ് ഇന്ത്യ എന്ന ഭാരതം . ന്യൂ ഡെൽഹിയാണ് തലസ്ഥാനം . 1947 ഓഗസ്റ്റ് 15 ന ബ്രിട്ടീഷ് കൊളോണിയൽ ഭരണത്തിൽ നിന്ന് സ്വാതന്ത്ര്യം നേടി. ഇന്ത്യൻ ഭരണഘടന 22 ഭാഷകളെ ഔദ്യോഗിക ഭാഷകളായി അംഗീകരിച്ചിട്ടുണ്ട്. പാകിസ്ഥാൻ, ബംഗ്ലാദേശ്, ചൈന, നേപ്പാൾ മുതലായ രാജ്യങ്ങളാൽ ഇന്ത്യ ചുറ്റപ്പെട്ടു കിടക്കുന്നു.

സംസ്ഥാനങ്ങളിലെ വിനോദസഞ്ചാരം



1 ആന്ധ്രാപ്രദേശ്

2 ആസാം

3 ബീഹാർ

4 ഡെൽഹി

5 ഗോവ

6 ഹിമാചൽ പ്രദേശ്

7 ജമ്മു കാശ്മീർ

ആന്ധ്രാപ്രദേശ്

ജമ്മു കാശ്മീർ

അശ്വതി

പ്രജനനകാലമിതു മൈനപ്പെണ്ണേ...

പ്രണയകാലപ്പറവകൾ നാം മൈനകൾ
പ്രിയേ! യുഗാന്തരപ്രണയഭാജനങ്ങളും!
ഇണയായ നാം മണികണിയാണ പോലും
ഇണപിരിഞ്ഞെന്നാൽ ദുരന്തമത്രേ!
ഞെട്ടറ്റുപോയിതോ കൂട്ടമായ് മൈനകൾ
പാടിപ്പറന്നോരു സുവർണ്ണനാളുകൾ!
അന്യംനിന്നോമലേ കാവും കുളങ്ങളും
മന്വന്തരങ്ങളുംമെത്രമാറി?

തത്തകൾ കയ്യേറുമത്രയും പൊത്തുകൾ
തലയറ്റതെങ്ങുകൾ വിരളമത്രേ!
കണ്ടുവച്ചിട്ടുണ്ടുലയാത്ത തെങ്ങൊന്ന്
മണ്ടയിൽ നല്ലൊരു പൊത്തുമുണ്ടേ!
ഇത്തിരിച്ചുള്ളിയും വൈക്കോലുമുണ്ടെങ്കി-
ലൊത്തിടും മെത്തയാപ്പൊത്തിനുള്ളിൽ
പിന്നേ പ്രണയമായണ്ഡ നിക്ഷേപമാ-
യ ടയിരുന്നോമനക്കുഞ്ഞുങ്ങളൊത്തൊരു
ആകാശത്തോണി തുഴഞ്ഞുപോകാം!!!!....

ജെയ്സൻ

ഫേസ്ബുക്ക്

സ്വകാര്യ ഉടമസ്ഥതയിൽ ഉള്ള ഒരു സോഷ്യൽ നെറ്റ്‌വർക്കിംഗ് വെബ്സൈറ്റാണ് ഫേസ്ബുക്ക് 2004 ൽ ആരംഭിച്ച ഫേസ്ബുക്ക് 2015 ആഗസ്റ്റ് വരെയുള്ള കണക്കനുസരിച്ച 118 കോടി ഉപയോക്താക്കളുള്ള സൈറ്റാണ്. ഓരോ ഉപയോക്താവിനും ശരാശരി 130 സുഹൃത്തുക്കൾ വീതമുണ്ട്. ഫേസ്ബുക്കിന്റെ ഉപയോക്താക്കളിൽ 70 ശതമാനവും അമേരിക്കക്ക് പുറത്താണ്.ഹാർവാർഡ് സർവ്വകലാശാല വിദ്യാർത്ഥികൾ ആയ മാർക്ക് സക്കർബർഗും, ദസ്റ്റിൻ മോസ്കോവിത്സും, ക്രിസ് ഹ്യൂസും ചേർന്നാണ് ഈ വെബ്സൈറ്റ് ആരംഭിച്ചത്. ഇന്ന് ലോകത്തിലെ ഏറ്റവും വലിയ ധനികരിൽ ഒരാൾ കൂടിയാണ് മാർക്ക് സക്കർബർഗ്. ഫേസ്ബുക്കിന്റെ വളർച്ച അമ്പരപ്പിക്കുന്നതായിരുന്നു. ഇന്ന് ഫേസ്ബുക്കിന്റെ ചുവടു പിടിച്ച് ധാരാളം സോഷ്യൽ നെറ്റ്വർക്കിംഗ് സൈറ്റുകൾ ഉണ്ട്. ഗൂഗിളിന്റെ ഗൂഗിൾ പ്ലസ് ആണ് ഒരു ഉദാഹരണം.എങ്കിലും 2004- ൽ ആരംഭിച്ച ഫേസ്ബുക്ക് തന്നെയാണ് ഇന്ന് ലോകത്തിൽ ഒന്നാമത്.ട്വിറ്റർ ,ലിങ്ക്ഡ്ഇൻ എന്നിവ രണ്ടും മൂന്നും സ്ഥാനത്ത് നിലനിൽകുന്നു

ഇന്ത്യയിൽ

ഗൂഗിൾ കഴിഞ്ഞാൽ ലോകത്ത് ഏറ്റവും കൂടുതൽ ആൾക്കാർ ഉപയോഗിക്കുന്ന സൈറ്റ് ആണ് ഫേസ്ബുക്ക്. ഇന്ത്യയിൽ ഇതിന് *മൂന്നാം'* സ്ഥാനമാണുള്ളത്.ഇന്ത്യയിലെ സോഷ്യൽ നെറ്റ്വർക്കിംഗ് ഉപയോക്താക്കൾക്ക് സ്വന്തം ഭാഷയിൽ തന്നെ ആശയവിനിമയം നടത്താനുള്ള സംവിധാനവുമായാണ് ഫേസ് ബുക്ക് ഇന്ത്യയിൽ രംഗത്തെത്തിയിരിക്കുന്നത്. ഇന്ത്യൻ ഭാഷകളായ ഹിന്ദി, പഞ്ചാബി, ബംഗാളി, തെലുങ്ക്, തമിഴ്, മലയാളം തുടങ്ങിയ ഭാഷകളിലും ഫേസ്ബുക്കിൽ ആശയവിനിമയം നടത്താം.

മാർക്ക് സക്കർബർഗ്

ഒരു അമേരിക്കൻ കമ്പ്യൂട്ടർ വ്യവസായിയാണ് **മാർക്ക് ഏലിയറ്റ് സക്കർബർഗ്** . ഇപ്പോൾ ഫേസ്ബുക്ക് എന്ന സോഷ്യൽ നെറ്റ്വർക്കിംഗ് വെബ്സൈറ്റിന്റെ സി.ഇ. ഒ.ആണ് സക്കർബർഗ്.ഹാർവാഡിൽ പഠിക്കുന്ന സമയത്താണ് ആൻഡ്രൂ മക്കൊള്ളം, ഡസ്റ്റിൻ മൊസ്കോവിറ്റ്സ്, ക്രിസ് ഹഗ്ഹസ് എന്നിവരുമായി ചേർന്നാണ് സക്കർബർഗ് ഫേസ്ബുക്ക് എന്ന സോഷ്യൽ നെറ്റ്വർക്കിംഗ് വെബ്സൈറ്റ് തുടങ്ങിയത്.ഫേസ്ബുക്ക് സംഘം പിന്നീട് അവരുടെ സേവനം ദേശവ്യാപകമായി മറ്റു കാമ്പസുകളിലേക്കും വ്യാപിപ്പിച്ചു. ഫോർബ്സ് മാസികയുടെ കണക്കുകൾ പ്രകാരം സ്വപ്രയത്നത്തിലൂടെ കോടീശ്വരനായ ലോകത്തിലെ ഏറ്റവും പ്രായം കുറഞ്ഞ വ്യക്തിയാണ് സക്കർബർഗ്

അഭിഷേക്

ശാസ്ത്രീയ നാമങ്ങൾ

ഫലങ്ങൾ	ശാസ്ത്രനാമങ്ങൾ
ആപ്പിൾ	പൈറസ് മാലിസ്
വാഴപ്പഴം	മൂസ പാരാഡിസിക്കം
ഞാവൽപഴം	വാക്സിനിയം സയനോക്കോസ്
കാരറ്റ്	ഡുവാസ് കരോട്ട
കശുവണ്ടി	അനാകാര്ഡിയം ഓസിഡെൻഡെൽ

മൃഗങ്ങൾ	
ടൈഗർ	പാന്തറ ടൈഗ്രിസ്
സിംഹം	പാന്തറ ലിയോ
ആന	എലിഫസ് മാക്സിമസ്
പശു	ബോസ് ടോറസ്
പൂച്ച	ഫെലിസ് ഡൊമസ്ററിക്കസ്

പക്ഷികൾ	
മയിൽ	പാവോ ക്രിസ്റ്ററ്റസ്
കാക്ക	കോർവസ് സ്പ്ലെൻഡൻസ്
പ്രാവ്	കൊളംബ ലിവി
മൈന	ആസ്റ്റോതോറെസ് ടൈസിസ്
തത്ത	ഫെയ്റ്റോണൈടഡേ സൈട്ടികോഫോമസ്

അഭിരാമി

ഫ്ലിപ്കാർട്ട്

ബാംഗ്ലൂർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഇ ഷോപ്പിംഗ് രംഗത്തെ ഒരു പ്രമുഖ ഓൺലൈൻ റീട്ടെയിലറാണ് ഫ്ലിപ്കാർട്ട്. സച്ചിൻ ബെൻസാൽ, ബിന്നി ബെൻസാൽ എന്നിവർ ചേർന്ന് 2007-ലാണ് ഫ്ലിപ്പ്കാർട്ട് പ്രവർത്തനം ആരംഭിച്ചത്.

ചരിത്രം

ഡൽഹി ഐഐടി യിലെ സഹപാഠികളായ സച്ചിൻ ബെൻസാലും ബിന്നി ബൻസാലും ആമസോൺ ഡോട്ട് കോം എന്ന ഓൺലൈൻ വില്പനശാലയിൽ ജോലി ചെയ്യവേ ആണ് സമാനമായ ഒരു ഇന്ത്യൻ സംരംഭത്തെ പറ്റി ആലോചിക്കുന്നതും 2007 ൽ ഫ്ലിപ്പ്കാർട്ടിന് തുടക്കം കുറിക്കുന്നതും. വെബ് നിരീക്ഷകരായ അലക്സാ ഡോട്ട് കോമിന്റെ റാങ്കിംഗ് പ്രകാരം ഓൺലൈൻ ഷോപ്പിങ്ങിൽ ഏറ്റവും കൂടുതൽ സന്ദർശിക്കുന്ന രണ്ടാമത്തെ വെബ്സൈറ്റാണ് ഫ്ലിപ്കാർട്ട്. 4500 പേർ 27 നഗരങ്ങളിലെ ബാക്ക് ഓഫീസുകളിലായി പണിയെടുക്കുന്നുണ്ട്. പുസ്തകങ്ങളുടെ മാത്രം കണക്കെടുത്താൽ 1.15 കോടി ടൈറ്റിലുകൾ , 80 ലക്ഷം സന്ദർശകർ ദിനവും 30,000 വില്പനകൾ.

ലെറ്റ്സ്ബൈ ഏറ്റെടുക്കൽ

തങ്ങളുടെ പ്രധാന എതിരാളികളായിരുന്ന ലെറ്റ്സ്ബൈയെ ഫ്ലിപ്പ്ക്കാർട്ട് 2012 ഫെബ്രുവരിയിൽ ഏറ്റെടുത്തിരുന്നു. 100-125 കോടി രൂപയുടെ ഇടപാടായിരിക്കും ഇതെന്നാണ് കരുതപ്പെടുന്നത്. കൈമാറ്റ തുകയെ സംബന്ധിച്ച് ഇരുകമ്പനികളും വിശദീകരണമൊന്നും നൽകിയിട്ടില്ല. 350 ഓളം ജീവനക്കാരാണ് ലെറ്റ്സ്ബൈയിലുള്ളത്. ഇവർ തുടർന്നും കമ്പനിക്കു വേണ്ടി പ്രവർത്തിക്കും.

ശ്രീരാജ്

ബൈജൂസ് (ആപ്പ്)

ഇന്ത്യയിലെ വിദ്യാഭ്യാസ സംബന്ധിയായ മത്സരപരീക്ഷകൾക്ക് വേണ്ടി തയ്യാറെടുക്കുന്ന ഉദ്യോഗാർഥികൾക്ക് വേണ്ടിയുള്ള ഒരു മൊബൈൽ ആപ്ലിക്കേഷനാണ് ബൈജൂസ് ആപ്. ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഒരു സ്റ്റാർട്ട്അപ്പ് സംരംഭമാണ് ബൈജൂസ്. പ്രധാനമായും 4 മുതൽ 12 വരെ ക്ലാസിൽ പഠിക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള കോഴ്സുകൾ ഓൺലൈൻ ആയി പഠിപ്പിക്കുന്ന ഒരു മൊബൈൽ ആപ്പ് ആണ് ഇത്. ഫേസ്ബുക്ക് സി ഈ ഓ ആയ മാർക്ക് സുക്കർബർഗിന്റെ മകളുടെ പേരിലുള്ള ചാരിറ്റിയായ ചാൻസ് സുക്കർബർഗ് ഫൗണ്ടേഷൻ ഈ സംരംഭത്തിലേക്ക് പണം നിക്ഷേപിച്ചിട്ടുണ്ട്. കണ്ണൂർ സ്വദേശിയായ ബൈജു രവീന്ദ്രനാണ് ഈ ആപ്പിന്റെ സ്ഥാപകൻ.

നൗഫൽ

കുമാരനാശാൻ

മലയാളകവിതയുടെ കാല്പനിക വസന്തത്തിനു തുടക്കം കുറിച്ച കവിയാണ്

എൻ. കുമാരനാശാൻ (ഏപ്രിൽ 12, 1873 - ജനുവരി 16, 1924). ആശാന്റെ കൃതികൾ കേരളീയ സാമൂഹികജീവിതത്തിൽ വമ്പിച്ച പരിവർത്തനങ്ങൾ വരുത്തുവാൻ സഹായകമായി. ആധുനിക കവിത്രയത്തിലൊരാളുമാണ് കുമാരനാശാൻ. ആശയ ഗംഭീരൻ, സ്നേഹ ഗായകൻ എന്നിവ അദ്ദേഹത്തിന്റെ വിശേഷണങ്ങളാണ്.



ജനനം, ബാല്യം

1873 ഏപ്രിൽ 12-ന് ചിറയിൻകീഴ് താലൂക്കിൽ അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തിൽ കായിക്കര ഗ്രാമത്തിലെ തൊമ്മൻവിളാകം വീട്ടിലാണ് ആശാൻ ജനിച്ചത്. അച്ഛൻ നാരായണൻ പെരുങ്ങാടി മലയാളത്തിലും തമിഴിലും നിപുണനായിരുന്നു.അദ്ദേഹം ഈഴവസമുദായത്തിലെ ഒരു പ്രമുഖനായിരുന്നു. പ്രധാന തൊഴിൽ കച്ചവടമായിരുന്നുവെങ്കിലും അദ്ദേഹം നാട്ടുകാര്യങ്ങളിലും ശ്രദ്ധ പതിപ്പിക്കുകയും മലയാളത്തിൽ

കീർത്തനങ്ങൾ രചിക്കുകയും അവ മനോഹരമായി ആലപിക്കുകയും ചെയ്യുമായിരുന്നു. അമ്മ കാളിയമ്മ തികഞ്ഞൊരു ഈശ്വരഭക്തയായ കുടുംബിനിയായിരുന്നു. പുരാണേതിഹാസങ്ങളിലൊക്കെ അവർക്ക് തികഞ്ഞ അവഗാഹമുണ്ടായിരുന്നു. ചെറുപ്പത്തിൽ വല്ലാത്ത കുസൃതിയായിരുന്നു കുമാരു. കുമാരുവിനെ അടക്കി നിർത്താൻ അമ്മയുടെ പൊടിക്കൈയായിരുന്നു പുരാണകഥ പറയൽ. അച്ഛൻ ആലപിക്കുന്ന കീർത്തനങ്ങൾ കേട്ട് കുമാരു ലയിച്ചിരിക്കുമായിരുന്നു. അച്ഛനെ പോലെ വലുതാകുമ്പോൾ താനും കവിതകൾ എഴുതുമെന്ന് കൊച്ചു കുമാരു പറയുമായിരുന്നു. ഒമ്പതു മക്കളുള്ള കുടുംബത്തിലെ രണ്ടാമത്തെ മകനായിരുന്നു കുമാരൻ. കുമാരുവിനു കഥകളിയിലും ശാസ്ത്രീയ സംഗീതത്തിലും ഉള്ള താല്പര്യം അച്ഛനിൽ നിന്നു ലഭിച്ചതാണ്. കുമാരുവിനു ബാല്യകാലത്ത് പലവിധ അസുഖങ്ങൾ വന്ന് കിടപ്പിലാവുക പതിവായിരുന്നു. അങ്ങനെ ഇരിക്കെ കുമാരന്റെ പതിനെട്ടാമത്തെ വയസ്സിൽ അസുഖം ബാധിച്ച് കിടപ്പിലായിരുന്ന അവസരത്തിൽ , കുമാരുവിന്റെ അച്ഛന്റെ ക്ഷണപ്രകാരം, ശ്രീനാരായണഗുരു വീട്ടിൽ വരുകയും കുമാരുവിനെ കൂട്ടികൊണ്ട് പോവുകയും ചെയ്തു. ഗോവിന്ദൻ ആശാന്റെ കീഴിൽ യോഗയും താന്ത്രികവും ആഭ്യസിച്ച് വക്കത്തുള്ള ഒരു മുരുകൻ ക്ഷേത്രത്തിൽ കഴിയുമ്പോൾ കുമാരുവിനു കവിത എഴുത്ത് ഒരു കമ്പം ആയി രൂപപ്പെട്ടിരുന്നു.

സയ്ദ

വിക്കിപീഡിയ

എല്ലാ ഭാഷകളിലും സ്വതന്ത്രവും സമ്പൂർണവുമായ വിജ്ഞാനകോശം നിർമ്മിക്കുവാനുള്ള ഒരു കൂട്ടായ സംരംഭമാണ് **വിക്കിപീഡിയ** . ലാഭേച്ഛയില്ലാതെ പ്രവർത്തിക്കുന്ന വിക്കിമീഡിയ ഫൗണ്ടേഷന്റെ പിന്തുണയോടെയാണ് ഈ പദ്ധതി പ്രവർത്തിക്കുന്നത്. വിക്കിപീഡിയയിലെ ഉള്ളടക്കം ഗ്നു സ്വതന്ത്ര പ്രസിദ്ധീകരണാനുമതി പ്രകാരം ലഭ്യമായതിനാൽ എപ്പോഴും സ്വതന്ത്രവും സൗജന്യവും ആയിരിക്കും. എങ്കിലും ചില പതിപ്പുകളിൽ സ്വതന്ത്രമല്ലാത്ത ഉള്ളടക്കവും നിലവിലുണ്ട്. വിക്കിപീഡിയ എന്ന പേര്, *വിക്കി, എൻസൈക്ലോപീഡിയ* എന്നീ പദങ്ങളുടെ ഒരു മിശ്രശബ്ദമാണ്.

ലോകം മുഴുവനും വ്യാപിച്ചു കിടക്കുന്ന സന്നദ്ധ സേവന തൽപരരായ ഉപയോക്താക്കൾ സഹകരണത്തോടെ പ്രവർത്തിച്ചാണ് വിക്കിപീഡിയയിൽ ലേഖനങ്ങൾ എഴുതുന്നത്. ലേഖനം എഴുതുവാനും, മിക്കവാറും എല്ലാ ലേഖനങ്ങളും തിരുത്തി എഴുതുവാനും ഏവർക്കും സ്വാതന്ത്ര്യവും സൗകര്യവും വിക്കിപീഡിയ അനുവദിക്കുന്നുണ്ട്.

ജിമ്മി വെയിൽസ്, ലാറി സാങർ എന്നിവർ 2001 ജനുവരി 15 നാണ് വിക്കിപീഡിയ പദ്ധതിക്ക് തുടക്കംകുറിച്ചത്. വിദഗ്ദ്ധന്മാർ ലേഖനങ്ങളെഴുതിയ നുപീഡിയ എന്ന വെബ് വിജ്ഞാനകോശത്തിന്റെ പൂരകസംവിധാനമായാണ് വിക്കിപീഡിയ ആരംഭിച്ചത്. ജനകീയ പങ്കാളിത്തത്തിലൂടെ മാതൃവെബ്സൈറ്റിനെക്കാൾ പ്രശസ്തി കൈവരിക്കാൻ വിക്കിപീഡിയയ്ക്ക് സാധിച്ചു. ഇന്ന് ഇന്റർനെറ്റിൽ ഏറ്റവും പ്രശസ്തമായ പൊതു-അവലംബ ഉദ്യമമായി വിക്കിപീഡിയ കണക്കാക്കപ്പെടുന്നു.വിക്കിസോഫ്റ്റ്‌വെയർ എന്ന സംവിധാനമാണ് ഈ സ്വതന്ത്രവിജ്ഞാനകോശത്തിന്റെ അടിസ്ഥാനം.

292 ഭാഷകളിൽ വിക്കിപീഡിയയുടെ പതിപ്പുകളുണ്ട്. **5,141,684** ൽ അധികം ലേഖനങ്ങളുള്ള ഇംഗ്ലീഷ് പതിപ്പാണ് ഈ സംരംഭത്തിന്റെ പതാകവാഹക. മലയാളമടക്കം 20 ഇന്ത്യൻഭാഷകളിലും വിക്കിപീഡിയ പ്രവർത്തിക്കുന്നു.

വിക്കിപീഡിയ എന്തൊക്കെയാണ് /എന്തൊക്കെയല്ല

വിക്കിപീഡിയ ഒരു ഓൺലൈൻ വിജ്ഞാനകോശമാണ്. അറിവു പങ്കു വെയ്ക്കാനും, ഉയർന്ന ഗുണമേന്മയുള്ള വിജ്ഞാനകോശം സൃഷ്ടിക്കണമെന്ന് ആഗ്രഹിക്കുകയും, പരസ്പരബഹുമാനവും, വിജ്ഞാനതൃഷ്ണയുമുള്ള ഓൺലൈൻ സമൂഹമാണ് വിക്കിപീഡിയയുടെ ശക്തി. അതുകൊണ്ടൊക്കെ തന്നെ വിക്കിപീഡിയ ചിലമേഖലകളെ പ്രതിനിധാനം ചെയ്യുന്നില്ല.

1. വിക്കിപീഡിയ കടലാസ് വിജ്ഞാനകോശമല്ല. അതു കൊണ്ടു തന്നെ ഒരു കടലാസ് വിജ്ഞാനകോശം പോലെ ഇതിനു പതിപ്പുകളോ ഒന്നുമില്ല.
2. ഓൺലൈൻ വിജ്ഞാനകോശം ആയതുകൊണ്ട് തന്നെ വിക്കിപീഡിയയിൽ വിഷയങ്ങളുടെ എണ്ണത്തിൽ ഒരിക്കലും അവസാനം ഉണ്ടാവാൻ പാടില്ല. ഒരു ലേഖനത്തിന്റെ വലിപ്പം വളരെയധികം ആവുകയാണെങ്കിൽ ആ ലേഖനം വിഷയാധിഷ്ഠിതമായി വിഭജിക്കേണ്ടിവരും. ഒരു ലേഖനം

കാരണങ്ങളില്ലാതെ വിഭജിക്കാമെന്ന് ഇതുകൊണ്ട് അർത്ഥമാക്കേണ്ടതില്ല.

3. വിവരങ്ങൾ ആയി എന്നതുകൊണ്ടുമാത്രം വിക്കിപീഡിയ ചില കാര്യങ്ങൾ പ്രസിദ്ധീകരിക്കില്ല. 100% ശരിയായ കാര്യങ്ങൾ എന്നതിലുപരി വിജ്ഞാനകോശസ്വഭാവമുള്ള കാര്യങ്ങളാണ് വിക്കിപീഡിയക്കനുയോജ്യം.
4. വിക്കിപീഡിയ ചിലപ്പോൾ ചില വായനക്കാർക്ക് ആക്ഷേപകരമോ വ്രണപ്പെടുത്തുന്നതോ ആയ കാര്യങ്ങൾ ഉൾക്കൊള്ളാനിടയുണ്ട്. വിക്കിപീഡിയ ആർക്കുവേണമെങ്കിലും തിരുത്തുവാൻ പാകത്തിൽ സ്വതന്ത്രമായതുകൊണ്ട് ഒരു ലേഖനത്തിന്റെയും ഉള്ളടക്കത്തെ കുറിച്ച് ഉറപ്പു പറയാൻ വിക്കിപീഡിയക്കാവില്ല.
5. വിക്കിപീഡിയ സ്വതന്ത്രവും ഏവർക്കുമായി തുറന്നിട്ടിട്ടുള്ളതുമാണ്. എന്നാൽ അതിന്റെ ഘടന സ്വതന്ത്രവും സരളവുമായ വിജ്ഞാനകോശം എന്ന നിലയിലുള്ളതാണ്.
6. വിക്കിപീഡിയയിലെ വിവരങ്ങൾ ഗ്നു ഫ്രീ ഡോക്യുമെന്റേഷൻ അനുമതി അനുസരിച്ച് എവിടേയും സ്വതന്ത്രമായി ഉപയോഗിക്കാം. വിവരങ്ങൾ ആർക്കും സ്വന്തമല്ല എന്ന ആശയത്തിലാണ് വിക്കിപീഡിയ പടുത്തുയർത്തിയിരിക്കുന്നതു തന്നെ. വിക്കിപീഡിയയിൽ വിവരങ്ങൾ ആയുള്ള എന്തു തന്നെയും ചേർക്കാം. അതുകൊണ്ട് വിക്കിപീഡിയയിലെ വിവരങ്ങൾക്ക് പരിധിയില്ല.
7. അതുപോലെ തന്നെ ഒരു ലേഖനം അനേകർ തിരുത്തുന്നതുമൂലം ഗുണനിലവാരത്തിൽ ഉറപ്പു പറയാൻ വിക്കിപീഡിയക്കാവില്ല.ലേഖനം നശിപ്പിക്കാനുള്ള ശ്രമങ്ങൾ നടക്കാറുണ്ടെങ്കിലും അത് വളരെ പെട്ടെന്ന തന്നെ ശരിയാക്കാറുമുണ്ട്.
8. വിക്കിപീഡിയയിൽ തിരുത്തുന്നതുമൂലം ലേഖകർക്ക് അവരുടെ അറിവു വർദ്ധിക്കും എന്നതൊഴിച്ച് വേറെ എന്തെങ്കിലും ഗുണമുണ്ടാകാനിടയില്ല. ബ്ലോഗുകളെ പോലെയോ, പത്രങ്ങളിൽ ലേഖനമെഴുതുന്നതു പോലെയോ വിക്കിപീഡിയയിൽ ലേഖനമെഴുതാറില്ല.

ആകാശ്

സ്റ്റാച്യൂ ഓഫ് യൂണിറ്റി

ഗുജറാത്തിൽ സ്ഥിതിചെയ്യുന്ന സർദാർ വല്ലഭായ് പട്ടേലിന്റെ സ്മാരക പ്രതിമയാണ് **സ്റ്റാച്യൂ ഓഫ് യൂണിറ്റി.** ലോകത്തിലെ ഏറ്റവും ഉയരമേറിയ പ്രതിമ ഇതോടെ ഇന്ത്യയുടെ ഉരുക്കുമനുഷ്യൻ സർദാർ വല്ലഭായ് പട്ടേലിൻറേതായി

. സ്റ്റാച്യൂ ഓഫ് യൂണിറ്റി എന്ന് വിശേഷിപ്പിക്കുന്ന പട്ടേൽ പ്രതിമ പ്രധാനമന്ത്രി നരേന്ദ്രമോദി 2018 ഒക്ടോബർ 31 ന രാജ്യത്തിനായി സമർപ്പിച്ചു. ഇതോടെ ലോകത്തിലെ ഏറ്റവും വലിയ പ്രതിമയായ ചൈനയിലെ സ്പ്രിംഗ് ടെംപിൾ ബുദ്ധയെ പട്ടേൽ പ്രതിമ പിന്നിലാക്കി. ഗുജറാത്തിലെ സർദാർ സരോവർ അണക്കെട്ടിലെ ജലാശയമധ്യത്തിലായുള്ള സാധു ബെറ്റ് എന്ന ദ്വീപിലാണ് ഇതിന്റെ സ്ഥാനം.സർദാർ സരോവർ ഡാമിൽനിന്ന് 3.321 കിലോമീറ്റർ അകലെയാണ് ഇത് സ്ഥിതി ചെയ്യുന്നത്.597 അടി ഉയരത്തിലാണ് പട്ടേൽ പ്രതിമ നിർമ്മിച്ചിരിക്കുന്നത്. 128 മീറ്ററാണ് 2008 ൽ പൂർത്തിയാക്കിയ സ്പ്രിംഗ് ടെംബിൾ ബുദ്ധയുടെ ഉയരം. ന്യൂയോർക്കിലെ സ്റ്റാച്യൂ ഓഫ് ലിബർട്ടിയുടെ ഇരട്ടി ഉയരവും സർദാർ പട്ടേലിൻറെ പ്രതിമയുടെ സവിശേഷതയാണ്. 93 മീറ്ററാണ് സ്റ്റാച്യൂ ഓഫ് ലിബർട്ടിയുടെ ഉയരം . എന്നാൽ മുംബൈയിൽ സ്ഥാപിക്കാനിരിക്കുന്ന ഛത്രപതി ശിവജി പ്രതിമയ്ക്ക് പട്ടേൽ പ്രതിമയേക്കാൾ ഉയരമുണ്ടാകുമെന്നാണ് സൂചന. 212 മീറ്റർ ഉയരമുള്ള പ്രതിമ 2021 ഓടെ പൂർത്തിയാകുമെന്നാണ് കരുതുന്നത്. കുതിരപ്പുറത്ത് വാളുമേന്തിയിരിക്കുന്ന തരത്തിലുള്ള ശിവജിയുടെ പ്രതിമയാകും മുംബൈയിലെ കടത്തീരത്ത് സ്ഥാപിക്കുക. പരിസ്ഥിതി പ്രവർത്തകരുടെ എതിർപ്പും മത്സ്യ ബന്ധനത്തിന് തടസ്സമാകുമെന്ന വിലയിരുത്തലും കാരണം ശിവജി പ്രതിമയുടെ നിർമ്മാണം വൈകുകയാണ്.

നിർമ്മാണം

2010 ഒക്ടോബർ 7 നാണ് ഈ പദ്ധതി ആദ്യമായി പ്രഖ്യാപിച്ചത്. താഴെനിന്നും ഈ പ്രതിമയുടെ ആകെ ഉയരം 240 മീറ്റർ ആണ്. ഇതിൽ 182 മീറ്ററാണ് പട്ടേൽ ശില്പത്തിന്റെ ഉയരം. ഉരുക്കുകൊണ്ടുള്ള ഘടനയിൽ പ്രബലിത സിമറ്റ് കോൺക്രീറ്റ് ഉപയോഗിച്ചാണ് പ്രതിമ നിർമ്മിക്കുന്നത്. പുറമെ വെങ്കലംകൊണ്ട് പൊതിഞ്ഞിരിക്കും. നാല് വർഷങ്ങൾ കൊണ്ടാണ് ഈ ഭീമാകാര ശില്പത്തിന്റെ നിർമ്മാണം പൂർത്തീകരിച്ചത് . 2989 കോടി ഇന്ത്യൻ രൂപയാണ്.ഈ പദ്ധതിയ്ക്കായി വന്ന ചിലവ്. പൊതു-സ്വകാര്യ പങ്കാളിത്തത്തിലൂടെയാണ് ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നത്. 2012-13 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റിൽ ഗുജറാത്ത് സർക്കാർ ഇതിനായി 100 കോടിരൂപ അനുവദിച്ചിരുന്നു. ശില്പത്തിന്റെ രൂപകല്പന നിർവ്വഹിച്ചത് പ്രമുഖ ശില്പി റാം വി സുതർ ആണ് .സർദാർ സരോവർ നർമ്മദാ നിഗം ലിമിറ്റഡും ലാർസൻ ആൻഡ് ട്യൂബ്രോ നിർമ്മാണ കമ്പനിയും ചേർന്നാണ് നിർമ്മാണം പൂർത്തിയാക്കിയത്. 2013 ൽ ആരംഭിച്ച വെങ്കല പ്രതിമയുടെ നിർമ്മാണത്തിന് ചൈനയിൽനിന്ന് നൂറുകണക്കിന് വിദഗ്ധ തൊഴിലാളികളെയും അധികൃതർ എത്തിച്ചു. 33,000 ടൺ ഉരുക്ക് ഉപയോഗിച്ചാണ് ഈ ഭീമാകാര പ്രതിമ തീർത്തത് .

ഗോവിന്ദ്

കേരളത്തിലെ ആദ്യത്തെ ഗ്രന്ഥശാല

ചോദ്യം : കേരളത്തിലെ ആദ്യത്തെ ഗ്രന്ഥശാല?

ഉത്തരം : തിരുവനന്തപുരം പബ്ലിക് ലൈബ്രറി

ചോദ്യം : കേരളത്തിലെ ആദ്യത്തെ ലക്ഷണയുക്തമായ നോവൽ?

ഉത്തരം : ഇന്ദുലേഖ

ചോദ്യം : കേരളത്തിലെ ആദ്യത്തെ ഡീസൽ വൈദ്യുത പദ്ധതി?

ഉത്തരം : ബ്രഹ്മപുരം

ചോദ്യം : കേരളത്തിൽനിന്ന് ഇന്ത്യയുടെ കേന്ദ്രകാബിനറ്റിലെത്തിയ ആദ്യത്തെ മലയാളി?

ഉത്തരം : ഡോ. ജോൺ മത്തായി

ചോദ്യം : കേരളത്തിലെ ആദ്യത്തെ മലയാളി കർദ്ദിനാൾ?

ഉത്തരം : കർദ്ദിനാൾ ജോസഫ് പറേക്കാട്ടിൽ

ചോദ്യം : കേരളത്തിലെ ആദ്യ വനിതാ മന്ത്രി?

ഉത്തരം : കെ. ആർ. ഗൗരിയമ്മ

ചോദ്യം : കേരളത്തിലെ ആദ്യത്തെ ഗവർണ്ണർ?

ഉത്തരം : ഡോ. ബി. രാമകൃഷ്ണറാവു

ചോദ്യം : കേരളത്തിലെ ആദ്യത്തെ പ്രസ്സ്?

ഉത്തരം : ജസ്യൂട്ട് പ്രസ്സ്

ചോദ്യം : കേരളത്തിലെ ആദ്യ പേപ്പർ മിൽ?

ഉത്തരം : പുനലൂർ പേപ്പർ മിൽ.

ആമിന

ആൻഡ്രോയ്ഡ്

സ്മാർട്ട് ഫോൺ, ടാബ്‌ലറ്റ് കമ്പ്യൂട്ടറുകൾ എന്നിങ്ങനെയുള്ള മൊബൈൽ ഉപകരണങ്ങൾക്കായി നിർമ്മിച്ച ഒരു ഓപ്പറേറ്റിംഗ് സിസ്റ്റം ആണ് **ആൻഡ്രോയ്ഡ്.** ഗൂഗിൾ നേതൃത്വം നൽകുന്ന ഓപ്പൺ ഹാൻഡ്സെറ്റ് അലയൻസ് എന്ന കൂട്ടായ്മയാണ് ഇത് നിർമ്മിക്കുന്നത്.

ആൻഡ്രോയ്ഡ് ആദ്യം നിർമ്മിച്ചിരുന്ന ആൻഡ്രോയ്ഡ് ഇൻകോർപ്പറേഷൻ എന്ന കമ്പനിയെ ഗൂഗിൾ 2005-ൽ ഏറ്റെടുത്തു. തുടർന്ന് 2005 നവംബർ 5-ന് ആൻഡ്രോയ്ഡ് പുറത്തിറക്കുന്നതിനൊപ്പം ഓപ്പൺ ഹാൻഡ്സെറ്റ് അലയൻസ് എന്ന 85 ഹാർഡ്‌വെയർ, സോഫ്റ്റ്‌വെയർ, ടെലികോം കമ്പനികളുടെ സഹകരണത്തോടെ മൊബൈൽ ഡിവൈസുകളുടെ ഓപ്പൺ സ്റ്റാൻഡേർഡിനായി പ്രവർത്തിക്കുന്ന ഒരു കൂട്ടായ്മ രൂപീകരിക്കുകയും ചെയ്തു . മിക്ക കോഡുകളും ഒരു ഓപ്പൺ സോഴ്സ് ലൈസൻസായ അപ്പാച്ചെ ലൈസൻസിൽ പുറത്തിറക്കിയിരിക്കുന്നആൻഡ്രോയ്ഡിന്റെ തുടർന്നുള്ള വികസന പ്രവർത്തനങ്ങൾക്കായി ആൻഡ്രോയ്ഡ് ഓപ്പൺ സോഴ്സ് പ്രൊജക്റ്റ് രൂപീകരിച്ചിട്ടുണ്ട്

പ്രധാനമായും ആൻഡ്രോയ്ഡിൽ ലിനക്സ് കെർണൽ അടിസ്ഥാനമാക്കിയുള്ള ഒരു കേർണലും, സി ഭാഷയിൽ എഴുതിയ മിഡിൽവെയർ, ലൈബ്രറി, എ.പി.ഐ. എന്നിവയും അപ്പാച്ചെ ഹാർമണി അടിസ്ഥാനമാക്കിയുള്ള ജാവ അധിഷ്ഠിതമായ ആപ്ലിക്കേഷൻ ഫ്രേംവർക്കും, ആപ്ലിക്കേഷൻ സോഫ്റ്റ്വെയറും ഉൾക്കൊള്ളുന്നു. ഡാൽവിക്ക് വിർച്വൽ മെഷീനും, ജാവ കോഡ് റൺ ചെയ്യുന്നതിനായി ജസ്റ്റ് ഇൻ ടൈം കമ്പൈലറും ഉപയോഗിക്കുന്നു. ആൻഡ്രോയ്ഡിൽ ഉപയോഗിക്കാവുന്ന വിവിധതരത്തിലുള്ള നിരവധി ആപ്ലിക്കേഷനുകൾ ലഭ്യമാണ്. ആപ്ലിക്കേഷനുകൾ പ്രധാനമായും കസ്റ്റമൈസ്ഡ് ജാവയിലാണ് എഴുതിയിരിക്കുന്നത്. ഇത്തരത്തിലുള്ള രണ്ടര ലക്ഷത്തിലധികം ആപ്ലിക്കേഷനുകൾ ഇപ്പോൾ നിലവിലുണ്ട്. ആപ്ലിക്കേഷനുകൾ ഗൂഗിൾ പ്ലേ എന്ന ഗൂഗിളിന്റെ ആപ്ലിക്കേഷൻ മാർക്കറ്റിൽ നിന്നോ മറ്റു സൈറ്റുകളിൽ നിന്നോ ഡൗൺലോഡ് ചെയ്തെടുക്കാം.

#AndroidO

2010-ന്റെ അവസാന പാദത്തിൽ കാനലിസ് നടത്തിയ സർവ്വേയിൽ ലോകത്ത് ഏറ്റവുമധികം വിൽക്കപ്പെടുന്ന സ്മാർട്ട് ഫോൺ ഓപ്പറേറ്റിംഗ് സിസ്റ്റം ആയി ആൻഡ്രോയ്ഡ് തെരഞ്ഞെടുക്കപ്പെട്ടു. 2011-ലെ കണക്കുകൾ പ്രകാരം ഒരു ദിവസം 700,000 ആൻഡ്രോയ്ഡ് അധിഷ്ഠിത ഉപകരണങ്ങൾ പ്രവർത്തനക്ഷമമാക്കപ്പെടുന്നുണ്ട്.

ചരിത്രം

അമേരിക്കൻ ഐക്യനാടുകളിലെ പൗലോ ആൽടോയിൽ 2003 ഒക്ടോബറിലാണ് ആൻഡ്രോയ്ഡ് കോർപ്പറേഷൻ ആന്റി റൂബിൻ റിച്ച് മൈനർ നിക്ക് സിയേഴ്സ് ,ക്രിസ് വൈറ്റ് എന്നിവർ ചേർന്ന് സ്ഥാപിച്ചത്. റൂബിന്റെ വാക്കുകളിൽ "ഉപയോക്താവിന്റെ ശീലങ്ങളേയും ഇഷ്ടാനിഷ്ടങ്ങളേയും പറ്റി കൂടുതൽ അവബോധമുള്ള ഫോൺ" എന്നാൽ ആൻഡ്രോയ്ഡ് കോർപ്പറേഷന്റെ ആദ്യകാല പ്രവർത്തനങ്ങൾ വളരെ രഹസ്യമായിരുന്നു. തങ്ങൾ മൊബൈൽ ഫോൺ സോഫ്റ്റ്‌വെയർ നിർമ്മാണത്തിനായി പ്രവർത്തിക്കുന്നു എന്ന കാര്യം മാത്രമാണ് അവർ വെളിവാക്കിയിരുന്നത്.

ഗൂഗിളിന്റെ ഏറ്റെടുക്കൽ

2005 ആഗസ്റ്റിൽ ഗൂഗിൾ കോർപ്പറേഷൻ ആൻഡ്രോയ്ഡ് കോർപ്പറേഷനെ പൂർണ്ണമായും ഏറ്റെടുത്തു. ആന്റി റൂബിൻ, ക്രിസ് വൈറ്റ്, റിച്ച് മൈനർ എന്നിവർ ഏറ്റെടുക്കലിന് ശേഷവും കമ്പനിയുടെ തലപ്പത്ത് തന്നെ വിരാജിച്ചു.ഇക്കാലയളവിൽ ആൻഡ്രോയിഡിനെപ്പറ്റി അധികമാർക്കും അറിവില്ലായിരുന്നു. എന്നാൽ ഗൂഗിൾ ഈ പ്രവൃത്തിയിലൂടെ സ്മാർട്ട് ഫോൺ വിപണിയിലേക്ക് പ്രവേശിക്കുകയാണെന്ന കാര്യം വ്യക്തമായി.



ഏറ്റെടുക്കലിന് ശേഷമുള്ള വികസനം

ഗൂഗിളിൽ ആന്റി റൂബിനാൽ നയിക്കപ്പെട്ട സംഘം ലിനക്സ് കെർണൽ വ്യവസ്ഥയിലധിഷ്ഠിതമായി ഒരു മൊബൈൽ പശ്ചാത്തലം വികസിപ്പിച്ചു. ഗൂഗിൾ

ഇത് മൊബൈൽ നിർമ്മാതാക്കൾക്കും സംവാഹകർക്കുമായി പങ്ക് വെച്ചു. മെച്ചപ്പെടുത്താവുന്നതും അവശ്യത്തിനുതകും വിധം ലാളിത്യമുള്ളതുമാണ് ഇതെന്നായിരുന്നു ഗൂഗിളിന്റെ വാദം. ഗൂഗിൾ ഇതേത്തുടർന്ന് ഒട്ടനവധി ഹാർഡ്‌വെയർ - സോഫ്റ്റ്‌വെയർ നിർമ്മാതാക്കളുമായി വിവിധതരത്തിലുള്ള സഹകരണത്തിലേർപ്പെട്ടു.

പതിപ്പുകൾ

ബീറ്റ പതിപ്പ്

ആൻഡ്രോയ്ഡ് 1.0

ആൻഡ്രോയ്ഡ് 1.1

1.5 കപ്കേക്ക് (Cupcake)

1.6 ഡോനട്ട് (Donut)

2.0/2.1 എക്ലയർ (Eclair)

2.2.x ഫ്രോയോ (Froyo)

2.3.x ജിഞ്ചർബ്രെഡ് (Gingerbread)

3.x ഹണികോമ്പ് (Honeycomb)

4.0.x ഐസ്ക്രീം സാൻഡ്‌വിച്ച് (Ice Cream Sandwich)

4.1.x ജെല്ലി ബീൻ (Jelly Bean)

4.2.x ജെല്ലി ബീൻ (Jelly Bean)

4.3.x ജെല്ലി ബീൻ (Jelly Bean)

4.4.x കിറ്റ് കാറ്റ് (Kit Kat)

5.0.x ലോലിപോപ് (Lollipop)

6.0.x മാർഷ്മെലോ (Marshmallow)

ആൽവിൻ

സാഹിത്യ ക്വിസ്

1.നിഴലുറങ്ങുന്ന വഴികൾ എന്ന മലയാള നോവലിന്റെ രചയിതാവ് ?

പി. വത്സല

2.പി. വത്സലക്ക് കേരള സാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി ?

നിഴലുറങ്ങുന്ന വഴികൾ

3.കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് നേടിയ ആദ്യ യാത്രാവിവരണ ഗ്രന്ഥം ?

ഹൈമവത ഭൂവിൽ

4.ഹൈമവത ഭൂവിൽ – ന്റെ രചയിതാവ് ?

എം.പി വീരേന്ദ്രകുമാർ

5.കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് തുക എത്ര ?

ഒരു ലക്ഷം രൂപ

6.ആടുജീവിതം എന്ന മലയാള നോവലിന്റെ രചയിതാവ് ആര് ?

ബെന്യാമിൻ

7.ബെന്യാമിന്റെ യഥാർത്ഥ നാമം ?

ബെന്നി ഡാനിയേൽ

8.ബെന്യാമിൻ കേരള സാഹിത്യ അക്കാദമി പുരസ്കാരം നേടിയ വർഷം ?

2009

9 .ആവേ മരിയ എന്ന ചെറുകഥയുടെ രചയിതാവ് ?

കെ.ആർ മീര

10.ഹൃദയരാഗങ്ങളുടെ കവി എന്നറിയപ്പെടുന്ന കവി ?

ശ്രീകുമാരൻ തമ്പി

അനുകൃഷ്ണ

കമ്പ്യൂട്ടർ

വിവരങ്ങൾ സൂക്ഷിക്കുവാനും സംസ്കരിച്ചെടുക്കുവാനും വേണ്ടിയുള്ള ഒരു ഇലക്ട്രിക്ക് ഉപകരണമാണ് **കമ്പ്യൂട്ടർ** അഥവാ **സംഗണകം**. അഥവാ നിർദ്ദേശങ്ങളുടെ ഒരു സമാഹാരം മുഖേന വിവരങ്ങൾ നടപടിക്കു വിധേയമാക്കുന്ന ഒരു പ്രയോഗോപകരണം അല്ലെങ്കിൽ ഇലക്ട്രോണിക് ഉപകരണം ആണ്. വിധേയമാക്കേണ്ട വിവരങ്ങൾ സംഖ്യകൾ, എഴുത്ത്, ചിത്രങ്ങൾ, ശബ്ദം എന്നിങ്ങനെ പല തരത്തിലുള്ളതിനെ സൂചിപ്പിക്കാം. ലോകത്തിലെ ഏറ്റവും

വേഗതയും കാര്യക്ഷമതയുമുള്ള കമ്പ്യൂട്ടറുകളാണ് സൂപ്പർ കമ്പ്യൂട്ടറുകൾ. ഇവ പ്രധാനമായും നാസ, ഐഎസ്ആർഓ തുടങ്ങിയ സ്പേസ് സ്റ്റേഷനുകളിലാണ് ഉപയോഗിക്കുന്നത്. നാസയിലെ സൂപ്പർകമ്പ്യൂട്ടറിന്റെ പേര് കൊളമ്പിയ എന്നാണ്.

ചാൾസ് ബാബേജ് , ഇംഗ്ലീഷ് മെക്കാനിക്കൽ എൻജിനീയർ, പോളിമത്ത് എന്നിവ ഒരു പ്രോഗ്രാമബിൾ കംപ്യൂട്ടർ എന്ന ആശയം ഉരുത്തിരിഞ്ഞു. " കമ്പ്യൂട്ടറിന്റെ പിതാവ് " എന്ന് അദ്ദേഹം കരുതി പത്തൊൻപതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തന്നെ ആദ്യ മെക്കാനിക്കൽ കമ്പ്യൂട്ടറാണ് അദ്ദേഹം രൂപപ്പെടുത്തിയെടുത്തത്. നാവിഗേഷണൽ കണക്കുകൂട്ടലുകളിൽ സഹായിക്കാൻ രൂപകല്പന ചെയ്ത വിപ്ലവകരമായ വ്യതിയാന എഞ്ചിനാണ് , 1833-ൽ, ഒരു സാധാരണ രൂപകൽപന, ഒരു അനലിറ്റിക് എഞ്ചിൻ സാധ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കി. പ്രോഗ്രാമുകളും ഡാറ്റയും നൽകുന്നത് പഞ്ച്ഡ് കാർഡുകൾ വഴി മെഷീനിലേക്ക് നൽകേണ്ടതാണ്, ജാക്കാർഡ് മങ്ങൽ പോലുള്ള മെക്കാനിക്കൽ തട്ടുകളിൽ പ്രവർത്തിക്കാൻ ഉപയോഗിക്കുന്ന ഒരു രീതി. ഔട്ട്പുട്ടിനായി, മെഷീന് ഒരു പ്രിന്റർ, ഒരു കർവ് ബോർഡ്, ഒരു മണി ഉണ്ടായിരിക്കും. പിന്നീടത് വായിക്കാനായി കാർഡുകളിലേക്ക് നമ്പറുകൾ പഞ്ച് ചെയ്യാൻ കഴിയും. ടർക്കിങ് പൂർത്തീകരണം എന്ന ആധുനിക പദത്തിൽ വിവരിച്ച ഒരു സാമാന്യ ആപേക്ഷിക കമ്പ്യൂട്ടറിനുള്ള ആദ്യത്തെ ഡിസൈൻ, എഞ്ചിൻ ഒരു അരിത്മെറ്റിക് ലോജിക് യൂണിറ്റ് , കണ്ട്രോഡൽ ബ്രോക്കിംഗ് ആൻഡ്

ലൂപ്പുകളുടെ രൂപത്തിൽ നിയന്ത്രണ ഫ്ലോ , ഇന്റഗ്രേറ്റഡ് മെമ്മറി എന്നിവയിൽ ഉൾപ്പെടുത്തി.

മെഷീൻ അതിന്റെ സമയം ഒരു നൂറ്റാണ്ടിലേറെ ആയിരുന്നു. അവന്റെ മെഷിനുള്ള എല്ലാ ഭാഗങ്ങളും കൈകൊണ്ട് നിർമിക്കേണ്ടതുണ്ട് - ആയിരക്കണക്കിന് ഭാഗങ്ങളുള്ള ഉപകരണത്തിന് ഇത് ഒരു വലിയ പ്രശ്നമായിരുന്നു. ഒടുവിൽ, പദ്ധതി ബ്രിട്ടീഷ് സർക്കാർ നിറുത്തലാക്കാൻ തീരുമാനിച്ചതോടെ പിരിച്ചുവിട്ടു. ബാബേജ് അനാലിറ്റിക്കൽ എൻജിനീയറിൻറെ പൂർത്തീകരണം പരാജയപ്പെടുത്തുന്നതിനെ രാഷ്ട്രീയവും സാമ്പത്തികവും മാത്രമല്ല, കൂടുതൽ സങ്കീർണ്ണമായ കമ്പ്യൂട്ടർ വികസിപ്പിച്ചെടുക്കാനും മറ്റാരെങ്കിലും കഴിയുന്നതിനേക്കാൾ വേഗത്തിൽ മുന്നോട്ട് പോകാനുമുള്ള അദ്ദേഹത്തിന്റെ ആഗ്രഹവും മാത്രമല്ല പ്രയാസങ്ങൾ. എന്നിരുന്നാലും, മകനായിരുന്ന ഹെൻറി ബാബേജ്, 1888-ൽ വിശകലനത്തിന്റെ എഞ്ചിൻറെ കമ്പ്യൂട്ടിംഗ് യൂണിറ്റിലെ ലളിതമായ ഒരു പതിപ്പ് പൂർത്തിയാക്കി. 1906-ൽ ടേബിളുകൾ കംപ്യൂട്ടിംഗിൽ ഉപയോഗിച്ചുവെന്ന് അദ്ദേഹം വിശദീകരിച്ചു.

പ്രധാന ഇനം കമ്പ്യൂട്ടറുകൾ

- ഡെസ്ക്ക്ടോപ്പ് കമ്പ്യൂട്ടർ
- ലാപ്ടോപ്പ് കമ്പ്യൂട്ടർ
- പാംടോപ്പ് കമ്പ്യൂട്ടർ
- സെർവ്വർ കമ്പ്യൂട്ടർ
- സൂപ്പർ കമ്പ്യൂട്ടർ

അനുബന്ധ വിഷയങ്ങൾ

- ഇൻഫർമേഷൻ_ടെക്നോളജി
- ഓപറേറ്റിങ്ങ് സിസ്റ്റം
- കമ്പ്യൂട്ടറുകളുടെ ചരിത്രം
- കമ്പ്യൂട്ടറുകളുടെപ്രവർത്തനം
- കമ്പ്യൂട്ടർ പ്രോഗ്രാമിങ്ങ്
- കമ്പ്യൂട്ടർ നെറ്റ്വർക്
- കമ്പ്യൂട്ടർ സാക്ഷരത
- ഗ്രാഫിക് ഡിസൈൻ
- പെഴ്സണൽ കമ്പ്യൂട്ടർ

അനിരുദ്ധ്

മൈക്രോസോഫ്റ്റ്

ലോകത്തിലെ ഏറ്റവും മികച്ച വിവരസാങ്കേതികവിദ്യാകമ്പനികളിൽ ഒന്നും ഏറ്റവും വലിയ സോഫ്റ്റ്‌വേർ കമ്പനിയുമാണ് അമേരിക്കയിലെ റെഡ്മണ്ട് ആസ്ഥാനമായി പ്രവർത്തിക്കുന്ന

മൈക്രോസോഫ്റ്റ്.

ഓപ്പറേറ്റിങ് സിസ്റ്റം, ആപ്ലിക്കേഷൻ പ്രോഗ്രാമുകൾ, സുരക്ഷാ പ്രോഗ്രാമുകൾ, ഡാറ്റാബേസ്, കമ്പ്യൂട്ടർ ഗെയിംസ്, വിനോദ സോഫ്റ്റ്‌വെയറുകൾ, ഹാർഡ്‌വെയറുകൾ തുടങ്ങി കമ്പ്യൂട്ടർ വിപണിയുമായി ബന്ധപ്പെടുന്ന മിക്ക കാര്യങ്ങളിലും വ്യക്തിത്വം തെളിയിച്ച കമ്പനിയാണ് മൈക്രോസോഫ്റ്റ്. വിവരസാങ്കേതികവിദ്യയിൽ അധിഷ്ഠിതമായ ഗവേഷണം നടത്തുന്നതോടൊപ്പം ഒരു പിടി അംഗീകാരങ്ങളും മൈക്രോസോഫ്റ്റ് നൽകുന്നുണ്ട്. 102 രാജ്യങ്ങളിലായി 76000 ജീവനക്കാരുള്ള ഈ കമ്പനി ഒട്ടനവധി ഓൺലൈൻ സേവനങ്ങളും നൽകുന്നു. വിൻഡോസ് എന്ന ഓപ്പറേറ്റിങ് സിസ്റ്റമാണ് കമ്പനിയുടെ ഏറ്റവും പ്രശസ്തിയാർജ്ജിച്ച ഉത്പന്നം. റെഡ്മണ്ടിൽ സ്ഥിതി ചെയ്യുന്ന അവരുടെ ഓഫീസ് എന്ന സോഫ്റ്റ്‌വേർ സഞ്ചയവും വളരെ പേരുകേട്ടതാണ്. 102 രാജ്യങ്ങളിലായി പരന്നു കിടക്കുന്ന ഈ സ്ഥാപനത്തിൽ ഇന്ന് 118,584 പേർ ജോലി ചെയ്യുന്നുണ്ട്. സത്യ നദെല്ല ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി പ്രവർത്തിക്കുന്ന കമ്പനിയുടെ ഈ വർഷത്തെ വിറ്റുവരവ് 6000 കോടി ഡോളർ വരുമെന്നാണ് കണക്കുകൂട്ടൽ. കമ്പനിയുടെ വിപണി മൂല്യം 26,000 കോടി ഡോളറും ലാഭം 1700 കോടി ഡോളറും. കംപ്യൂട്ടർരംഗത്തെ കുത്തക നിലനിർത്തിയിരുന്ന സ്ഥാപനം ഇപ്പോഴും ലാഭത്തിലാണെങ്കിലും സ്വതന്ത്ര സോഫ്റ്റ്‌വേർ സംരംഭങ്ങളും അതുപോലെ ഗൂഗിൾ പോലെയുള്ള വമ്പൻമാരുടെ വളർച്ചയും

മൈക്രോസോഫ്റ്റിന് അടിയായിരിക്കുകയാണ്.

ചരിത്രം

ഇന്റൽ കമ്പനി അവരുടെ 8080 മൈക്രോപ്രോസസർ പുറത്തിറക്കിയ കാലം. 200 ഡോളറിൽ താഴെ വിലവരുന്ന ഈ ചിപ്പ് ഉപയോഗിച്ച് സാധാരണക്കാരന്റെ കീശയ്ക്ക് താങ്ങാവുന്ന വിധത്തിൽ



കംപ്യൂട്ടറുകളുണ്ടാക്കാമെന്ന് ബിൽഗേറ്റ്സ് അന്നേ കണക്കുകൂട്ടി. ഈ കണക്കുകൂട്ടൽ തെറ്റിയില്ല. ചെറിയ മുതൽ മുടക്കിൽ കംപ്യൂട്ടർ ലഭ്യമാവുമ്പോൾ അതിനുവേണ്ട സോഫ്റ്റ്വെയറും വേണമല്ലോ? ഈയൊരു വിടവ് നികത്താൻ ബിൽഗേറ്റ്സ് തന്റെ സ്വതസ്സിദ്ധമായ ബിസിനസ് ബുദ്ധി പുറത്തെടുത്തു. സാഹചര്യം മുതലാക്കാൻ അന്ന് തുടങ്ങിയതാണ് മൈക്രോ-സോഫ്റ്റ് എന്ന കമ്പനി.

മൈക്രോസോഫ്റ്റ് വിൻഡോസ്

മൈക്രോസോഫ്റ്റ് കമ്പനിയുടെ വിപണിയിലുള്ള ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾ പൊതുവെ അറിയപ്പെടുന്നത് മൈക്രോസോഫ്റ്റ് വിൻഡോസ് എന്നാണ്. എല്ലാ പതിപ്പുകൾക്കും പ്രത്യേകം പ്രത്യേകം പേരുകളുണ്ടെങ്കിലും വിൻഡോസ് അധിഷ്ഠിത സോഫ്റ്റ്വെയറുകളിൽ വിജയംവരിച്ചതാണ് കമ്പനിയുടെ പ്രോഡക്ടുകൾക്ക് ഇങ്ങനെ ഒരു പൊതുപേര് നേടിക്കൊടുത്തത്. 1985 നവംബർ മാസത്തിലാണ് കമ്പനി ഗ്രാഫിക്കൽ യൂസർ ഇന്റർഫേസുള്ള വിൻഡോസ് 1.0 വേർഷൻ പുറത്തിറക്കുന്നത്. എം. എസ്. ഡോസിൽ ഉപയോഗിച്ചിരുന്ന കാരക്ടർ യൂസർ ഇന്റർഫേസിനു പകരം കംപ്യൂട്ടറിനുള്ള

നിർദ്ദേശങ്ങൾ ചിത്രരൂപത്തിൽ നൽകി കംപ്യൂട്ടറിന്റെ ഉപയോഗരീതി എളുപ്പമാക്കി എന്നുള്ളതാണ് വിൻഡോസിന്റെ പ്രധാന പ്രത്യേകത. ഉപഭോക്താക്കൾക്കിടയിൽ മികച്ച സ്വീകരണം ലഭിച്ച വിൻഡോസിന്റെ ആദ്യപതിപ്പിനു ശേഷം വിൻഡോസ് 3.1, വിൻഡോസ് 95, വിൻഡോസ് 98, വിൻഡോസ് എൻ.ടി, വിൻഡോസ് 2000, വിൻഡോസ് മില്ലേനിയം, വിൻഡോസ് എക്സ്.പി, വിൻഡോസ് വിസ്ത എന്നീ പേരുകളിൽ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങൾ മൈക്രോസോഫ്റ്റ് പുറത്തിറക്കിയിരുന്നു. വിപണിയിൽ വിജയം ഉറപ്പിച്ചതിനെത്തുടർന്നുണ്ട് മൈക്രോസോഫ്റ്റിന് പല പ്രശ്നങ്ങളുമുണ്ടായി. മത്സരത്തെ നിരുത്സാഹപ്പെടുത്തുന്ന തരത്തിലുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചെന്നാരോപിച്ച് അമേരിക്കൻ ഗവൺമെന്റ് മൈക്രോസോഫ്റ്റിനെതിരായി അന്വേഷണം നടത്തിയിട്ടുണ്ട്. വിപണിയിൽ മൈക്രോസോഫ്റ്റിനുള്ള സ്ഥാനം ദുരുപയോഗം ചെയ്ത് ഒന്നും നടത്തിയിട്ടില്ലെന്ന ഗേറ്റ്സിന്റെ നിലപാട് അംഗീകരിക്കാൻ നീതിപീഠം തയ്യാറായിരുന്നില്ല. അതുകൊണ്ട് വലിപ്പവും കുത്തകസ്വഭാവവും കണക്കിലെടുത്ത് കമ്പനിയെ രണ്ടായി പകുക്കാനുള്ള ശ്രമംവരെയുണ്ടായി. സ്വതന്ത്ര സോഫ്റ്റ്‌വേർ പ്രേമികൾ ഏറ്റവും വെറുക്കുന്ന മനുഷ്യനെന്ന ദുഷ്പേര് കൂടി ബിൽഗേറ്റ്സിനുണ്ട്. അതുകൊണ്ടുതന്നെ ഐ.ടി. മേഖലയിൽ ഏറ്റവും കൂടുതൽ ശത്രുക്കളുണ്ടാവുക സ്വാഭാവികവും. ഇതിനിടെ വിൻഡോസ് എക്സ്പി വരെയുള്ള ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളുടെ വിപണനം കമ്പനി നിർത്തലാക്കി. എങ്കിലും 2014 ഏപ്രിൽ വരെ വിൻഡോസ് എക്സ്.പി യ്ക്കുള്ള സാങ്കേതികസഹായം തുടരാൻ കമ്പനി തീരുമാനിച്ചിട്ടുണ്ട്. മൈക്രോസോഫ്റ്റ് പുറത്തിറക്കിയ ഏറ്റവും പുതിയ ഓപ്പറേറ്റിംഗ് സിസ്റ്റമാണ് വിൻഡോസ് 7. വിയന്ന എന്ന പേരിൽ ആദ്യം അറിയപ്പെട്ടിരുന്ന ഈ ഓപ്പറേറ്റിംഗ് സിസ്റ്റം ജൂലൈ 22, 2009 നാണ്കമ്പനി പുറത്തിറക്കിയത്.

സാം സോളമൻ

ഇന്ത്യയുടെ പ്രധാനമന്ത്രിമാരുടെ പട്ടിക

1 ജവഹർലാൽ നെഹ്റു

2 ഗുൽസാരിലാൽ നന്ദ

3 ലാൽ ബഹാദൂർ ശാസ്ത്രി

4 ഗുൽസാരിലാൽ നന്ദ

5 ഇന്ദിരാ ഗാന്ധി

6 മൊറാർജി ദേശായി

7 ചരൺ സിംഗ്

8 ഇന്ദിരാ ഗാന്ധി

9 രാജീവ് ഗാന്ധി

10 വിശ്വനാഥ് പ്രതാപ് സിംഗ്

11 ചന്ദ്രശേഖർ

12 പി വി നരസിംഹ റാവു

13 എ ബി വാജ്പേയി

14 എച്ച് ഡി ദേവഗൌഡ

15 ഐ കെ ഗുജ്റാൾ

16 എ ബി വാജ്പേയി

17 മൻമോഹൻ സിംഗ്

18 നരേന്ദ്ര മോദി

ഫർസാന

സൈലന്റ്‌വാലി ദേശീയോദ്യാനം

കേരളത്തിൽ പാലക്കാട് ജില്ലയിലായി പശ്ചിമഘട്ടത്തിൽ സ്ഥിതി ചെയ്യുന്ന ദേശീയോദ്യാനമാണ് സൈലന്റ്‌വാലി ദേശീയോദ്യാനം. പ്രാദേശികമായി ഇവിടുത്തെ വനങ്ങളെ സൈരന്ധ്രി വനം എന്നു വിളിക്കുന്നു.

പാണ്ഡവന്മാരുമായി ബന്ധപ്പെടുത്തിയുള്ള ഏറെ ഐതിഹ്യങ്ങൾ പ്രദേശവുമായി ബന്ധപ്പെട്ടുണ്ട്. പ്രദേശത്തുകൂടി ഒഴുകുന്ന കുന്തിപ്പുഴ എന്ന പുഴയും ഐതിഹ്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. സൈരന്ധ്രി എന്ന പേരുതന്നെ പാഞ്ചാലിയുടെ പര്യായമാണ്. നീലഗിരി പീഠഭൂമിയുടെ ഭാഗമാണെങ്കിലും തെക്കു ഭാഗം പാലക്കാടൻ സമതലങ്ങളുമായി ചേർന്നാണ് സ്ഥിതി ചെയ്യുന്നത്. സമുദ്രനിരപ്പിൽ നിന്നുള്ള ഉയരം 658 മീറ്റർ മുതൽ 2384 മീറ്റർ വരെ വ്യത്യാസപ്പെട്ടിരിക്കുന്നു. കുന്തിപ്പുഴയാണ് സൈരന്ധ്രി വനത്തിലൂടെ ഒഴുകുന്ന ഏക നദി. 2800 മി.മീ മുതൽ 3400 മി.മീ വരെയാണ് വാർഷിക വർഷപാതം. സൈലന്റ്‌വാലി ദേശീയോദ്യാനത്തിന്റെ കിഴക്കൻ ഭാഗങ്ങൾ പശ്ചിമഘട്ടത്തിന്റെ മഴനിഴൽ പ്രദേശങ്ങളായതുകൊണ്ട് അവിടെ മഴ കുറവാണ്.സാധാരണ വനങ്ങളിൽ ചീവീടുകൾ സൃഷ്ടിക്കുന്ന ശബ്ദ അന്തരീക്ഷം ഇവിടെ ഇല്ലാത്തതു കൊണ്ടാണ് ഇവിടം സൈലന്റ്‌വാലി(നിശ്ശബ്ദതാഴ്‌വര) എന്നറിയപ്പെടുന്നത് എന്ന വാദമാണ് പ്രമുഖമെങ്കിലും, സൈരന്ധ്രിവനം എന്ന പേരിനെ ആംഗലേയ വത്ക്കരിച്ചതിന്റെ ഫലമായാണ് സൈലന്റ്‌വാലി ഉണ്ടായതെന്നാണ് ചിലർ അഭിപ്രായപ്പെടുന്നത്.

1984-ൽ ഇറങ്ങിയ പുതിയ ഉത്തരവു പ്രകാരം സൈലന്റ്‌വാലി ദേശീയോദ്യാനത്തിന്റെ അതിർത്തിക്കുള്ളിൽ നിർദ്ദിഷ്ട ജലവൈദ്യുത പദ്ധതിയുടെ പ്രദേശങ്ങളും ഉൾപ്പെട്ടിരുന്നു. 1985 സെപ്റ്റംബർ 7-ന് അന്നത്തെ പ്രധാനമന്ത്രി രാജീവ് ഗാന്ധി സൈലന്റ്‌വാലി ദേശീയോദ്യാനം രാഷ്ട്രത്തിനു സമർപ്പിച്ചു. സൈലൻറ് വാലിയുടെ സസ്യാവരണത്തിൻറെ സവിശേഷതയും മഴക്കാടുകളുടെ പ്രാധാന്യവും മനസ്സിലാക്കിയ ഐക്യരാഷ്ട്ര സംഘടന ലോകത്തിലെ തന്നെ ഏറ്റവും സംരക്ഷണമർഹിക്കുന്ന ജൈവമേഖലയായ നീലഗിരി ബയോസ്ഫിയർ റിസർവ്വിന്റെ മൂലകേന്ദ്രമായി ഈ നിശ്ശബ്ദ താഴ്വരയെ മാറ്റുകയുണ്ടായി.

PandoTrip.com
© Shutterstock

അഫ്സൽ

സ്മാർട്ട് ഫോൺ

സാധാരണ മൊബൈൽ ഫോണുകളേക്കാൾ ശേഷിയുള്ളതും ഏതെങ്കിലും മൊബൈൽ ഓപ്പറേറ്റിങ് സിസ്റ്റം ഉപയോഗിച്ച് പ്രവർത്തിക്കുന്നതുമായ ആധുനിക മൊബൈൽ ഫോണുകളാണ്

സ്മാർട്ട് ഫോണുകൾ അഥവാ സ്മാർട്ട്ഫോണുകൾ. 1991-ടു കൂടിയാണ് മൊബൈൽ കമ്പ്യൂട്ടിങ്ങ് പ്ളാറ്റ്ഫോമിൽ പ്രവർത്തിക്കുന്ന സ്മാർട്ട് ഫോണുകളെ കുറിച്ചുള്ള ആശയങ്ങൾ ഉയർന്നുവന്നത്. ആദ്യ സ്മാർട്ട് ഫോണായ ഐ ബി എം സിമോൺ പേഴ്സണൽ കമ്മ്യൂണിക്കേറ്റർ 1994 -ൽ വിപണിയിലെത്തി. ഇത്തരം ഫോണുകൾക്ക് സ്മാർട്ട് ഫോണുകൾ എന്ന വിശേഷണം നൽകിയത് 1997- ൽ എറിക്സൺ കമ്പനിയാണ്.

സ്മാർട്ട്ഫോണുകളുടെ ആദ്യപതിപ്പായ ഉപകരണങ്ങൾ വാണിജ്യ രംഗത്തു പ്രവർത്തിച്ചിരുന്നവർക്ക് വേണ്ടി പ്രത്യേകം രൂപകൽപ്പന ചെയ്തവയായിരുന്നു. ഫീച്ചർ ഫോണുകളേക്കാൾ വലിയ സ്ക്രീൻ, കാൽക്കുലേറ്റർ, കലണ്ടർ, ഈ മെയിലുകൾ വായിക്കാനും മറുപടി അയക്കാനുമുള്ള സൗകര്യം - ഇവയൊക്കെ

ആയിരുന്ന പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റ് ഉപകരണങ്ങളുടെ മേന്മ. ആദ്യകാല പേഴ്സണൽ ഡിജിറ്റൽ ഉപകരണങ്ങളിൽ സിം കാർഡ് സൗകര്യം ഉണ്ടായിരുന്നില്ല. തന്മൂലം ആശയവിനിമയോപാധി ആയി ആദ്യകാല പേഴ്സണൽ ഡിജിറ്റൽ അസിസ്റ്റന്റുകളെ കണക്കാക്കാനാവില്ല.

സ്മാർട്ട് ഫോണുകളിലെ ഓപ്പറേറ്റിംഗ് സിസ്റ്റം

ലോകത്തുള്ള സ്മാർട്ട് ഫോണുകളിൽ 86 ശതമാനം ഉപകരണങ്ങളിലും ഗൂഗിൾ കമ്പനിയുടെ ലിനക്സ് കേന്ദ്രീകൃത ആൻഡ്രോയിഡ് ഓപ്പറേറ്റിംഗ് സിസ്റ്റം ആണുപയോഗിച്ചു വരുന്നത്. ഏകദേശം പന്ത്രണ്ട് ശതമാനം ഉപകരണങ്ങളിൽ ആപ്പിളിന്റെ ഐ.ഓ.എസ് ഓപ്പറേറ്റിംഗ് സിസ്റ്റവും ഉപയോഗിച്ച് വരുന്നു. മറ്റു ചെറുകിട സ്മാർട്ട് ഫോൺ ഓപ്പറേറ്റിംഗ് സിസ്റ്റങ്ങളാണ് സാംസങിന്റെ ടിസൻ, യോള കമ്പനിയുടെ സെയിൽഫിഷ് ഒഎസ് എന്നിവ.

ഡിസ്പ്ളേ

സ്മാർട്ട് ഫോൺ ഡിസ്പ്ളേ വളരെയധികം നൂതനമായ മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്ന ഒരു മേഖലയാണ്. പണ്ടുകാലത്തെ ഫോണുകളെ അപേക്ഷിച്ച് വ്യക്തതയും മിഴിവാർന്നതുമായ ദൃശ്യങ്ങൾ പ്രദർശിപ്പിക്കാൻ പ്രാപ്തമാണ് ഇന്നത്തെ സ്മാർട്ട് ഫോൺ ഡിസ്പ്ളേകൾ.

ആപ്പിൾ കമ്പനിയുടെ റെറ്റിന ഡിസ്പ്ളേ സാങ്കേതികവിദ്യ ഈ രംഗത്തു വലിയ മാറ്റങ്ങൾക്ക് വഴി വെച്ചു. നിശ്ചിത ഇഞ്ചിൽ പ്രദര്ശിപ്പിക്കാവുന്ന ബിന്ദുക്കളുടെ എണ്ണം മുന്നൂറ് എന്ന മാന്ത്രിക സംഖ്യ ആപ്പിൾ റെറ്റിന ഡിസ്പ്ളേയിലൂടെ അവതരിപ്പിച്ചു. ഇത് മനുഷ്യരുടെ കണ്ണിന് ബിന്ദുക്കളെ പര്സപരം വേർതിരിച്ചു കാണാൻ പറ്റാത്തത്രെയും അളവിലായതിനാൽ ദൃശ്യങ്ങളുടെ വ്യക്തത മുൻകാല ഡിസ്പ്ലേകളെ അപേക്ഷിച്ചു വളരെ കൂടുതലായിരുന്നു.

ഇത്തരം ഉയർന്ന നിലവാരമുള്ള സ്മാർട്ട്ഫോൺ ഡിസ്പ്ളേകൾ ഇത്തരം വലിപ്പം കുറഞ്ഞ ഉപകരണങ്ങളിൽ മികച്ച ദൃശ്യ വിരുന്നൊരുക്കാൻ സഹായകമായി.

പ്രോസസർ

സ്മാർട്ട് ഫോൺ പ്രോസസറുകൾ ദിനംപ്രതി ശക്തിയേറിയതും കാര്യക്ഷമതയുള്ളതും ആയി

തീരുന്ന കാഴ്ചയാണ് നിലവിലുള്ളത്. ഇന്നത്തെ ഒരു ശരാശരി സ്മാർട്ട് ഫോണിന് രണ്ടായിരങ്ങളിലെ ഒരു ലാപ്ടോപ് കംപ്യൂട്ടറിനേക്കാൾ പ്രവർത്തനശേഷി ഉണ്ട്.

ഫോൺ

ആശയവിനിമയം നടത്തുക എന്നതാണ് ഒരു സ്മാർട്ട്ഫോണിന്റെ പ്രധാന കടമ എന്നത്. നിലവിലുള്ള എല്ലാ സ്മാർട്ട്ഫോണുകളും ആശയവിനിമയത്തിന് വേണ്ടി ത്രീജി അല്ലെങ്കിൽ ഫോർ ജി സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നു.

ഫോർ ജി സാങ്കേതികവിദ്യ ത്രീജിയേക്കാൾ വേഗതയുള്ള ഡാറ്റാ കൈമാറ്റം സാധ്യമാക്കുന്നു. ഫോർ ജി വോൾട്ടി സാങ്കേതികവിദ്യ അനുകൂലിക്കുന്ന സ്മാർട്ട്ഫോണുകൾ അതിവേഗ ഡാറ്റ കൈമാറ്റത്തിനോടൊപ്പം എച്ച്ഡി ശബ്ദമികവോട് കൂടിയ വോയിസ് കോളുകളും ലഭ്യമാക്കുന്നു.

ഇന്റർനെറ്റ് കമ്മ്യൂണിക്കേറ്റർ

ഡാറ്റ കണക്ടിവിറ്റി സൗകര്യം ഉള്ളതിനാൽ സ്മാർട്ട്ഫോണുകൾ ഉപയോക്താക്കൾക്ക് ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കുന്നു. ഡാറ്റ കണക്ടിവിറ്റി ഒന്നുകിൽ വൈ-ഫൈ സാങ്കേതികവിദ്യ മാർഗമോ അതോ ഫോണിലുള്ള സിം കാർഡ് വഴിയോ ഉപയോഗത്തിൽ വരുത്താവുന്നതാണ്.

ക്യാമറ

പണ്ടുകാലത്തെ ഫോണുകളെ അപേക്ഷിച്ച് ഇപ്പോൾ വിപണിയിലിറങ്ങുന്ന സ്മാർട്ട്ഫോണുകളിലെ ക്യാമറ അത്യന്തം ഗുണമേന്മയേറിയതും മികച്ച പ്രകടനം കാഴ്ചവെക്കുന്നതുമാണ്.

ഇന്ന് വിപണിയിലുള്ള വിലകൂടിയ സ്മാർട്ട്ഫോണുകളിലെ ക്യാമറ വെച്ചെടുക്കുന്ന ചിത്രങ്ങളും വീഡിയോകളും ഒരു സാധാരണ ഡിജിറ്റൽ ക്യാമറയെ വെല്ലുന്ന ഫലം നൽകുന്നു.

തസ്നി

ജൈവവൈവിധ്യം

ഒരു പ്രത്യേക ചുറ്റളവിലുള്ള ആവാസ വ്യവസ്ഥയിൽ എത്ര തരം ജീവ രൂപങ്ങൾ കാണപ്പെടുന്നു എന്നതാണ് **ജൈവവൈവിധ്യം** എന്നതു കൊണ്ട് അർത്ഥമാക്കുന്നത്. ഒരു പ്രത്യേക ഭൗമ-കാലാവസ്ഥാ വ്യവസ്ഥയിലേയോ ഭൂമിയിലെ ആകെയോ ജീവജാലങ്ങളുടെ

വൈവിധ്യവും ഇതുകൊണ്ട് അർത്ഥമാക്കപ്പെടുന്നുണ്ട്. സർവ്വ ജീവജാലങ്ങളും അടങ്ങിയതാണ് ജൈവവൈവിധ്യം. എല്ലാ ജീവജാലങ്ങളും, അവയുടെ ആവാസ വ്യവസ്ഥയും ഇതിൽ ഉൾപ്പെടുന്നു. ആവാസവ്യവസ്ഥയുടെ ആരോഗ്യക്ഷമതയുടെ അളവുകോലാണ് ജൈവവൈവിധ്യം. കൂടുതൽ ജൈവവൈവിധ്യമുണ്ടെങ്കിൽ ആവാസവ്യവസ്ഥ കൂടുതൽ ആരോഗ്യമുള്ളതായി കണക്കാക്കപ്പെടുന്നു. കാലാവസ്ഥയുടെ ഭാഗവും കൂടിയാണിത്. ധ്രുവപ്രദേശത്തേക്കാൾ സമശീതോഷ്ണമേഖലയിലാണ് കൂടുതൽ ജൈവവൈവിധ്യ സമ്പന്നതയുള്ളത്. ദ്രുതഗതിയിലുള്ള പാരിസ്ഥിതികമാറ്റം വംശനാശത്തിനും ജൈവവൈവിദ്ധ്യത്തിന്റെ ശോഷണത്തിനും കാരണമാകുന്നുണ്ട്. ഒരു കണക്ക് കാണിക്കുന്നത്, ഭൂമിയിൽ മുൻപുണ്ടായിരുന്ന ജൈവവൈവിദ്ധ്യത്തിന്റെ ഒരു ശതമാനം മാത്രമേ ഇപ്പോൾ നിലനിൽക്കുന്നുള്ളൂ എന്നതാണ്.

വാക്ക് വന്ന വഴി

ജൈവവൈവിധ്യം എന്ന പദം 1985 ൽ **വാൾട്ടർ ജി റോസൻ** ആണ് ആദ്യമായി ഉപയോഗിച്ചത്. **ബയോളജിക്കൽ ഡൈവേഴ്സിറ്റി** എന്നതിന്റെ ചുരുക്ക രൂപമായാണ് ഇത് പ്രയോഗിച്ചത്. 1992 ൽ നടന്ന റിയോ ഭൗമ ഉച്ചകോടിയിൽ ജൈവവൈവിധ്യ

കൺവൻഷൻ നടന്നതോടെ ഈ വാക്ക് സാർവത്രിക അംഗീകാരം നേടി. ഒരു പ്രദേശത്തെ ജീനുകൾ, സ്പീഷീസുകൾ, ആവാസവ്യവസ്ഥകൾ ഇവയെല്ലാം കൂടിച്ചേർന്നതാണ് ജൈവവൈവിധ്യം എന്ന നിർവചനവാണ് IUCN ഉം UNEP യും ഉപയോഗിക്കുന്നത്.

ജൈവവൈവിധ്യത്തെ പ്രധാനമായും മൂന്നായി തിരിച്ചിരിക്കുന്നു.

1. ജനിതക വൈവിധ്യം
2. ജീവജാതി വൈവിദ്ധ്യം
3. ആവാസവ്യവസ്ഥാ വൈവിധ്യം

ജൈവവൈവിധ്യം നേരിടുന്ന ഭീഷണികൾ

ഭൂമിയിൽ ജീവൻ തുടങ്ങിയതു മുതൽ അഞ്ച് വലിയ വംശനാശവും നിരവധി ചെറിയ വംശനാശവും ജൈവവൈധ്യത്തിന്റെ ശോഷണത്തിന് കാരണമായിട്ടുണ്ട്. 540 മില്യൺ വർഷങ്ങൾക്കു മുൻപ് കേംബ്രിയൻ വിസ്ഫോടനത്തിലൂടെ ഭൂമിയിൽ ബഹുകോശജീവികളുടെ വംശപരമായ പെരുപ്പം ഉണ്ടായതിന് ശേഷമാണ് ഇത്തരത്തിൽ വംശനാശങ്ങളെ ജൈവവൈവിധ്യം അഭിമുഖീകരിച്ചത്. 251 മില്യൺ വർഷങ്ങൾക്ക് മുൻപുണ്ടായ പെർമിയൻ ട്രയാസ്സിക് വംശനാശം ആണ് ഇതിൽ ഏറ്റവും വലുത് , ഏകദേശം 30 ദശ ലക്ഷം വർഷം വേണ്ടി വന്നു ഇതിൽ നിന്നും നട്ടെല്ലുള്ള ജീവികൾക് കര കയറാൻ . 65.5 മില്യൺ വർഷങ്ങൾക്ക് മുൻപ് ഉണ്ടായ ക്രിറ്റേഷ്യസ് -ടേർഷ്യറി വംശനാശ സംഭവമാണ് അവസാനകാലത്തായുണ്ടായ അത്തരമൊരെണ്ണം. ദിനോസറുകളുടെ അന്ത്യം കുറിച്ച കാലമായിരുന്നു അത്. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ജൈവവൈവിധ്യ ശോഷണം മനുഷ്യന്റെ ആവിർഭാവത്തെ തുടർന്നുള്ളതാണ്. ഹോളോസീൻ വംശനാശം എന്ന് പേരിട്ടിരിക്കുന്ന ഇത് വാസവ്യവസ്ഥയുടെ നാശം ജനിതകവൈവിധ്യ ശോഷണം തുടങ്ങിയ പ്രത്യേകതകളോട് കൂടിയതാണ്.

ഭീഷണി നേരിടുന്ന ജീവി വർഗ്ഗങ്ങൾ

ലോകത്ത് 34,000 സസ്യങ്ങളും 5200 ജന്തുജാലങ്ങളും വംശനാശ ഭീഷണി നേരിടുന്നുവെന്നാണ് കണക്ക്. ലോകത്ത് പക്ഷികളുടെ എണ്ണത്തിൽ എട്ടിലൊന്ന് കുറവുണ്ടാകുന്നതായും പഠനങ്ങൾ പറയുന്നു. ഇതിൽ ഏകദേശം മുഴുവൻ ഭാഗവും ജീവജാലങ്ങളും മനുഷ്യന്റെ ഇടപെടലുകൾ കൊണ്ടാണ് വംശനാശം സംഭവിച്ചത്. ഡോഡോ പക്ഷി, പിന്റോ ആമ, തുടങ്ങിയവ വംശനാശം സംഭവിച്ച ജീവികളിൽ ചിലതാണ്.

അനൂപ്

സാങ്കേതികവിദ്യ

അറിവിന്റെ ഉപയോഗരൂപത്തെയാണ് പൊതുവേ **സാങ്കേതികവിദ്യ** എന്ന് പറയുന്നത് . ഇത് വളരെ വിശാലമായ അർത്ഥതലത്തിൽ ഉപയോഗിക്കപ്പെടുന്ന പദമാണ് എന്നതിനാൽ



കൃത്യമായ നിർവ്വചനം ഇല്ല. ഉത്പാദനത്തിലോ ശാസ്ത്രീയാന്വേഷണം പോലെയുള്ള ലക്ഷ്യപൂർത്തീകരണങ്ങൾക്കോ വേണ്ടി ഉപയോഗിക്കുന്ന കഴിവുകളുടെയും മാർഗങ്ങളുടെയും പ്രക്രിയകളുടെയും ഒരു ശേഖരമായി ഇതിനെ കണക്കാക്കാം.മനുഷ്യ സമൂഹത്തിൽ ശാസ്ത്രം, എൻജിനീയറിങ്ങ് എന്നീ മേഖലകളാണ് പ്രധാനമായും ഇതുമായി ബന്ധപ്പെടുന്നത്. ഉപകരണങ്ങളുടെ നിർമ്മാണവും ഉപയോഗവുമാണ് സാങ്കേതികവിദ്യയുടെ പ്രധാന മേഖല. പ്രകൃതിവിഭവങ്ങളെ ലളിതമായ ഉപകരണങ്ങളായി മാറ്റിയതാണ് മനുഷ്യൻ ഉപയോഗിച്ച ആദ്യത്തെ സാങ്കേതികവിദ്യ എന്നു കണക്കാക്കാം.ചരിത്രാതീതകാലത്തെ കണ്ടുപിടുത്തമായ തീയിന്റെ നിയന്ത്രണവും പിന്നുടർന്ന് വന്ന നവീനശിലായുഗ വിപ്ലവവും ആഹാരസ്രോതസ്സുകൾ വർധിപ്പിക്കുകയും ചക്രത്തിന്റെ കണ്ടുപിടുത്തം മനുഷ്യരെ പരിസ്ഥിതിക്കകത്തു സഞ്ചരിക്കാനും നിയന്ത്രിക്കാനും സഹായിച്ചു. ചരിത്രത്തിലെ പല വികാസങ്ങളും, അച്ചടിയന്ത്രത്തിന്റെയും ടെലിഫോണിൻറെയും ഇന്റെർനെറ്റിന്റെയും കണ്ടുപിടുത്തങ്ങൾ അടക്കം, ആശയവിനിമയത്തിന്റെ ഭൌതികപരിതികൾ കുറക്കുകയും ആഗോളതലത്തിൽ സൗരവിഹാരം നടത്താൻ സാധ്യമാക്കുകയും ചെയ്തു. സൈനിക

സാങ്കേതിക വിദ്യയിലെ തുടർച്ചയായ വളർച്ച കൂടുതൽ സംഹാരശേഷിയുള്ള ആയുധങ്ങൾ കൊണ്ടു വന്നു.

സാങ്കേതികവിദ്യക്ക് പല പ്രഭാവങ്ങളും ഉണ്ട്. ഇന്നത്തെ ആഗോള സമ്പദ് വ്യവസ്ഥ ഉൾപ്പെടെ വിപുലമായ സമ്പദ് വ്യവസ്ഥകളുടെ വികാസത്തിന് അത് സഹായിച്ചിട്ടുണ്ട്. പല സാങ്കേതിക പ്രക്രിയകളും അനാവശ്യമായ ഉപോത്പന്നങ്ങൾ സൃഷ്ടിക്കാറുണ്ട്,മലിനീകരണം, ഭൂമിയുടെ പരിസ്ഥിതി ദോഷം, പ്രകൃതി വിഭവങ്ങളുടെ ക്ഷയം തുടങ്ങിയവ. അത് കൂടാതെ തന്നെ ഒരു സമൂഹത്തിന്റെ മൂല്യങ്ങളെ സ്വാധീനിക്കുകയും പുതിയ സാങ്കേതികവിദ്യ പലപ്പോഴും പുതിയ നൈതിക ചോദ്യങ്ങൾ ഉയർത്തുകയും ചെയ്യുന്നു.

സാങ്കേതികവിദ്യ മനുഷ്യാവസ്ഥയെ മെച്ചപ്പെടുത്തിയോ അതോ മോശപ്പെടുത്തിയോ എന്നതിനെ പറ്റിയുള്ള അഭിപ്രായവ്യത്യാസങ്ങളോട് കൂടിയ പല തത്ത്വശാസ്ത്രപരമായ സംവാദങ്ങളും സാങ്കേതിക വിദ്യയുടെ ഉപയോഗങ്ങളെ ചൊല്ലി ഉടലെടുത്തിട്ടുണ്ട്.

അടുത്ത കാലം വരെ , സാങ്കേതികവിദ്യയുടെ വികസനം മനുഷ്യരിൽ ഒതുങ്ങുന്ന ഒന്നാണെന്നാണ് വിശ്വസിച്ചത് , എന്നാൽ 21 ാം നൂറ്റാണ്ടിൽ ശാസ്ത്രീയ പഠനങ്ങൾ മറ്റ് വർഗങ്ങളും ചില ഡോൾഫിൻ സമുദായങ്ങളും ലളിതമായ ഉപകരണങ്ങൾ വികസിപ്പിക്കുകയും തങ്ങളുടെ അറിവ് മറ്റ് തലമുറകളിലേക്ക് കൈമാറ്റം ചെയ്യുകയും ചെയ്തു എന്നു സൂചിപ്പിക്കുന്നു.

ചരിത്രം

<u>പ്രാചീന ശിലായുഗം </u>(2.5 ദശലക്ഷം വർഷങ്ങൾ - 10,000 ബി . സി)

ആദ്യകാല മനുഷ്യരാശിയുടെ ഉപകരണായുപയോഗം ഭാഗികമായി കണ്ടെത്തലിന്റെയും ഭാഗികമായി പരിണാമത്തിന്റെയും പ്രക്രിയ ആയിരുന്നു . ഉപകരണം ഉപയോഗം ആദ്യകാല മനുഷ്യ ചരിത്രത്തിൽ ഏറെ കാലവും താരതമ്യേന മാറ്റമില്ലാതെ തുടർന്നു . ഏകദേശം 50,000 വർഷം മുമ്പ് , ഉപകരണങ്ങളുടേയും സങ്കീർണ്ണമായ

സ്വഭാവങ്ങളും ഉയർന്നുവന്നത്, ആധുനിക ഭാഷയുടെ ആവിർഭാവുമായി പല പുരാവസ്തുഗവേഷകരും ബന്ധിപ്പിക്കാറുണ്ട്.

നവീന ശിലായുഗം മുതൽ ക്ലാസിക്കൽ കാലം വരെ (10,000 ബി സി - 300 എ ഡി)

നവീന ശിലായുഗത്തിലാണ് മനുഷ്യൻ സാങ്കേതികമായി കുതിച്ചുയരാൻ തുടങ്ങിയത്. ചെത്തി മിനുക്കിയ കൽമഴുക്കളുടെ കണ്ടുപ്പിടുത്തം വൻതോതിൽ കാടുകൾ വെട്ടി തെളിച്ച് കൃഷി സ്ഥലങ്ങൾ നിർമ്മിക്കാൻ സഹായിച്ചു. കൃഷി വലിയ ജനസംഖ്യയെ ആഹാരത്തിന് സഹായിച്ചു. മുമ്പത്തെ പോലെ അലഞ്ഞു തിരിഞ്ഞുള്ള ജീവിതം മാറ്റി ഒരിടത്തു നിലനിന്നുള്ള ജീവിതരീതി ആരംഭിച്ചതിനാൽ ശിശുക്കളുടെ പരിപാലനവും സുഖകരമായി. അതിൽ കൂടുതലായി വിളകളുടെ ഉത്പാദനത്തിന് കുട്ടികൾക്ക് സഹായിക്കാനും സാധിച്ചു.

ജനസംഖ്യയിലുണ്ടായ ഈ വർധനവും കായികശേഷിയുടെ ലഭ്യതയും തൊഴിലാളികളുടെ തരംതിരിച്ചിലിനു ആക്കം കൂട്ടി. ആദ്യകാല നവീനശിലായുഗ ഗ്രാമങ്ങളിൽ നിന്നും ഊറുക്ക് പോലുള്ള ആദ്യ നഗരങ്ങളിലേക്കും സുമേർ പോലുള്ള ആദ്യ സംസ്കാരത്തിലേക്കും ഉള്ള വളർച്ചയുടെ കാരണം ഇനിയും പ്രത്യേകമായി അറിയില്ല. എന്നിരുന്നാലും സമൂഹത്തിന്റെ പല തട്ടുകളിലും ഉണ്ടായ തരം തിരിച്ചിലുകളും, സമീപ സംസ്കാരങ്ങൾ തമ്മിലുള്ള യുദ്ധങ്ങളും കച്ചവടങ്ങളും, പാരിസ്ഥിതിക പ്രശ്നങ്ങളെ നേരിടുന്നതിനു വേണ്ടി വന്ന കൂട്ടായ പരിശ്രമങ്ങളും ഇതിനു പങ്കു വഹിച്ചിട്ടുണ്ടാകും എന്ന് കരുതുന്നു.

മധ്യയുഗവും ആധുനിക ചരിത്രം (300 എഡി തൊട്ട് ഇന്നോളം)

റോമൻ സാമ്രാജ്യത്തിന്റെ പതനത്തിനു ശേഷം ആദ്യ കാല നൂറ്റാണ്ടുകളിൽ പട്ട്, ലാടം തുടങ്ങിയ കണ്ടുപിടിക്കപ്പെട്ടു. മധ്യയുഗസാങ്കേതികവിദ്യ ലിവർ, സ്ക്രൂ, കപ്പി തുടങ്ങിയ നിസ്സാര ഉപകരണങ്ങൾ ഉപയോഗിച്ച് കാറ്റാടി, ഘടികാരങ്ങൾ പോലെയുള്ള കൂടുതൽ സങ്കീർണ്ണമായ ഉപകരണങ്ങൾ നിർമിച്ചു തുടങ്ങി. നവോത്ഥാന പ്രസ്ഥാനം അച്ചടി ശാല പോലുള്ള ഒരു പാട് കണ്ടുപിടുത്തങ്ങൾ കൊണ്ട് വരികയും സാങ്കേതികവിദ്യ ശാസ്ത്രത്തോട് കൂടുതൽ ബന്ധപ്പെട്ടുകൊണ്ട് ഒരു അനുബന്ധചക്രത്തിന് തുടക്കം കുറിക്കുകയും ചെയ്തു. ഈ കാലയളവിലുള്ള സാങ്കേതിക മുന്നേറ്റങ്ങൾ ഒരു സ്ഥിരതയാർന്ന ഭക്ഷണവിതരണവും കൂടുതൽ വിപുലമായ ഉപഭോക്തൃ ഉത്പന്നങ്ങളും അനുവദിക്കുന്നതിനു കാരണമായി.

നന്ദന

മഹാത്മാ ഗാന്ധി

മോഹൻദാസ് കരംചന്ദ് ഗാന്ധി (1869 ഒക്ടോബർ 2 - 1948 ജനവരി 30) ഇന്ത്യൻ സ്വാതന്ത്ര്യസമര പ്രസ്ഥാനത്തിന്റെ നേതാവും വഴികാട്ടിയുമായിരുന്നു. ഇന്ത്യയുടെ "രാഷ്ട്രപിതാവ്" എന്ന് അദ്ദേഹം വിശേഷിപ്പിക്കപ്പെടുന്നു. അഹിംസയിലൂന്നിയ സത്യാഗ്രഹം എന്ന സമര സിദ്ധാന്തത്തിലൂടെ ലോകമെമ്പാടും ഗാന്ധി ശ്രദ്ധേയനായി. കേവലമൊരു രാഷ്ട്രീയ നേതാവ് എന്നതിനേക്കാൾ ദാർശനികനായും ഗാന്ധി ലോകമെമ്പാടും അറിയപ്പെടുന്നു.

ഏറ്റവും കഠിനമായ പ്രതിസന്ധിഘട്ടങ്ങളിലും സത്യം, അഹിംസ എന്നീ മൂല്യങ്ങളിൽ അടിയുറച്ച് പ്രവർത്തിക്കുവാനും ജീവിതചര്യയാക്കി മാറ്റുന്നതിനും മഹാത്മാഗാന്ധി ശ്രദ്ധിച്ചു. ജീവിതകാലം മുഴുവൻ അദ്ദേഹം ഹൈന്ദവ തത്ത്വശാസ്ത്രങ്ങളുടെ പ്രായോക്താവായിരുന്നു. എല്ലാ വിധത്തിലും സ്വയാശ്രയത്വം പുലർത്തിയ ഒരു ആശ്രമം സ്ഥാപിച്ച് അവിടെ ലളിത ജീവിതം നയിച്ച് അദ്ദേഹം പൊതുപ്രവർത്തകർക്കു മാതൃകയായി. സ്വയം നൂൽനൂറ്റുണ്ടാക്കിയ വസ്ത്രം ധരിച്ചു; സസ്യാഹാരം മാത്രം ഭക്ഷിച്ചു. ഉപവാസം അഥവാ നിരാഹാരം ആത്മശുദ്ധീകരണത്തിനും പ്രതിഷേധത്തിനുമുള്ള ഉപാധിയാക്കി.

ബാല്യം



കരംചന്ദ് ഗാന്ധിയുടേയും പുത്‌ലീബായിയുടേയും മൂന്നു പുത്രന്മാരിൽ ഇളയവനായി 1869 ഒക്ടോബർ 2-ന് ഗുജറാത്തിലെ പോർബന്ദറിൽ ജനിച്ചു. ഒരു സഹോദരിയും അദ്ദേഹത്തിനുണ്ടായിരുന്നു. വൈശ്യകുലത്തിലെ ബനിയ ജാതിക്കാരായ ആ കുടുംബം വൈഷ്ണവവിശ്വാസികളായിരുന്നു. അദ്ദേഹത്തിന്റെ പിതാവ് കരംചന്ദ് വാങ്കനഗറിലും രാജ്കോട്ടിലേയും പ്രധാനമന്ത്രിയായിരുന്നു. കരംചന്ദ് നാലു വിവാഹങ്ങൾ ചെയ്തിരുന്നു അവസാനത്തെ ഭാര്യയായിരുന്നു പുത്‌ലിബായി. മുത്തച്ഛൻ പോർബന്ദറിൽ ദിവാൻ ആയിരുന്നു. അച്ഛൻ അഞ്ചാം ക്ലാസുവരെയെ പഠിച്ചുള്ളൂ എങ്കിലും ആദർശധീരനായിരുന്നു. അദ്ദേഹത്തിന് മതകാര്യങ്ങളിൽ ഒന്നും അത്ര പിടിപാടുണ്ടായിരുന്നില്ല. അമ്മയാകട്ടെ തികഞ്ഞ ഈശ്വരവിശ്വാസിയായിരുന്നു. അമ്മ അന്നത്തെ രാജാവായിരുന്ന ഠാക്കൂറിന്റെ വിധവയായ അമ്മയുമായി നല്ല ബന്ധത്തിലായിരുന്നു.

മോഹൻദാസിന് ഏഴു വയസ്സുള്ളപ്പോൾ അച്ഛൻ പോർബന്ദർ വിട്ട് രാജ്കോട്ടിൽ ജോലി സ്വീകരിച്ചു. അതിനാൽ മോഹൻദാസിന്റെ പ്രാഥമിക വിദ്യാഭ്യാസം രാജ്കോട്ടിലായിരുന്നു. ഹൈസ്കൂളിൽ പഠിക്കുമ്പോൾ പതിമൂന്നാമത്തെ വയസ്സിൽ പോർബന്ദറിലെ വ്യാപാരിയായ ഗോകുൽദാസ് മകാൻജിയുടെ മകൾ കസ്തൂർബയെ വിവാഹം കഴിച്ചു. നിരക്ഷരയായ കസ്തൂർബായെ മോഹൻദാസ് പഠിപ്പിച്ചു. വിവാഹത്തിനുശേഷവും തന്റെ വിദ്യാഭ്യാസം അദ്ദേഹം തുടർന്നു. ചെറുപ്പകാലത്ത് അത്രയൊന്നും മിടുക്കനായ വിദ്യാർത്ഥിയായിരുന്നില്ല മോഹൻദാസ്.

മെട്രിക്കുലേഷൻ വളരെ കഷ്ടപ്പെട്ടാണ് വിജയിച്ചത്. ബാരിസ്റ്റർ ആവാനായി കുടുംബാംഗങ്ങൾ നിർബന്ധിച്ചതിനാലാണ് വിദ്യാഭ്യാസം തുടർന്നതെന്ന്

അദ്ദേഹം പറഞ്ഞിട്ടുണ്ട്.

അവസാനകാലം

ഗന്ധിയുടെ ജീവിതത്തിന്റെ അവസാനകാലം പൊതുവേ ദുഃഖഭരിതമായിരുന്നു. അദ്ദേഹം വെറുത്തിരുന്ന ഇന്ത്യാവിഭജനം അതിന്റെ പ്രധാന കാരണവുമായിരുന്നു. കസ്തൂർബായുടെ വിയോഗവും അദ്ദേഹത്തെ ദുഃഖിതനാക്കി. വിഷ്ണുഭജനമായിരുന്ന ആശ്വാസം. അദ്ദേഹം അനേകം പ്രാർത്ഥനാ യോഗങ്ങളിൽ പങ്കെടുത്തു. 1947 ഓഗസ്റ്റ് 15-ന് ഇന്ത്യ സ്വാതന്ത്ര്യം ആഘോഷിച്ചപ്പോൾ ഗാന്ധിജി കൽക്കത്തയിൽ ഭാരതവിഭജനത്തിൽ ദുഃഖിതനായി കഴിഞ്ഞു. പശ്ചിമപാകിസ്ഥാനിൽ നിന്ന് നിരവധി ഹിന്ദുക്കളും സിഖുകാരും അഭയാർത്ഥികളായെത്തി. സെപ്റ്റംബർ 4 ന് ഡൽഹിയിലും വർഗീയലഹള ആരംഭിച്ചു. 1948 ജനവരിയിലും ഇതേ പോലെ ലഹള ഉണ്ടായി. സമാധാനത്തിനായി അദ്ദേഹം ഡൽഹിയിൽ ജനവരി 13 ന് നിരാഹാരസമരം ആരംഭിച്ചു. സമുദായനേതാക്കളും ലഹളക്ക് നേതൃത്വം കൊടുത്തവരും ഒത്തുതീർപ്പിന് തയ്യാറായപ്പോൾ അദ്ദേഹം നിരാഹാരം അവസാനിപ്പിച്ചു.

ഷെഹിന

ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ

ഇന്ത്യയുടെ ദേശീയ ബഹിരാകാശ ഗവേഷണ സ്ഥാപനമാണ് ഇസ്രോ (ISRO) എന്ന ചുരുക്കപ്പേരിലറിയപ്പെടുന്ന ഇന്ത്യൻ സ്പേസ് റിസർച്ച് ഓർഗനൈസേഷൻ ഭാരതീയ ബഹിരാകാശ ഗവേഷണ സംഘടന, 1969 ആഗസ്റ്റ് 15 ന് നിലവിൽ വന്നു. 2012 സെപ്റ്റംബർ 9 രാവിലെ 9:51 ന് ഇസ്രോയുടെ നൂറാമത്തെ ദൗത്യമായ, പി.എസ്.എൽ.വി - സി 21 ശ്രീഹരിക്കോട്ടയിലെ സതീശ് ധവൻ ബഹിരാകാശ കേന്ദ്രത്തിൽ നിന്ന് വിജയകരമായി വിക്ഷേപിച്ചു.

ബാംഗ്ലൂർ കേന്ദ്രമായി പ്രവർത്തിക്കുന്ന ഇസ്രോയിൽ ഏകദേശം 20,000 ജോലിക്കാർ പ്രവർത്തിക്കുന്നു. ഇപ്പോഴത്തെ നിരക്കുകൾ പ്രകാരം 815 ദശലക്ഷം യു.എസ്. ഡോളറിന്റെ ബജറ്റുള്ള ഇസ്രോയാണ് ഇന്ത്യയുടെ ബഹിരാകാശ പദ്ധതികൾക്ക് ചുക്കാൻ പിടിക്കുന്നത്. തദ്ദേശീയമായ ആവശ്യങ്ങൾക്ക് പുറമേ അന്താരാഷ്ട്ര റോക്കറ്റ് വിക്ഷേപണ സേവനങ്ങളും ഈ സ്ഥാപനം നൽകുന്നുണ്ട്. എ. എസ്. കിരൺകുമാർ ആണ് ഇസ്രോയുടെ ഇപ്പോഴത്തെ അധ്യക്ഷൻ.

ഇസ്രോ കേന്ദ്രങ്ങൾ

ഇസ്രോയുമായി ബന്ധപ്പെട്ട കേന്ദ്രങ്ങൾ താഴെ കാണുന്നവയാണ്:

- വിക്രം സാരാഭായി സ്പേസ് സെന്റർ (VSSC), വേളി, തിരുവനന്തപുരം
- ഇസ്രോ സാറ്റലൈറ്റ് സെന്റർ (ISAC), ബാംഗ്ലൂർ
- സതീശ് ധവൻ ബഹിരാകാശ കേന്ദ്രം (SHAR), ശ്രീഹരിക്കോട്ട
- ലിക്വിഡ് പ്രൊപ്പൽഷൻ സിസ്റ്റംസ് സെന്റർ (LPSC), വലിയമല,

- തിരുവനന്തപുരം
- സ്പേസ് ആപ്ലിക്കേഷൻസ് സെന്റർ (SAC)
- ഡവലപ്മെന്റ് ആന്ഡ് എഡ്യൂക്കേഷണൽ കമ്യൂണിക്കേഷൻ യൂണിറ്റ് (DECU)
- ഇസ്രോ ടെലിമെട്രി, ട്രാക്കിംഗ് ആൻഡ് കമാൻഡ് നെറ്റ്‌വർക്ക് (ISTRAC)
- ഇൻസാറ്റ് മാസ്റ്റർ കണ്ട്രോൾ ഫെസിലിറ്റി (MCF)
- ഇസ്രോ ഇനേർഷ്യൽ സിസ്റ്റംസ് യൂണിറ്റ് (IISU), വട്ടിയൂർക്കാവ്, തിരുവനന്തപുരം
- നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി (NRSA)
- റീജ്യണൽ റിമോട്ട് സെൻസിംഗ് സർവ്വീസ് സെന്റേഴ്സ് (RRSSC)
- ഫിസിക്കൽ റിസർച്ച് ലബോറട്ടറി (PRL)
- നാഷണൽ മീസോസ്ഫിയർ/സ്ട്രാറ്റോസ്ഫിയർ ട്രോപ്പോസ്ഫിയർ റാഡമിപ്പിൾസ് ഫെസിലിറ്റി (NMRF)

ഇസ്റോയുടെ ചെയർമാന്മാർ

1. വിക്രം സാരാഭായി.
2. പ്രൊ. എം.ജി.കെ. മേനോൻ.
3. പ്രൊ. സതീഷ് ധവാൻ.
4. ഡോ. ജി. മാധവൻ നായർ
5. ഡോ. കെ. രാധാകൃഷ്ണൻ
6. എ. എസ്. കിരൺകുമാർ-
7. കെ. ശിവൻ

മിഥു മനോജ്

വിദ്യാലയം

മിഴികളിൽ തെളിയുന്ന വിദ്യയുടെ
പൊൻദീപം തെളിയിച്ച
തന്നൊരെൻ വിദ്യാലയം.

ഹൃദയത്തിലറിവിൻെറ അക്ഷയ
മുത്തുകൾ കനിവോടെ
തന്നൊരെൻ വിദ്യാലയം.

അമ്മതൻ വാത്സല്യം അമൃതമായ്
പെയ്യുന്ന അമ്പിളിക്കാന്തി-
യാണെൻെറ വിദ്യാലയം.

ആചാര്യവാക്കുകൾ അമൃതമായ്
കടയുന്ന പാലാഴിയാണെൻെറ വിദ്യാലയം.

സാഹിത്യശാസ്ത്രങ്ങൾ മണിമാല
കോർക്കുമനുപമമാണെൻെറ വിദ്യാലയം.

ബാല്യകൗമാരങ്ങൾ കേളികളാടി
കരുതൽ തന്നൊരെൻ വിദ്യാലയം.

അഭിഷേക് എസ്

കൊല്ലം ബൈപാസ്

കൊല്ലം ജില്ലയിലൂടെ കടന്നുപോകുന്ന ഒരു പ്രധാന റോഡാണ് കൊല്ലം ബൈപാസ്. ദേശീയപാത 47-നെ ആൽത്തറമൂട് മുതൽ മേവറം വരെ ബന്ധിപ്പിക്കുന്ന ഒരു സമാന്തര പാതയാണിത്.കേന്ദ്രസർക്കാരിനാണ് ഈ റോഡിൻറെ സംരക്ഷണ ചുമതലയുള്ളത്.മേവറം മുതൽ ആൽത്തറമൂട് വരെയുള്ള റോഡിൻറെ ആകെ നീളം 13 കി.മീറ്റർ ആണ്. 45 മീറ്റർ വീതിയുള്ള റോഡിൻറെ പത്തു മീറ്റർ ഭാഗമാണ് റോഡ് പ്രതലം. അരവിള പാലം, കടവൂർ പാലം, കണ്ടച്ചിറ പാലം എന്നീ മൂന്ന് പാലങ്ങളും ഉൾപ്പെടുന്നതാണ് ബൈപാസ് റോഡ്.

കൊല്ലം നഗരത്തിനുള്ളിലെ തിരക്ക് കുറയ്ക്കാനായി 1971 ൽ ടി.കെ. ദിവാകരൻ പൊതുമരാമത്തു മന്ത്രിയായിരുന്ന സമയത്താണ് കൊല്ലംബൈപാസ് എന്ന ആശയം നിലവിൽ വന്നത്. ഈ സമയത്ത് ഓലയിൽ, തേവള്ളി, വെള്ളയിട്ടമ്പലം വഴിയാണ് അന്നത്തെ ഉദ്യോഗസ്ഥർ, നിർദ്ദേശിച്ചത്. എന്നാൽ ടി.കെ ദിവാകരൻറെ വ്യക്തിപരമായ ആഗ്രഹപ്രകാരം മേവറം, കല്ലുംതാഴം, കടവൂർ, കാവനാട് വഴി ആക്കുകയായിരുന്നു. മേവറം മുതൽ കല്ലുംതാഴം വരെയുള്ള 4.55 കി.മീ ദൂരം പണി പൂർത്തിയാക്കി 2000-ൽ ഗതാഗതത്തിനു തുറന്നുകൊടുത്തിരുന്നു.2019 ജനവരി 15 നു പ്രധാനമന്ത്രി നരേന്ദ്രമോദി ബൈപാസ് റോഡ് രാഷ്ട്രത്തിനു സമർപ്പിച്ചു.

അക്ഷയ്

സോഫിയ

ഹോങ്കോങ് അധിഷ്ഠിത കമ്പനിയായ ഹാൻസൺ റോബോട്ടിക്സ് നിർമിച്ച സോഷ്യൽ ഹീറോമോയിഡ് റോബോട്ടാണ് സോഫിയ . 2016 ഫെബ്രുവരി 14 ന് സോഫിയ

ആക്ടിവേറ്റ് ചെയ്തു. സൗത്ത് വെസ്റ്റ് ഫെസ്റ്റിവലിൽ സോഷ്യൽ നെറ്റ് വർക്ക് അവതരിപ്പിച്ചു.50-ലധികം മുഖങ്ങൾ പ്രദർശിപ്പിക്കാൻ കഴിയും.

ലോകമെമ്പാടുമുള്ള മാധ്യമങ്ങൾ സോഫിയയ്ക്ക് നൽകിയിട്ടുണ്ട്. നിരവധി അഭിമുഖങ്ങളിൽ പങ്കെടുക്കുകയും ചെയ്തു. 2017 ഒക്ടോബറിൽ സോഫിയ രാജ്യത്ത് പൗരത്വം നേടിയ ആദ്യ റോബോട്ടാണ്. 2017 നവംബറിൽ സോഫിയ യുണൈറ്റഡ് നേഷൻസ് ഡെവലപ്പ്മെന്റ് പ്രോഗ്രാമിന്റെ ആദ്യത്തെ ഇന്നൊവേഷൻ ചാമ്പ്യൻ എന്ന സ്ഥാനത്തിന് നാമനിർദേശം ചെയ്യപ്പെട്ടു. മനുഷ്യനല്ല കമ്പ്യൂട്ടർ പ്രോഗ്രാമായ എലിസയുമായി സോഫിയ സമാനമായ ആശയവിനിമയമാണ്, അത് മനുഷ്യ സംഭാഷണത്തെ രൂപപ്പെടുത്തുന്നതിനുള്ള ആദ്യ ശ്രമങ്ങളിലൊന്നായിരുന്നു. ഒരു ചാറ്റ്ബോട്ട് പോലെയുള്ള പ്രത്യേക ചോദ്യങ്ങൾക്കും ശൈലികൾക്കുമായി പ്രീ എഴുതി തയ്യാറാക്കിയ റെസ്പോൺസസ് നൽകാൻ ഈ പ്രോഗ്രാം ഉപയോഗിച്ചു. റോബോട്ട് സംഭാഷണം മനസിലാക്കാൻ കഴിയുന്ന മിഥ്യ സൃഷ്ടിക്കാൻ ഈ പ്രതികരണങ്ങൾ ഉപയോഗിക്കുന്നു, "വാതിൽ തുറന്നോ അടച്ചിട്ടുണ്ടോ?" എന്നതുപോലുള്ള ചോദ്യങ്ങൾക്കുള്ള സ്റ്റോക്ക് ഉത്തരങ്ങൾ ഉൾപ്പെടെ. ബ്ലോക്ക്ചെയ്ൻ ടെക്നോളജിയിൽ വിശകലനം ചെയ്യുന്നതിനായി ഇൻപുട്ടും പ്രതികരണങ്ങളും അനുവദിക്കുന്ന ഒരു ക്ലൗഡ് നെറ്റ്വർക്കിൽ ഈ വിവരങ്ങൾ പങ്കുവയ്ക്കുന്നു

സെയ്ദലി

കേരളത്തിലെ മുഖ്യമന്ത്രിമാരുടെ പട്ടിക

1 ഇ.എം.എസ്.നമ്പൂതിരിപ്പാട്
2 പട്ടം താണുപിള്ള
3 ആർ.ശങ്കർ
4 ഇ.എം.എസ്.നമ്പൂതിരിപ്പാട്
5 സി.അച്യുതമേനോൻ
6 കെ.കരുണാകരൻ
7 എ.കെ.ആൻറണി
8 പി.കെ.വാസുദേവൻ നായർ
9 സി.എച്ച്.മുഹമ്മദ്കോയ
10 ഇ.കെ.നയനാർ
11 കെ.കരുണാകരൻ
12 കെ.കരുണാകരൻ
13 ഇ.കെ.നയനാർ
14 കെ.കരുണാകരൻ
15 എ.കെ.ആൻറണി
16 ഇ.കെ.നയനാർ
17 എ.കെ.ആൻറണി
18 ഉമ്മൻ ചാണ്ടി

19 വി.എസ്.അച്യുതാനന്ദൻ
20 ഉമ്മൻ ചാണ്ടി
21 പിണറായി വിജയൻ

www.DesktopBackground.org

സാം

പഴഞ്ചൊല്ലുകൾ

* പട പേടിച്ച് പന്തളത്ത് പോയപ്പോൾ അവിടെ പന്തംകൊളുത്തിപ്പട

* തീയിൽ കുരുത്തത് വെയിലത്ത് വാടുമോ?

* മണ്ണും ചാരി നിന്നവൻ പെണ്ണും കൊണ്ട് പോയി

*മീനത്തിൽ മഴ പെയ്താൽ മീനിനും ഇരയില്ല

*മേപ്പുരയുള്ളവനല്ലേ തീപ്പൊരി പേടിയുള്ളൂ

*കയ്യൂക്കുള്ളവൻ കാര്യക്കാരൻ

*കരയുന്ന കുഞ്ഞിനേ പാലുള്ളൂ

*കുന്തം പോയാൽ കുടത്തിലും തപ്പണം

*ഗതികെട്ടാൽ പുലിപുല്ലും തിന്നും

*ചക്കിന് വച്ചത് കൊക്കിന് കൊണ്ടു

ആദർശ്

ഇലക്ട്രോണിക് മാലിന്യം(ഇ-വേസ്റ്റ്)

ഇലക്ട്രോണിക് മാലിന്യമോ ഇ-വേസ്റ്റ് ഇഷ്യൂ ഇലക്ട്രോണിക് അല്ലെങ്കിൽ ഇലക്ട്രോണിക് ഉപകരണങ്ങൾ ഉപേക്ഷിച്ച വിവരിക്കുന്നു. പുനരുപയോഗിക്കാനുപയോഗിക്കുന്ന, പുനർവിൽപന, പുനരധിവാസം, പുനരുൽപ്പാദനം അല്ലെങ്കിൽ തീർപ്പാക്കൽ എന്നിവ ഉപയോഗിക്കുന്ന ഇലക്ട്രോണിക് ഇ - വേസ്റ്റുകൾ കൂടിയാണ്. വികസ്വര രാജ്യങ്ങളിലെ ഇ-വേദനയുടെ അനൗപചാരികമായ പ്രോസസ്സിന് പ്രതികൂല മനുഷ്യരുടെ ആരോഗ്യപ്രശ്നങ്ങൾക്കും പാരിസ്ഥിതിക മലിനീകരണത്തിനും കാരണമാകുന്നു .

ഇലക്ട്രോണിക് സ്ക്രാപ്പ് ഘടകങ്ങളിൽ ലീഡ് , കാഡ്മിയം , ബെറിലിയം അല്ലെങ്കിൽ ബ്രോമിൻഡ് ഫ്ലേം റിട്ടാർഡന്റ് തുടങ്ങിയ ദോഷകരമായ വസ്തുക്കളാണ് അടങ്ങിയിരിക്കുന്നത്. ഇ-വേസ്റ്റ് പുനരുൽപ്പാദനം, വിതരണം ചെയ്യൽ വികസിത രാജ്യങ്ങളിലെ തൊഴിലാളികളുടെയും സമൂഹത്തിന്റെയും ആരോഗ്യത്തിന് കാര്യമായ പ്രതിസന്ധി ഉണ്ടാവാം.റീസൈക്കിൾ ചെയ്യൽ പ്രവർത്തനങ്ങളിൽ സുരക്ഷിതമല്ലാത്ത എക്സ്പോഷർ ഒഴിവാക്കുന്നതിനും കനത്ത ലോഹങ്ങൾ, മുതലായ വസ്തുക്കളുടെ ചോർച്ച ഒഴിവാക്കാനും ശ്രദ്ധിക്കണം. ഇലക്ട്രോണിക് മാലിന്യങ്ങൾ കമ്പ്യൂട്ടർ റീസൈക്കിൾ ചെയ്യുന്ന സബ്സെറ്റിന്റെ ഉയർന്ന വില പ്രദർശന ഉപകരണങ്ങളിലൂടെ നേടിയെടുക്കാൻ കഴിയുന്നതിനേക്കാളും കൂടുതൽ വിലയില്ലാത്ത കഷണങ്ങൾക്ക് ചെലവ് വഹിക്കാൻ സഹായിക്കും. സ്ക്രാപ്പ് മൂല്യം. ഘാന ഇ-വേസ്റ്റ് കൺട്രോൾ അസ്സസ്സ്മെന്റ് എന്ന ഒരു 2011 ലെ കണക്കുകൾ പ്രകാരം, ഘാനയിലേക്ക് ഇറക്കുമതി ചെയ്യപ്പെടുന്ന 215,000 ടൺ ഇലക്ട്രോണിക് ഉപകരണങ്ങൾ, 30% പുതിയവയാണ്, 70% ഉപയോഗിക്കപ്പെട്ടു. ഉപയോഗിക്കപ്പെട്ട ഉൽപ്പന്നങ്ങളിൽ, 15% വീണ്ടും ഉപയോഗിക്കപ്പെടാതെ കിടന്നു അല്ലെങ്കിൽ ഉപേക്ഷിക്കപ്പെട്ടു എന്ന് പഠനം വ്യക്തമാക്കുന്നു. ഇത് ഘാനയിലെ ഇറക്കുമതിയുടെ 80 ശതമാനവും പ്രാഥമിക സാഹചര്യങ്ങളിൽ കത്തിച്ചതായി പ്രസിദ്ധീകരിച്ചുവെങ്കിലും, അവകാശപ്പെടാത്ത അവകാശവാദങ്ങളുമായി വ്യത്യാസങ്ങളുണ്ട്.

അക്ഷയ്

നാനോസാങ്കേതികവിദ്യ

ദ്രവ്യത്തെ അതിന്റെ പരമാണുതലത്തിൽ കൈകാര്യം ചെയ്യാൻ സഹായിക്കുന്ന സാങ്കേതികവിദ്യയാണ് നാനോടെക്നോളജി. പരമാണുതലം എന്നാൽ ഒരു മൈക്രോ മീറ്ററിൽ താഴെ എന്നാണ്. ഈ അളവിൽ ഉള്ള സൂക്ഷ്മ യന്ത്രങ്ങളുടെ നിർമ്മാണം അവയുടെ പരിരക്ഷ തുടങ്ങിയവയും നാനോടെക്നോളജിയുടെ പരിധിയിൽ വരുന്നു. എന്നാൽ ഏറ്റവും പ്രധാനപ്പെട്ട കാര്യം നാനോടെക്നോളജി ഒരു പ്രത്യേക ശാസ്ത്ര ശാഖയുടെ കീഴിൽ വരുന്നില്ല എന്നതാണ്. ഇതിൽ നിന്നു കിട്ടുന്ന ഗവേഷണ ഫലങ്ങൾ എല്ലാ ശാസ്ത്ര മേഖലകൾക്കും ഗുണം ചെയ്യും.

ദ്രവ്യത്തെ നാനോതലത്തിൽ ചെറുതായി പരുവപ്പെടുത്തുമ്പോൾ അത് ഭൌതിക-കാന്തിക-രാസ മാറ്റങ്ങൾക്ക് വിധേയമാകും. ഇങ്ങനെ നാനോ അവസ്ഥയിൽ ഉണ്ടാകുന്ന മാറ്റങ്ങൾ പ്രയോജനപ്പെടുത്തി നവീനവും കാര്യക്ഷമതയുള്ളതുമായ ഉത്പന്നങ്ങൾ നിർമ്മിക്കുക എന്നതാണ് നാനോസാങ്കേതികവിദ്യയുടെ പ്രധാന ലക്ഷ്യം. നാനോമീറ്റർ എന്നതിന്റെ ചുരുക്കരൂപമാണ് നാനോ എന്ന് അറിയപ്പെടുന്നത്. ഒരു മീറ്ററിന്റെ നൂറുകോടിയിൽ ഒരംശം ആണ് ഒരു നാനോമീറ്റർ. കുള്ളൻ എന്നർഥം വരുന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് നാനോ എന്ന വാക്ക് ഉരുത്തിരിഞ്ഞുവന്നത്.

ദ്രവ്യത്തിന്റെ നാനോമീറ്റർ തലത്തിലുള്ള സ്വഭാവവും പെരുമാറ്റവും പഠനവിധേയമാക്കുന്ന ശാസ്ത്രശാഖയാണ് നാനോ സയൻസ്. 1 നാ. മീ. മുതൽ 100 നാ. മീ. വരെയാണ് ഇതിന്റെ പരിധിയിൽ വരുന്നത്. നാനോസയൻസിനെ അവലംബിച്ച് ഉത്പന്നങ്ങളും സേവനങ്ങളും സാധ്യമാക്കുമ്പോൾ അതിനെ നാനോസാങ്കേതികവിദ്യ എന്നു പറയുന്നു. വിവിധ അടിസ്ഥാന ശാസ്ത്രശാഖകളുമായി ചേർത്തും ഈ രംഗത്ത് പഠനഗവേഷണങ്ങൾ നടക്കുന്നുണ്ട്. ഉദാ. നാനോഫിസിക്സ്, നാനോകെമിസ്ട്രി, നാനോബയോളജി. ഇതുകൂടാതെ ചില എഞ്ചിനീയറിങ് വിഷയങ്ങളുമായി സംയോജിപ്പിച്ചുള്ള പഠനവും മുന്നേറുന്നുണ്ട്.

ചരിത്രം

ഒരു വിജ്ഞാനശാഖയായി മാറുന്നതിന് വളരെ മുൻപു തന്നെ സൂക്ഷ്മ കണങ്ങളുടെ വിപുലമായ സാധ്യതകളെ പറ്റി അന്വേഷണങ്ങളും അനുമാനങ്ങളും ആരംഭിച്ചിരുന്നു. ചരിത്രത്തിൽ അനവധി അവസരങ്ങളിൽ പദാർഥങ്ങളുടെ നാനോ ഉപയോഗം വിവരിച്ചിട്ടുണ്ട്. പക്ഷേ, അറിവ് എന്ന നിലയിൽ ഇന്നത്തെ സമൂഹം ഉപയോഗിക്കുന്ന രീതിയിൽ അല്ല അന്നത്തെ സമൂഹം ഈ സാങ്കേതികവിദ്യയെ സമീപിച്ചിരുന്നത്. ആയുർവേദ ഔഷധങ്ങളിൽ വ്യാപകമായി സ്വർണത്തിന്റെ നാനോ കണങ്ങൾ ചേർത്തിരുന്നു എന്നതിന് തെളിവുണ്ട്. ഇന്നും വിവിധ ചികിത്സാ രീതികളിൽ ഇത് തുടരുന്നുമുണ്ട്. അലക്സാണ്ട്രിയയിലെ രസതന്ത്രജ്ഞർ യൗവനം നിലനിർത്താനായി സൃഷ്ടിച്ച ഔഷധത്തിൽ സ്വർണത്തിന്റെ നാനോ കണികകൾ ഉപയോഗിച്ചിരുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. നാലാം നൂറ്റാണ്ടിൽ റോമിൽ പ്രചാരത്തിലുണ്ടായിരുന്ന ലൈകർഗസ് കോപ്പകൾ നാനോ പദാർഥവിജ്ഞാനീയത്തിന്റെ അടിസ്ഥാനത്തിലുള്ള നിർമിതികൾക്കുദാഹരണമാണ്. 70 നാനോമീറ്റർ വലിപ്പമുള്ള കണങ്ങളാണ് ലൈകാർഗസ് കോപ്പയുടെ നിർമ്മാണത്തിൽ ഉപയോഗിച്ചിരുന്നത്. പ്രകാശം പതിക്കുന്നവശം പച്ചനിറത്തിലും എതിർവശം ഇളം ചുവപ്പ് നിറത്തിലും കാണപ്പെടുന്ന ഇത്തരത്തിലൊരു കപ്പ് ഇപ്പോഴും ബ്രിട്ടീഷ് മ്യൂസിയത്തിൽ സൂക്ഷിച്ചിട്ടുണ്ട്.



സാധ്യതകൾ

നാമുപയോഗിക്കുന്ന മിക്ക ഉപകരണങ്ങളുടെയും വലിപ്പം കുറയും എന്നതുതന്നെയാണ് നാനോ ടെക്നോളജിയുടെ ഏറ്റവും വലിയ സാധ്യത. ശക്തിയേറിയ കാർബൺ ഫൈബറുകൾ നിർമ്മിക്കാൻ നാനോ ടെക്നോളജി കൊണ്ട് സാധിക്കും. നാളത്തെ ലോകത്ത് സിലിക്കണിനു പകരമായി ഉപയോഗിക്കാൻ സാധിക്കുന്ന കാർബൺ നാനോ ട്യൂബുകൾ കണ്ടുപിടിച്ചു കഴിഞ്ഞു. ബൾബുകളിൽ ഫിലമെന്റിനു പകരമായും കൃത്രിമ അവയവങ്ങളുടെ നിർമ്മാണത്തിനും ഭൂകമ്പം ബാധിക്കാത്ത കെട്ടിടങ്ങളുടെ നിർമ്മാണത്തിനും കാർബൺ നാനോ ട്യൂബുകൾ ഉപയോഗിക്കാൻ സാധിക്കും. നാനോ ടെക്നോളജിയുടെ അത്ഭുതപൂർവമായ ഒരു സാധ്യതയാണ് ടെലിപോർട്ടേഷൻ. ഒരു വസ്തുവിനെ ഒരു ബിന്ദുവിൽ നിന്ന് ഏറെക്കുറേ അപ്രത്യക്ഷമാക്കി അതിന്റെ കൃത്യമായ ആറ്റോമിക ഘടന മറ്റൊരു സ്ഥലത്തേക്ക് അയച്ച് അവിടെവെച്ച് ആ വസ്തുവിനെ പുന:സൃഷ്ടിക്കുന്ന പ്രക്രിയയാണ് ടെലിപോർട്ടേഷൻ. നാനോടെക്നോളജി സമഗ്രമായി വികസിച്ചാൽ ഇത് അസാധ്യമല്ലെന്നാണ് ശാസ്ത്ര ലോകം കരുതുന്നത്.

സ്വാം

കേരളത്തിലെ വെള്ളപ്പൊക്കം (2018)

2018 ജൂലൈ-ഓഗസ്റ്റ് മാസങ്ങളിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ മഴ പെയ്തതിന്റെ ഫലമായാണ് **2018-ലെ കേരള വെള്ളപ്പൊക്ക ദുരന്തം** സംഭവിച്ചത്. അതിശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി. അണക്കെട്ടുകളിലെ ജലനിരപ്പ് ക്രമാതീതമായി ഉയർന്നതോടെ അവയുടെ ഷട്ടറുകൾ തുറന്നുവിട്ടത് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിപ്പിച്ചു. ചരിത്രത്തിലാദ്യമായാണ് കേരളത്തിലെ 54 അണക്കെട്ടുകളിൽ 35 എണ്ണവും തുറന്നുവിടേണ്ടി വന്നത്. 26 വർഷത്തെ ഇടവേളയ്ക്കു ശേഷമാണ് ചെറുതോണി അണക്കെട്ടിന്റെ 5 ഷട്ടറുകൾ ഒരുമിച്ചു തുറന്നത്. അതിശക്തമായ മഴയിൽ വയനാട് ജില്ല പൂർണമായും ഒറ്റപ്പെട്ടുവെന്നു പറയാം.നദികൾ കരകവിഞ്ഞൊഴുകിയത് റോഡ്, റെയിൽ, വ്യോമ ഗതാഗത ശൃംഖലകളെ പ്രതികൂലമായി ബാധിച്ചു. തൊണ്ണൂറ്റിയൊമ്പതിലെ വെള്ളപ്പൊക്കം എന്നറിയപ്പെടുന്ന 1924-ലെ പ്രളയത്തിനുശേഷം കേരളത്തിലുണ്ടായ ഏറ്റവും വലിയ പ്രളയമെന്നാണ് 2018-ലെ വെള്ളപ്പൊക്കം വിശേഷിപ്പിക്കപ്പെടുന്നത്. കനത്ത മഴയിലും, പ്രളയത്തിലും ഉരുൾപൊട്ടലിലും ഏകദേശം 483 പേർ മരിച്ചതായും 14 പേരെ കാണാതായതായും 140 പേർ ആശുപത്രിയിലായതായും മുഖ്യമന്ത്രി പിണറായി വിജയൻ പ്രളയാനന്തര പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യാൻ ചേർന്ന പ്രത്യേക നിയമസഭാ സമ്മേളനത്തെ അറിയിച്ചു. കാലവർഷം ശക്തമായ ഓഗസ്റ്റ് 21 ന് 3,91,494 ലക്ഷം കുടുംബങ്ങളിൽ നിന്നായി 14,50,707 ആളുകൾ ദുരിതാശ്വാസ ക്യാമ്പുകളിൽ ജിവിക്കേണ്ട അവസ്ഥയിലെത്തികേരളത്തിലെ 14 ജില്ലകളിലും അതീവ ജാഗ്രതാ മുന്നറിയിപ്പ് പ്രഖ്യാപിച്ചു.

ദുരന്തകാരണം

2018 ജൂലൈ-ഓഗസ്റ്റിൽ തെക്കുപടിഞ്ഞാറൻ കാലവർഷകാലത്ത് ഉയർന്ന അളവിൽ

മഴ പെയ്തതിന്റെ ഫലമായാണ് 2018-ലെ കേരള വെള്ളപ്പൊക്ക ദുരന്തം സംഭവിച്ചത്.ശക്തമായ മഴയെത്തുടർന്ന് കേരളത്തിലെ മിക്ക ജില്ലകളിലും വെള്ളപ്പൊക്കവും മലയോര മേഖലകളിൽ ഉരുൾപൊട്ടലുമുണ്ടായി. അണക്കെട്ടുകളിൽ ജലനിരപ്പ് ഉയർന്നതോടെ അണക്കെട്ടുകളുടെ ഷട്ടറുകൾ തുറന്നുവിട്ടതാണ് വെള്ളപ്പൊക്കത്തിന്റെ ആഘാതം വർദ്ധിക്കുവാൻ പ്രധാന കാരണമായതെന്ന ആരോപണം ഉയരുന്നുണ്ട്. എന്നാൽ കേന്ദ്ര ജല ക്കമ്മീഷന്റെ റിപ്പോർട്ട് വന്നതോടെ ആരോപണങ്ങൾ ശരിയല്ലെന്ന് തെളിഞ്ഞു. കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകുന്നത് യഥാർത്ഥത്തിൽ ഡാമുകളിലേക്ക് ഒഴുകിയെത്തിയതിൽ ഒരു ഭാഗം മാത്രമാണ് പുറത്തേക്ക് തുറന്ന് വിട്ടത്. ഒരു ഭാഗം ജലം ഡാമിൽ തന്നെ പിടിച്ചു നിർത്തുകയും അത്രത്തോളം പ്രളയത്തിന്റെ രൂക്ഷത കുറയ്ക്കാനും സഹായകരമായി എന്നാണ് കേന്ദ്ര ജല കമ്മിഷന്റെ കണ്ടെത്തൽ.

മഴക്കെടുതികൾ

വൃഷ്ടി പ്രദേശത്തും മറ്റും പെയ്ത നിർത്താതെ മഴ മൂലം ഇടുക്കി ഡാമിലെ ജലനിരപ്പുയരുകയും ഡാമിന്റെ 5 ഷട്ടറുകൾ ചരിത്രത്തിലാദ്യമായി തുറക്കുകയും ചെയ്തു.പ്രധാനമന്ത്രി നരേന്ദ്ര മോദിയും കേന്ദ്ര പ്രതിരോധ മന്ത്രി രാജ്നാഥ് സിങ്ങും കേരളത്തിൽ വ്യോമമാർഗം നിരീക്ഷണം നടത്തി.കേരള ചരിത്രത്തിലാദ്യമായാണ് 35 ഡാമുകൾ ഒരുമിച്ച് തുറന്നത്. വയനാട്ടിൽ മഴയും മണ്ണിടിച്ചിലും വ്യാപകമായ നാശനഷ്ടം വിതച്ചു, ചുരം ഇടിഞ്ഞ് യാത്ര തടസ്സപ്പെട്ടു . ഇടുക്കിയിലെ ചെറുതോണിയിൽ വെള്ളം കയറി. 330-ൽ അധികം പേർ കൊല്ലപ്പെടുകയും പത്ത് ലക്ഷത്തിൽപരം ആളുകളെ മാറ്റിപ്പാർപ്പിക്കുകയും ചെയ്തു.

ആദിത്യൻ

ഇന്ത്യയിലെ കേന്ദ്രഭരണപ്രദേശങ്ങളും അവയുടെ തലസ്ഥാനങ്ങളും

ഇന്ത്യൻ ഭരണ സംവിധാനത്തിന്റെ ഒരു ഭാഗമാണ് കേന്ദ്രഭരണ പ്രദേശങ്ങൾ. ഇന്ത്യൻ ഫെഡറൽ സർക്കാരിൽ കേന്ദ്രഭരണ പ്രദേശങ്ങൾക്കുപുറമെ സംസ്ഥാനങ്ങളുമാണുള്ളത്. സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേന്ദ്രഭരണ പ്രദേശങ്ങൾ കേന്ദ്രസർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് പ്രവർത്തിക്കുന്നത്.

ദേശീയ തലസ്ഥാനമായ ഡൽഹി ഉൾപ്പെടെ ഇന്ത്യയിൽ നിലവിൽ 7 കേന്ദ്രഭരണ പ്രദേശങ്ങളാണുള്ളത്.

പ്രദേശങ്ങൾ		തലസ്ഥാനങ്ങൾ
1.ആന്തമാൻ നിക്കോബാർ ദ്വീപുകൾ	-	പോർട്ട് ബ്ലയർ
2.ചണ്ഡീഗഡ്	-	ചണ്ഡീഗഡ്
3.ദാദ്ര,നാഗർ ഹവേലി	-	സിൽവാസ
4.ദാമൻ,ദിയു	-	ദാമൻ
5.ലക്ഷദ്വീപ്	-	കവരത്തി
6.പുതുച്ചേരി	-	പുതുച്ചേരി
7.ഡൽഹി	-	ന്യൂഡൽഹി

ആര്യദേവൻ

നാസ

ബഹിരാകാശ പഠന പര്യവേക്ഷണങ്ങൾക്കായി സ്ഥാപിച്ച യു.എസ്. ഗവൺമെന്റ് സ്ഥാപിച്ചിട്ടുള്ള സ്ഥാപനമാണ് **നാസ** (NASA). **നാഷണൽ എയ്റോനോട്ടിക്സ് ആൻഡ് സ്പെയ്സ് അഡ്മിനിസ്ട്രേഷൻ** എന്നതിന്റെ ചുരുക്കപ്പേരാണിത്. ലോകത്തിലെ ഏറ്റവും വലിയ ബഹിരാകാശ ഗവേഷണ ഏജൻസിയായ നാസ, വിജയകരമായ അനേകം ബഹിരാകാശ യാത്രകൾക്കും പദ്ധതികൾക്കും രൂപംനല്കുകയും ഏകദേശം 150 പ്രാവശ്യം മനുഷ്യനെ ഭൂമിയുടെ ഭ്രമണപഥത്തിൽ എത്തിക്കുകയും ചെയ്തിട്ടുണ്ട്. 1958-ൽ സ്ഥാപിതമായ നാസയുടെ ആസ്ഥാനം വാഷിങ്ടൺ ആണ്.

ചരിത്രം

1958-ൽ ഔദ്യോഗികമായി രൂപം കൊണ്ട നാസയുടെ ചരിത്രം നാഷണൽ അഡ്വൈസറി കമ്മറ്റി ഫോർ എയ്റോനോട്ടിക്സിന്റെ രൂപീകരണത്തോടെയാണ് ആരംഭിക്കുന്നത്. വ്യോമയാനരംഗത്ത് യൂറോപ്യൻ രാജ്യങ്ങളുടെ പിറകിലായിരുന്ന അമേരിക്കയെ

മുന്നിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ സ്മിത്ത്സോണിയൻ ഇൻസ്റ്റിറ്റ്യൂഷൻ സെക്രട്ടറിയായിരുന്ന ചാൾസ് ഡി. വാൽക്കോട്ടിന്റെ നേതൃത്വത്തിലാണ് 1915-ൽ എൻ.എ.സി.എ. രൂപംകൊള്ളുന്നത്. 'വ്യോമയാനരംഗത്തെ പുരോഗതിക്കായി ഒരു സൈനികേതര ഏജൻസി' എന്ന ചാൾസ് ഡി. വാൽക്കോട്ടിന്റെ ആശയമായിരുന്നു എൻ.എ.സി.എ.യുടെ രൂപീകരണത്തിന് വഴിതെളിച്ച പ്രധാന ആശയം. എന്ന 46 വർഷം പഴക്കമുള്ള ഗവേഷണസ്ഥാപനം 'നാസ'യായി മാറുമ്പോൾ 4 പരിക്ഷണ ശാലകളും 80 തൊഴിലാളികളുമാണ് ഉണ്ടായിരുന്നത്.

1958 ജനവരി 31 ന് എക്സ്പ്ലോറർ 1 അമേരിക്ക ഭ്രമണപഥത്തിൽ എത്തിച്ചു.നാസയുടെ തുടക്കം മുതൽക്കെ ലക്ഷ്യമിട്ടത് മനുഷ്യനെ എങ്ങനെ വിജയകരമായി ബഹിരാകാശത്ത് എത്തിക്കാമെന്നായിരുന്നു.അങ്ങനെ അമേരിക്കയും സോവിയറ്റ് യൂനിയനും ബഹിരാകാശ ഗവേഷണ രംഗത്ത് മത്സരയോട്ടം ആരംഭിക്കുക യായിരുന്നു.ഈ ബഹിരാകശയോട്ടത്തിൽ വേർണൽ വോൺ ബ്രൌൺൻറെ നേതൃത്വത്തിലുള്ള ജർമൻ റോക്കറ്റ് പ്രോഗ്രാമിന്റെ പ്രവേശനം നിർണ്ണായകമായിരുന്നു.രണ്ടാം ലോക മഹാ യുദ്ധത്തിനു ശേഷം അമേരിക്കൻ പൌരൻ ആയ വെർണൽ ഇന്ന് 'അമേരിക്കൻ ബഹിരാകാശ പരിപാടിയുടെ പിതാവാ'യി അറിയപ്പെടുന്നു.

നാസയുടെ നായകർ

നാസ സംഘത്തിൻറെ നേതൃത്വവും നിയന്ത്രണവും അഡ്മിനിസ്ട്രേറ്ററിൽ നിക്ഷിപ്തമാണ്.നാസയുടെ ഏറ്റവും ഉയർന്ന റാങ്ക് ആയ അഡ്മിനിസ്ട്രേറ്റർ തന്നെയാണ് അമേരിക്കൻ പ്രസിഡന്റ്ൻറെ സീനിയർ സ്പേസ് സയൻസ് ഉപദേശകനും.ചാൾസ് എഫ്

ബോൾഡെൻനാണ് ഇപ്പോഴത്തെ അഡ്മിനിസ്ട്രേറ്റർ. പ്രസിഡൻറ്ൻറെ എക്സിക്യൂട്ടീവ് ഓഫീസിന്റെയും ബന്ധപ്പെട്ട മറ്റ് ഗവൺമെന്റ് സ്ഥാപനങ്ങളുടെയും നാസ പ്രതിനിധി കൂടിയാണ് ഡേപ്യൂട്ടി അഡ്മിനിസ്ട്രേറ്റർ.ദൈനംദിന കാര്യങ്ങളുടെ ചുമതലും ഇദേഹത്തിനാണ്.

നാസയുടെ എയർക്രാഫ്റ്റ്സ്

നാസ തങ്ങളുടെ ഗവേഷണ പ്രവർത്തനങ്ങൾക്കായി എയർ ക്രാഫ്റ്റ്കൾ പുതുതായി

നിർമ്മിക്കുകയോ,സൈന്യത്തിൽ നിന്നും വാടകക്ക് എടുക്കുകയോ ചെയ്യുന്നു.ചില ശ്രദ്ധേയമായ എയർ ക്രാഫ്റ്റ്സ്

- B-57 കാൻബെറ: അന്തരീക്ഷ ഗവേഷണത്തിനും സ്പേസ് ഷട്ടിൽ നിരീക്ഷണത്തിനും ഉപയോഗിക്കുന്നു.
- കോൺവെയിർ-9990: എയറോനോട്ടിക്സ്,ഭൌമനിരീക്ഷണം എന്നി ഗവേഷണങ്ങൾക്ക് വേണ്ടിയുള്ള എയർബോൺ ലബോറട്ടറി.
- KC-135 സ്ട്രേറ്റോടാങ്കർ: ഗ്രാവിറ്റി റിസർച്ച് പ്രോഗാമിന് ആയി 1973 മുതൽ 2004 വരെ ഉപയോഗിച്ചു.
- P-3 ഒറിയോൺ: എർത്ത് സയൻസ് റിസർച്ച് പ്ലാറ്റ്ഫോമായി ഉപയോഗിക്കുന്നു.

നാസയുടെ മറ്റു ഗവേഷണ സ്ഥാപങ്ങൾ

- ജെറ്റ് പ്രോപ്പെൽഷൻ ലബോറട്ടറി (കാലിഫോർണിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി)-കാലിഫോർണിയ
- ലാന്ഗ്ലി റിസർച്ച് സെൻറെർ- ഹാംപ്ടൺ
- അമെസ് റിസർച്ച് സെൻറെർ- കാലിഫോർണിയ

നാസയുടെ അവാർഡുകൾ

നാസയുടെ പ്രവർത്തകർക്കും,ബഹിരാകാശ സഞ്ചാരികൾക്കും മെഡലുകളും പദവികളും അവരുടെ പ്രവർത്തനത്തെ വിലയിരുത്തി നൽകി വരുന്നു. ഇതിൽ ഏറ്റവും ഉന്നതമായ അവാർഡാണ് 'കോൺഗ്രെഷണൽ സ്പേസ് മെഡൽ ഓഫ് ഓണർ'. ഇതുവരെ 28 പേർക്ക് ഏ പദവി ലഭിച്ചിട്ടുണ്ട്.ഇതിൽ 17 പേർക്ക് മരണാനന്തര ബഹുമതിയായാണ് ലഭിച്ചത്.രാഷ്ട്രത്തിൻറെയും മാനവരാശിയുടെയും നന്മക്കായി അതിവിശിഷ്ട സേവനം കാഴ്ചവെക്കുന്ന പ്രവർത്തകരെ ആദരിക്കാനാണ് ഈ പദവി നൽകുന്നത്. നാസയുടെ രണ്ടാമത്തെ ഉന്നത ബഹുമതിയാണ് 'നാസാ വിശിഷ്ടസേവ മെഡൽ'ഫെഡറൽ ഗവണ്മെന്റ്ൻറെ അംഗമായ സൈനിക ബഹിരാകാശ സഞ്ചാരികൾക്കും തൊഴിലാളികൾക്കും ഇത് ലഭിക്കും.വർഷംതോറും നൽകി വരുന്ന മെഡലാണത്.

നന്ദന

പ്രണയാർദ്രം

കവനകൗതുകം വായ്ക്കുന്ന പൊൻമണി-
ച്ചിമിഴിലെങ്ങും നിറഞ്ഞ സംഗീതമേ
കഴിയുമോ നിനക്കിനിയുമീ വീണയിൽ
വ്രണിത ചിന്തയാൽ പാഴ്ശ്രുതി മീട്ടുവാൻ

നിലവിളിക്കുന്ന കരളിനായന്നു നീ
അമൃത മധുരം മധു പകർന്നീടവേ
കനവിലായ് വന്നുപോയീ നിരന്തരം
മനമുണർത്തുന്ന മൗനാർദ്ര ചിന്തകൾ

ശ്രുതിയുണർത്തുവാൻ താളം ചവിട്ടുവാൻ
കിലുകിലുങ്ങനെ വളകൾ കിലുങ്ങുവാൻ
ഇനിയുമെത്രയോ രാവുകൾ പകലുകൾ
ഇനിയുമെത്രയോ ജന്മജന്മാന്തരം
ജതിയുറങ്ങുന്ന പാദസരങ്ങളെ
കഴലിലെത്രനാൾ കെട്ടിയാടീടണം?

കഴിയുമോ എനിക്കിനിയുമീ ജന്മത്തിൽ
നിൻെറ കുഴലിലെ സ്വര രാഗമാകുവാൻ
കഴിയുമോ നിൻ തിരുമുടിക്കെട്ടിലെ
ഒരു മയിൽപ്പീലിയായ് തീരുവാൻ

കഴിയുമോ നിൻെറ പാദപത്മങ്ങളിൽ
ചിതറി വീഴുന്ന പൂവിലൊന്നാകുവാൻ ?
കഴിയുമോ എൻ ശ്വാസം നിലയ്ക്കുന്ന
നേരമെങ്കിലും നിൻമുഖം കാണുവാൻ?

ഷെഹിന

ആഗോളതാപനം

ആഗോളതാപനം ഭൂമിയുടെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ശരാശരി താപനിലയിൽ ദീർഘകാലാധിഷ്ഠിതമാണ്, താപനില അളവുകൾ കാണിക്കുന്ന കാലാവസ്ഥാ മാറ്റത്തിന്റെ ഒരു പ്രത്യേകത, ചൂടാകുന്നതിന്റെ വിവിധ ഫലങ്ങളിലൂടെയാണ്. വ്യാവസായികോടിയുടെ കാലഘട്ടത്തെക്കുറിച്ചും അതിന്റെ തുടർച്ചയായുള്ള സാമഗ്രികൾ കണക്കിലെടുത്തും പ്രധാനമായി മനുഷ്യപ്രസക്തി കാണപ്പെടുന്ന കാലാവസ്ഥാപ്രവചനം, ആഗോള താപനത്തിന്റെ വളരെ മുമ്പിലുണ്ടായിരുന്ന കാലഘട്ടങ്ങളായിരുന്നു. ആധുനിക കാലഘട്ടത്തിൽ ആഗോള താപനവും കാലാവസ്ഥാ വ്യതിയാനവും പരസ്പരം കൈമാറ്റം ചെയ്യാറുണ്ട്. പക്ഷേ ആഗോള താപനം ആഗോളതലത്തിൽ ഉപരിതല താപനില വർദ്ധനവുമാണ് കൂടുതൽ വ്യക്തമാകുന്നത്; കാലാവസ്ഥാ വ്യതിയാനം കാലാവസ്ഥാ വ്യതിയാനം , കാലാവസ്ഥ , കാലാവസ്ഥാ വ്യതിയാനം , കാലാവസ്ഥാ വ്യതിയാനം , കാലാവസ്ഥാ വ്യതിയാനം , കാലാവസ്ഥാ വ്യതിയാനം , കാലാവസ്ഥാ വ്യതിയാനം , 1950 മുതൽനിരീക്ഷണത്തിലുണ്ടായ പല തളർച്ചയും വ്യാവസായിക രേഖകളിൽ രേഖപ്പെടുത്തപ്പെട്ടില്ല . കാലാവസ്ഥാ വ്യതിയാനത്തിന്റെ ചരിത്രവും പലകഴിയുമായ പ്രോക്സി രേഖകളിൽ ആയിരക്കണക്കിന് വർഷങ്ങൾ കഴിയുമ്പോഴാണ് ഇത് കാണുന്നത്.

ഭാവിയിലെ കാലാവസ്ഥാ വ്യതിയാനവും ബന്ധപ്പെട്ട കുട്ടിയിടികളും മേഖലയിൽ നിന്ന് വ്യത്യസ്തമായിരിക്കും. സമുദ്രനിരപ്പ് ഉയരുന്നതും, അന്തരീക്ഷത്തിലെ പാടശേഖരങ്ങൾ, ഉപദ്വീപിലെ മരുഭൂമികൾ എന്നിവയും നിലവിലുള്ളതും മുൻകൂട്ടിക്കാണാൻ ഇടയാക്കുന്നവയുമാണ് . ഹിമപാതങ്ങൾ, പെർമാഫ്രോസ്റ്റ്, കടൽ മഞ്ഞുപാടുകൾ എന്നിവ തുടർന്നുകൊണ്ടുള്ള ആർക്ടിക്കിലെ സമുദ്രങ്ങളേക്കാൾ വലുതും ഭീമാകാരവുമായ പ്രദേശങ്ങളേക്കാൾ ഭാവിയിലെ ചൂട് കൂടുതലായിരിക്കും. ചൂട് വേവുകളും, വരൾച്ചയും, കാട്ടുതീയും, കനത്ത മഴ, വെള്ളപ്പൊക്കവും, കനത്ത മഞ്ഞ് വീഴ്ചയും പോലുള്ള അതിശക്തമായ കാലാവസ്ഥാ പരിപാടികളാണിവ. സമുദ്രത്തിലെ അമ്ലവൽക്കരണം താപനിലാ ചട്ടക്കൂടിനെ മാറ്റുന്നതിലൂടെ ജീവിവർഗ്ഗങ്ങളുടെ വൻതോതിലുള്ള വംശനാശം . ഭക്ഷ്യ സുരക്ഷയ്ക്ക് ഭീഷണിയായ വിളകളുടെ വിളവ് കുറയുന്നതും സമുദ്രനിരപ്പിനു കാരണമാവുന്ന ജനസാമാന്യങ്ങളായ പ്രദേശങ്ങൾ ഉപേക്ഷിക്കേണ്ടതുമാണ് .

ഹാഷിമ

പ്രാചീന കവിത്രയം

പ്രാചീന കവികളായ ചെറുശ്ശേരി ,എഴുത്തച്ഛൻ ,കുഞ്ചൻ നമ്പ്യാർ എന്നിവരെയാണ് മലയാളത്തിലെ പ്രാചീന കവിത്രയം എന്നു കണക്കാക്കുന്നത്.

1.ചെറുശ്ശേരി

ചെറുശ്ശേരി നമ്പൂതിരി ക്രിസ്തുവർഷം 15-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മലയാളം ഭാഷാകവിയാണ്. പുരാതനകവിത്രയങ്ങളിൽ ഒരാളായിരുന്നു ഇദ്ദേഹം. ക്രി.വ 1466-75 കാലത്ത് കോലത്തുനാടു ഭരിച്ചിരുന്ന ഉദയവർമന്റെ പണ്ഡിതസദസ്സിലെ അംഗമായിരുന്നു ചെറുശ്ശേരി നമ്പൂതിരി. ഭക്തി, ഫലിതം, ശൃംഗാരം എന്നീ ഭാവങ്ങളാണ് ചെറുശ്ശേരിയുടെ കാവ്യങ്ങളിൽ ദർശിക്കാനാവുന്നത്. സമകാലീനരായിരുന്ന മറ്റ് ഭാഷാകവികളിൽ നിന്ന് ഒട്ടും വ്യത്യസ്തമായിരുന്നില്ല ഈ ശൈലി. എങ്കിലും സംസ്കൃത ഭാഷയോട് കൂടുതൽ പ്രതിപത്തി പുലർത്തിയിരുന്ന മലനാട്ടിലെ കവികൾക്കിടയിൽ ഭാഷാകവി എന്നിരിക്കെയും ഏറെ പ്രശസ്തനായിരുന്നു ചെറുശ്ശേരി. കൃഷ്ണഗാഥയാണു പ്രധാനകൃതി.

2.തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ

ആധുനിക മലയാളഭാഷയുടെ പിതാവ് എന്നറിയപ്പെടുന്ന ഭാഷാകവിയാണ്

തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ. തുഞ്ചത്ത് രാമാനുജൻ എഴുത്തച്ഛൻ പതിനഞ്ചാം നൂറ്റാണ്ടിനും പതിനാറാം നൂറ്റാണ്ടിനും ഇടയിലായി ജീവിച്ചിരുന്നുവെന്ന് കരുതപ്പെടുന്നു. എഴുത്തച്ഛന്റെ യഥാർത്ഥ നാമം രാമാനുജൻ എന്നും ചില വിദഗ്ധർ അഭിപ്രായപ്പെട്ടുകാണുന്നുണ്ട് . ഇന്നത്തെ

മലപ്പുറം ജില്ലയിലെ തിരൂരിനടുത്തായിരുന്ന കവിയുടെ ജനനം (ഇപ്പോൾ ഈ സ്ഥലം തുഞ്ചൻപറമ്പ് എന്നറിയപ്പെടുന്നു.) രാമാനുജൻ എഴുത്തച്ഛന്റെ ജീവചരിത്രം ഐതിഹ്യങ്ങളാലും അർദ്ധസത്യങ്ങളാലും മൂടപ്പെട്ടു കിടക്കുകയാണ്. അബ്രാഹ്മണനായിട്ടും വേദപഠനവും സംസ്കൃതപഠനവും തരമാക്കിയ രാമാനുജൻ എഴുത്തച്ഛൻ, നാനാദിക്കിലേക്കുള്ള ദേശാടനങ്ങൾക്കു ശേഷം തൃക്കണ്ടിയൂരിൽ താമസമാക്കി എന്നു കരുതപ്പെടുന്നു. എഴുത്തച്ഛൻ എന്നുള്ളത് ഒരു ജാതിപ്പേരല്ലെന്നും ഒരു സ്ഥാനപ്പേരാണെന്നും രാമാനുജൻ എഴുത്തച്ഛനു ശേഷം പിൻതലമുറയിൽ പെട്ടവർ ഈ നാമം ജാതിപ്പേരായി ഉപയോഗിക്കുകയാണുണ്ടായതെന്നും കരുതുന്നു.

3.<u>കുഞ്ചൻ നമ്പ്യാർ</u>

പ്രമുഖമലയാളഭാഷ കവിയാണ് കുഞ്ചൻ നമ്പ്യാർ. പ്രതിഭാസമ്പന്നനായ കവി എന്നതിനു പുറമേ തുള്ളൽ എന്ന നൃത്തകലാരൂപത്തിൻറെ ഉപജ്ഞാതാവെന്ന നിലയിലും പ്രസിദ്ധനായ നമ്പ്യാരുടെ കൃതികൾ മിക്കവയും തുള്ളൽ അവതരണങ്ങളിൽ ഉപയോഗിക്കാൻ വേണ്ടി എഴുതപ്പെട്ടവയാണ്. നർമ്മത്തിൽ പൊതിഞ്ഞ സാമൂഹ്യവിമർശനമാണ് അദ്ദേഹത്തിന്റെ കൃതികളുടെ മുഖമുദ്ര.

മലയാളത്തിലെ ഹാസ്യകവികളിൽ അഗ്രഗണ്യനായിരുന്നു നമ്പ്യാർ.

ചന്ദ്രികാവീഥി, ലീലാവതീവീഥി, തുടങ്ങിയ രൂപകം രൂപകങ്ങളും,

മിഥു മനോജ്

തിരുവനന്തപുരം: ശ്രീപത്മനാഭസ്വാമി ക്ഷേത്രം

കേരളസംസ്ഥാനതലസ്ഥാനമായ തിരുവനന്തപുരം നഗരത്തിലെ ചരിത്രപ്രസിദ്ധമായ മഹാവിഷ്ണുക്ഷേത്രമാണ് **തിരുവനന്തപുരം ശ്രീപത്മനാഭസ്വാമി ക്ഷേത്രം.** അനന്തൻ എന്ന നാഗത്തിന്മേൽ ശയിക്കുന്ന പരബ്രഹ്മനായ ഭഗവാൻ മഹാവിഷ്ണു/ആദിനാരായണനാണ് ഇവിടെ പ്രതിഷ്ഠ. ക്ഷേത്രത്തിന് ചുറ്റുമുള്ള കോട്ടമതിലിന്റെ കിഴക്കേ കോട്ടയുടെ വാതിലിന് അഭിമുഖമായാണ് ക്ഷേത്രത്തിന്റെ പ്രധാന ഗോപുരം

സ്ഥിതി ചെയ്യുന്നത്. ക്ഷേത്രത്തിന്റെ ഈ പ്രധാന ഗോപുരം തിരുവനന്തപുരം നഗരത്തിന്റെ മുഖമുദ്രകളിലൊന്നാണ്. ശ്രീപത്മനാഭസ്വാമി തിരുവിതാംകൂർ രാജവംശത്തിന്റെ കുലദൈവമാണ്. വിഷ്ണുഭക്തനായിരുന്ന തിരുവിതാംകൂർ മഹാരാജാവ് ശ്രീ അനിഴം തിരുനാൾ വീരബാലമാർത്താണ്ഡവർമ്മ, രാജ്യം ഭഗവാന് സമർപ്പിച്ച രേഖകൾ ആണ് തൃപ്പടിദാനം എന്നറിയപ്പെടുന്നത്. ഇതിനെത്തുടർന്ന് തിരുവിതാകൂർ രാജ്യത്തിലെ ഭരണാധികാരികൾ പത്മനാഭദാസന്മാർ എന്നറിയപ്പെട്ടു.

ഐതിഹ്യം



മതിലകം രേഖകളിൽ പരാമർശിയ്ക്കുന്ന ഐതിഹ്യപ്രകാരം ശ്രീപത്മനാഭസ്വാമി ക്ഷേത്രം തുളുസന്ന്യാസിയായ ദിവാകരമുനിയാൽ കലിയുഗാരംഭത്തിൽ 900-കളിൽ പ്രതിഷ്ഠിതമായതാണ്.ദിവാകരമുനി വിഷ്ണുപദം പ്രാപിക്കുന്നതിനായി കഠിനതപസ്സനുഷ്ഠിക്കുകയും, തപസ്സിൽ സന്തുഷ്ടനായ മഹാവിഷ്ണു ബാലരൂപത്തിൽ പ്രത്യക്ഷപ്പെടുകയും ചെയ്തു. ആ ശിശുവിനെ കണ്ട് മുനി സന്തുഷ്ടനായി. തന്റെ പൂജാവേളയിൽ ആ ദിവ്യകുമാരന്റെ ദർശനം തനിയ്ക്ക് നിത്യവും ലഭ്യമാകണമെന്ന് മുനി പ്രാർഥിച്ചു. തന്നോട് അപ്രിയമായി പ്രവർത്തിയ്ക്കുന്നതു വരെ താൻ

ഉണ്ടാകുമെന്ന് ബാലൻ സമ്മതിക്കുകയും ചെയ്തു. പലപ്പോഴും മുനിയുടെ മുന്നിൽ ബാലൻ വികൃതി പ്രകടിപ്പിയ്ക്കുമായിരുന്നു. ക്രമേണ അത് അനിയന്ത്രിതമായി. മുനി ധ്യാനനിരതനായിരിക്കവെ മഹാവിഷ്ണുവിന്റെ പ്രതീകമായി പൂജിച്ചിരുന്ന സാളഗ്രാമം ബാലൻ വായ്ക്കുള്ളിലാക്കി. സാളഗ്രാമം അശുദ്ധമാക്കിയതിൽ രോഷാകുലനായ മുനി ഇടതുകൈ കൊണ്ട് ബാലനെ തള്ളിമാറ്റി. കുണ്ഠിതപ്പെട്ട ബാലൻ ഇനിയെന്നെ കാണണമെങ്കിൽ അനന്തൻകാട്ടിൽ വരണം എന്നരുവിട്ട് അപ്രത്യക്ഷനായി എന്ന ഐതിഹ്യം. ബാലന്റെ വേർപിരിയലിൽ ദുഃഖിതനായ മുനി ബാലനെ കാണാൻ അനന്തൻകാട് തേടി യാത്ര തുടർന്നു. ദിവാകരമുനിയല്ല വില്വമംഗലമായിരുന്നു അനന്തങ്കാട്ടിൽ വന്നതെന്നും ദർശനം അദ്ദേഹത്തിനാണ് ലഭിച്ചതെന്നുമുള്ള മറ്റൊരു ഐതിഹ്യം കൂടി പ്രചാരത്തിലുണ്ട്.ഒരിക്കൽ ഗുരുവായൂരപ്പന് വില്വമംഗലം_സ്വാമിയാർ ശംഖാഭിഷേകം നടത്തുകയായിരുന്നു. അപ്പോൾ ഭഗവാൻ വന്ന് അദ്ദേഹത്തിന്റെ കണ്ണുകൾ പൊത്തിപ്പിടിച്ചു. ദേഷ്യം വന്ന വില്വമംഗലം ഇതിനെതിരെ പറഞ്ഞപ്പോൾ ഭഗവാൻ അനന്തൻകാട്ടിലേക്കുപോയി. അനന്തൻകാട് എവിടെയാണെന്നറിയാത്ത വില്വമംഗലം അവിടം തപ്പിനടന്നു.അതിനിടെയിൽ തൃപ്രയാറിലെത്തിയപ്പോൾ ഭഗവാൻ അത് ശുചീന്ദ്രം സ്ഥാണുമാലയപ്പെരുമാളുടെ ജടയാണെന്ന് അദ്ദേഹത്തോട് പറഞ്ഞു.

പത്മനാഭ പ്രതിഷ്ഠ



അനന്തന്റെ മുകളിൽ യോഗനിദ്രയിൽ പള്ളികൊള്ളുന്ന മഹാവിഷ്ണുവാണ് ഇവിടുത്തെ പ്രതിഷ്ഠ. പതിനെട്ടടി നീളം വരുന്ന വിഗ്രഹം. പത്മനാഭസ്വാമിയുടെ വിഗ്രഹം കടുശർക്കരയോഗക്കൂട്ടുകൊണ്ടുണ്ടാക്കിയതിനാൽ അഭിഷേകം ചെയ്താൽ അലിഞ്ഞുപോകും. അതിനാൽ ഭഗവാന്റെ മറ്റൊരു വിഗ്രഹം ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. ഈ വിഗ്രഹത്തിലാണ് അഭിഷേകം നടത്തുന്നത്ശ്രീ ഭഗവത് രൂപം മൂന്നു ഭാഗങ്ങളായി മാത്രമേ ദർശിക്കാനാകൂ. വലതുകൈ ചിന്മുദ്രയോടു കൂടി അനന്തതൽപത്തിനു സമീപം തൂക്കിയിട്ടിരിക്കുന്നു. അതിനു താഴെ ശിവലിംഗ പ്രതിഷ്ഠയുണ്ട്, ഭഗവാൻ ശ്രീ മഹാദേവനെ നിത്യവും പൂജിക്കുന്നതായി സങ്കല്പം. അനന്തന്റെ പത്തികൊണ്ട് ദേവന്റെ മൂർധാവ് മൂടിയിരിക്കുന്നു. ശ്രീപദ്മനാഭന്റെ നാഭിയിൽ നിന്നും പുറപ്പെടുന്ന താമരയിൽ ചതുർമുഖനായ ബ്രഹ്മാവിന്റെ രൂപം കാണാം. ഒരേ ശ്രീകോവിലിൽ ത്രിമൂർത്തികളുടെ സാന്നിദ്ധ്യം ഈ ദേവാലയത്തിന്റെ പ്രത്യേകതയാണ്. അതിനു പുറകിലായി ഋഷിവര്യന്മാരുടെ കല്ലിൽ വാർത്ത രൂപങ്ങളുമുണ്ട്. ഭഗവാന്റെ മാറിടത്തിനെതിരെയായി ശ്രീഭഗവതിയെയും അൽപം അകലെ ഭൂമീ ദേവിയെയും പ്രതിഷ്ഠിച്ചിട്ടുണ്ട്. അനന്തന്റെ മുകളിൽ പള്ളികൊള്ളുന്ന തേവർ കുടികൊള്ളുന്ന ദേശത്തിനു തിരുവനന്തപുരം എന്നപേരും ലഭിച്ചു

അഭിഷേക് എസ്

വിഗതകുമാരൻ

മലയാളത്തിലെ ആദ്യത്തെ ചലച്ചിത്രമാണ് വിഗതകുമാരൻ . 1928 ചിത്രീകരണം തുടങ്ങി. 1930 നവംബർ 7-നാണ് ഈ ചിത്രം പുറത്തിറങ്ങിയത്. ഇതൊരു നിശ്ശബ്ദചിത്രം ആയിരുന്നു. രചന, സംവിധാനം, നിർമ്മാണം എന്നിവ നിർവ്വഹിച്ചതും ചിത്രത്തിലെ നായകവേഷത്തിൽ അഭിനയിച്ചതും ജെ.സി.ഡാനിയേലാണ്. പി.കെ.റോസിയാണ് ഇതിലെ നായികാകഥാപാത്രത്തെ അവതരിപ്പിച്ചിരിക്കുന്നത്.

കഥ:- നാട്ടിലെ ഒരു ധനികന്റെ മകനായ ചന്ദ്രകുമാറിനെ ബാല്യകാലത്തിൽ വില്ലനായ ഭൂതനാഥൻ കൊളംബോയിലേക്ക്തട്ടിക്കൊണ്ടുപോകുകയും തങ്ങളുടെ മകനെ കണ്ടുപിടിക്കാനുള്ള അച്ഛനമ്മമാരുടെ പ്രയത്നം നിഷ്ഫലം ആവുകയും ചന്ദ്രകുമാർ അവിടെ തോട്ടം തൊഴിലാളിയാവുകയും ചെയ്യുന്നു. അവന്റെ മുതലാളിയായ ബ്രിട്ടീഷുകാരന് അവനെ ഇഷ്ടപ്പെടുകയും തുടർന്ന് അവൻ സൂപ്രണ്ട് പദവിയിൽ എത്തിച്ചേരുകയും ചെയ്യുന്നു. അതേ സമയം ചന്ദ്രകുമാറിന്റെ ഒരു അകന്ന ബന്ധുവായ ജയചന്ദ്രൻ കൊളംബോയിലേക്ക്എത്തുന്നു. ഭൂതനാഥൻ അയാളെ കൊള്ളയടിക്കുന്നു. അവിടെ ഏകനായിപ്പോയ അയാൾ ചന്ദ്രകുമാറുമായി പരിചയപ്പെടുകയും അവർ സുഹൃത്തുക്കളായി മാറുകയും ചെയ്യുന്നു. അവർ തിരുവനന്തപുരത്ത് തിരിച്ചെത്തുന്നു. അവിടെവച്ച് ജയചന്ദ്രൻ ചന്ദ്രകുമാറിന്റെ സഹോദരി സരോജവുമായി പ്രണയത്തിൽ ആകുന്നു. സരോജത്തെ തട്ടിക്കൊണ്ടു പോകാനുള്ള ഭൂതനാഥന്റെ ശ്രമത്തെ ഇരുവരും ചേർന്നു നിഷ്ഫലമാക്കുന്നു. ചന്ദ്രകുമാറിന്റെ മുതുകിലെ ഒരു കറുത്ത മറുക് യാദൃശ്ചികമായി കാണുന്ന സരോജം, ചന്ദ്രകുമാർ തന്റെ കളഞ്ഞുപോയ സഹോദരനാണെന്നു തിരിച്ചറിയുന്നു. ജയചന്ദ്രൻ സരോജത്തെ വിവാഹം കഴിക്കുന്നു. എല്ലാവരും സന്തോഷമായി കഴിയുന്നു.

സവർണമേധാവിത്വമുള്ള സമയത്ത് അവർണ സ്ത്രീ നായികയായി അഭിനയിക്കുന്നതു കണ്ട് യഥാസ്ഥിതികരായ പ്രേക്ഷകർ രോഷാകുലരായി. അങ്ങനെ വിഗതകുമാരന്റെ ആദ്യ പ്രദർശനം തന്നെ അലങ്കോലപ്പെട്ടു. ഇളയമകൻ ഹാരിസ് തന്റെ ആറാം വയസ്സിൽ കളിക്കിടയിൽ ഫിലിം തീയിട്ടു നശിപ്പിച്ചതിനാൽ ചിത്രത്തിന്റെ പ്രിന്റ് ലഭ്യമല്ല.

ആര്യദേവൻ

ആണവായുധം

അണുവിഘടനമോ അണുസംയോജനമോ കൊണ്ട് നശീകരണശക്തി ലഭിക്കുന്ന ആയുധങ്ങളേയാണ് **ആണവായുധം** അഥവാ അണുബോംബ് എന്നു വിളിക്കുന്നത്.

ആണവപ്രവർത്തനങ്ങളിൽ വളരെ കൂടിയ അളവിൽ ഊർജ്ജം ഉൽപ്പാദിപ്പിക്കപ്പെടുന്നതിനാൽ ഇവ അതീവ നാശശക്തിയുള്ള ആയുധങ്ങളാണ്. രണ്ടാം ലോകമഹായുദ്ധകാലത്ത് ജപ്പാനിലെ ഹിരോഷിമ(1945 ഓഗസ്റ്റ് 6)നാഗസാക്കി(1945 ഓഗസ്റ്റ് 9) എന്നീ സ്ഥലങ്ങളിൽ അമേരിക്ക അണുബോംബിടുകയും 3,20,000 ആളുകൾ തൽക്ഷണം മരിക്കുകയും ചെയ്തു.

അണുബോംബ് വികസിപ്പിച്ചെടുക്കുന്നതിനുള്ള അമേരിക്കയുടെ പദ്ധതിയായിരുന്നു'മൻ ഹാട്ടൻ പ്രോജക്ട്' . ഇതിന്റെ തലവനായിരുന്ന റോബർട്ട് ഓപ്പൺഹെയ്മറിനെ 'ആറ്റം ബോംബിന്റെ പിതാവ് എന്ന് വിളിക്കപെടുന്നു. ആദ്യമായി അണുബോംബ് പ്രയോഗിക്കപ്പെട്ടത് ജപ്പാനിലെ ഹിരോഷിമയിൽ 1945 ആഗസ്റ്റ് 6 ന് രാവിലെ 8.15 നാണ് . 'ലിറ്റിൽ ബോയ് " എന്ന പേരിലുള്ള ബോംബാണ് ഇവിടെ പ്രയോഗിച്ചത് ആഗസ്റ്റ് 9 ന് നാഗസാക്കിയിൽ പതിച്ച അണു ബോംബിന്റെ പേരാണ് ഫാറ്റ്മാൻ.



പ്രവർത്തനം

അണുവിഘടനം മൂലം പ്രവർത്തിക്കുന്ന ആയുധങ്ങളിൽ ആണവനിലയങ്ങളിൽ നിന്നും വ്യത്യസ്തമായി ചെയിൻ റിയാക്ഷൻ അനിയന്ത്രിതമായ രീതിയിലാണ് നടക്കുന്നത്. അതായത് സെക്കന്റിന്റെ ഒരു ചെറിയ അംശം കൊണ്ട് വളരെയധികം അണുകേന്ദ്രങ്ങൾ വിഘടിക്കപ്പെടുന്നു. അങ്ങനെ ഒരു വലിയ പൊട്ടിത്തെറിയോടെ ഭീമമായ അളവിൽ താപം ഉല്പ്പാദിപ്പിക്കപ്പെടുന്നു.

ഇതിനേക്കാൾ നശീകരണശേഷിയുള്ളവയാണ് അണുസംയോജനം അടിസ്ഥാനമാക്കിയുള്ള ആയുധങ്ങൾ. ഇത്തരം ആയുധങ്ങളിലും അണുസംയോജനം ആരംഭിക്കുന്നതിനാവശ്യമായ ഉയർന്ന

താപം ഉണ്ടാക്കുന്നത് ഒരു അണുവിഘടനപ്രവർത്തനത്തിലൂടെയാണ്. അണുസംയോജനം അടിസ്ഥാനമാക്കിയുള്ള ആയുധങ്ങളെ ഹൈഡ്രജൻ ബോംബ് എന്നോ തെർമോന്യൂക്ലിയർ ആയുധങ്ങൾ എന്നോ പറയുന്നു.

ഫാറ്റ് മാൻ

ജപ്പാനിലെ നാഗസാക്കിയിൽ 1945 ഓഗസ്റ്റ് 9-ന് അമേരിക്ക വർഷിച്ച അണുബോംബിന്റെ സൂത്രവാക്കാണ് **ഫാറ്റ് മാൻ** . ആഗോള യുദ്ധചരിത്രത്തിൽ ഉപയോഗിക്കപ്പെട്ട രണ്ടാമത്തെയും അവസാനത്തെയും അണുബോംബും മനുഷ്യനിർമ്മിതമായ മൂന്നാമത്തെ അണുവിസ്ഫോടനവും ആയിരുന്നു ഇത്. അമേരിക്കയുടേ ആദ്യകാല അണുവായുധ നിർമ്മിതികളെയും പൊതുവായി ഫാറ്റ് മാൻ എന്നു പറയാറുണ്ട്. പ്ലൂട്ടോണിയം ഉൾക്കാമ്പു ഉപയോഗിച്ചിരിക്കുന്ന ഇതിനു 21 കിലോടൺ പ്രഹരശേഷിയുണ്ടായിരുന്നു.

ലിറ്റിൽ ബോയ്

രണ്ടാം ലോകമഹായുദ്ധത്തിൽ അമേരിക്ക ഹിരോഷിമയിൽ വർഷിച്ച അണുബോംബിന്റെ കോഡ്നാമമാണ് **ലിറ്റിൽ ബോയ്** . കേണൽ പോൾ ടിബ്ബെറ്റ്സ് പൈലറ്റായിരുന്ന B-29 സൂപ്പർഫോർട്രെസ്സ് എനോള ഗേ എന്ന യുദ്ധവിമാനമാണ് 1945 ഓഗസ്റ്റ് 6-ന് ഈ ബോംബിട്ടത്. ആയുധമായി ഉപയോഗിക്കപ്പെട്ട ആദ്യത്തെ അണുബോംബായിരുന്നു ഇത്. മൂന്ന് ദിവസങ്ങൾക്കുശേഷം നാഗസാക്കിയിൽ ഫാറ്റ് മാൻ എന്ന അണുബോംബും ഉപയോഗിക്കപ്പെട്ടു.

യുറാനിയം 235-ന്റെ ന്യൂക്ലിയർ ഫിഷൻ വഴിയാണ് ബോംബിൽ ഊർജ്ജം ഉത്പാദിപ്പിക്കപ്പെട്ടത്. നാലു ടണ്ണോളം ഭാരമുണ്ടായിരുന്ന ബോംബിന്റെ 600 മില്ലിഗ്രാം പിണ്ഡം ഐൻസ്റ്റൈന്റെ സമവാക്യമനുസരിച്ച് ഊർജ്ജമാക്കി മാറ്റിയതിലൂടെ 13-18 കിലോടൺ ടി.എൻ.ടി. യുടെ സ്ഫോടകശേഷിയാണ് ലഭിച്ചത്. 140000 പേർ ബോംബ് സ്ഫോടനത്തിൽ കൊല്ലപ്പെട്ടു. ചെയിൻ റിയാക്ഷൻ എന്ന പ്രവർത്തനത്തിലൂടെയാണ് പിണ്ഡം ഊർജ്ജമാകുന്നത്. ആണവഇന്ധനത്തിൽ ന്യൂട്രോണുകൾ കടത്തിവിടുന്നു.അപ്പോൾ അവ ബന്ധനോർജം കൂടിയ മറ്റൊരു മൂലകമാകും .അപ്പോൾ അതിന്റെ മാസിന്റെ ചെറിയൊരുഭാഗം ഊർജ്ജമായിമാറുന്നു.ആ ഊർജ്ജമാണ് ഹിരോഷിമയിലെ പതിനായിരങ്ങളുടെ മരണകാരണം.ആണവഇന്ധനം ഒരു പരിധിയിലധികം ഒന്നിച്ചുവച്ചാൽ അത് തനിയെ പൊട്ടിത്തെറിക്കും.അതിനാൽ ഇവ കഷണങ്ങളായാണ് കൊണ്ട് പോകുക.ഇവയെ സ്ഫോടന സമയത്ത് ഒന്നിപ്പിക്കുന്നു .എന്നാൽ അത് അതിവേഗത്തിൽ നടത്തേണ്ടതുണ്ട്.അത് സാധിക്കുന്നതിന് അണുബോംബിന്റെ പ്രത്യേക സാങ്കേതികവിദ്യ ഉപയോഗിക്കണം.

ഗോവിന്ദ്

കേരളം

1. ഐക്യരാഷ്ട്ര സഭയിലേക്കുള്ള ആദ്യ ഇന്ത്യൻ സംഘത്തെ നയിച്ച മലയാളി?

- സർദാർ കെ.എം.പണിക്കർ

2. കൊച്ചി മഹാരാജാവ് കവിതിലകൻ സ്ഥാനം നൽകിയ ജ്ഞാനപീഠ ജേതാവ്?

- ജി.ശങ്കരക്കുറുപ്പ്

3. ഇന്ത്യയിൽ [കൊച്ചി രാജ്യത്ത്] അവിശ്വാസപ്രമേയം വഴി പുറത്തുപോയ ആദ്യത്തെ തിരഞ്ഞെടുക്കപ്പെട്ട മന്ത്രി?

- ഡോ.എ.ആർ.മേനോൻ

4. ആലപ്പുഴ തുറമുഖം വികസിപ്പിച്ച തിരുവിതാംകൂർ ദിവാൻ?

- രാജാ കേശവദാസ്

5. കൊച്ചി പോർട്ട് ട്രസ്റ്റ് നിലവിൽവന്ന വർഷം ?

- 1964

6. ടിപ്പു നെടുങ്കോട്ട ആക്രമിച്ചത് ഏത് വർഷത്തിൽ?

- എ.ഡി.1789

7. ജനകീയ കവിതയുടെ ശുകനക്ഷത്രമെന്ന് നിരൂപകർ വിലയിരുത്തിയ കവി?

- കുഞ്ചൻ നമ്പ്യാർ

8. കൊച്ചി സർവ്വകലാശാലയുടെ പ്രഥമ വൈസ് ചാൻസിലർ ?

- ജോസഫ് മുണ്ടശ്ശേരി

9. കേരളത്തിലെ ആദ്യത്തെ ട്രേഡ് യൂണിയൻ നേതാവ്?

- ജൂബ്ബ രാമകൃഷ്ണപിള്ള

10. തിയോസഫിക്കൽ സൊസൈറ്റിയുടെ ആദ്യ ശാഖ കേരളത്തിൽ ആരംഭിച്ച സ്ഥലം?

- പാലക്കാട്

11. മാർത്താണ്ഡവർമ്മ ഡച്ചുകാർ തോൽപിച്ച യുദ്ധം?

- കുളച്ചൽ

12. കേരളത്തിലെ ഏറ്റവും കൂടുതൽ കാലാവധിയുണ്ടായിരുന്ന നിയമസഭ ?

- നാലാം നിയമസഭ

13. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം മന്ത്രിയായിരുന്ന വനിത ?

- കെ.ആർ.ഗൗരിയമ്മ

14. കേരളത്തിലെ ഏറ്റവും തെക്കേയറ്റത്തെ നിയമസഭാ മണ്ഡലം?

- നെയ്യാറ്റിൻകര

15. കേരളത്തിൽ ഏത് വർഷം നടന്ന തിരഞ്ഞെടുപ്പാണ് ഏറ്റവും കൂടുതൽ പോളിംഗ് ശതമാനം രേഖപ്പെടുത്തിയിരിക്കുന്നത്?

- 1960

16. കേരളത്തിലെ ആദ്യ നൃത്യ-നാട്യ പുരസ്കാരത്തിന് അർഹയായത്?

- കലാമണ്ഡലം സത്യഭാമ

17. തിരുവനന്തപുരത്ത് ജനിക്കുകയും ജർമനി കേന്ദ്രമാക്കി പ്രവർത്തിക്കുകയും ചെയ്ത വിപ്ലവകാരി?

- ഡോ.ചെമ്പകരാമൻ പിള്ള

18. കേരളത്തിൽ ഏറ്റവും കൂടുതൽ പ്രാവശ്യം മന്ത്രിയായി സത്യപ്രതിജ്ഞ ചെയ്ത നേതാവ്?

- കെ.എം.മാണി

19. കേരളത്തിൽ ഏറ്റവും കൂടുതൽ കാലം ഉപമുഖ്യമന്ത്രി ആയിരുന്നത്?

- അവുക്കാദർ കുട്ടി നഹ

20. കേരളത്തിൽ ജനകീയാസൂത്രണം ഉദ്ഘാടനം ചെയ്യപ്പെട്ട തീയതി ?

- 1996 ആഗസ്റ്റ് 17

ഫർസാന

സ്റ്റീവ് ജോബ്സ്

ആപ്പിൾ ഇൻകോർപ്പറേറ്റഡിന്റെ സഹസ്ഥാപകനും മുൻ സി.ഇ.ഒയുമാണ് സ്റ്റീവൻ പോൾ ജോബ്സ് എന്ന സ്റ്റീവ് ജോബ്സ് . പേഴ്സണൽ കമ്പ്യൂട്ടർ എന്ന ആശയം ജനകീയമാക്കിയതും ആപ്പിൾ കമ്പനിക്ക് തുടക്കമിട്ടതും ജോബ്സും സ്റ്റീവ് വോസ്നിയാക്കും ചേർന്നാണ്. നെക്സ്റ്റ് ഐ, പിക്സാർ എന്നീ പ്രശസ്ത കമ്പനികളുടെയും സ്ഥാപകനാണ് ജോബ്സ്. 1980 കളിൽ ജോബ്സും ജെഫ് റാസ്കിനും ചേർന്ന് പുറത്തിറക്കിയ മാക്കിന്റോഷ് സീരീസ് കമ്പ്യൂട്ടറുകളും വിജയം നേടി.

2011 ഓഗസ്റ്റ് 24-ന് ആപ്പിളിന്റെ സി.ഇ.ഒ സ്ഥാനത്തു നിന്ന് വിരമിക്കുകയാണെന്ന് സ്റ്റീവ് ജോബ്സ് പ്രഖ്യാപിച്ചു. അദ്ദേഹത്തിന്റെ വിരമിക്കൽ കത്തിൽ ആപ്പിളിന്റെ വിജയഗാഥ തുടരുമെന്നും തന്റെ പിൻഗാമിയായി ടിം കുക്കിനെ നിയമിക്കുന്നതായും അറിയിച്ചു. അദ്ദേഹത്തിന്റെ ആവശ്യപ്രകാരം, ആപ്പിളിന്റെ ബോർഡ് ഓഫ് ഡയറക്ടേഴ്സിന്റെ ചെയർമാനായി നിയമിച്ചു.

പാൻക്രിയാറ്റിക് അർബുദബാധ മൂലം ആറാഴ്ചകൾ കൂടി മാത്രമേ സ്റ്റീവ് ജീവിച്ചിരിക്കുകയുള്ളുവെന്ന് 2011 ഫെബ്രുവരി 18-ന് മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു 2011 ഒക്ടോബർ 5-ന് രോഗം മൂർച്ഛിച്ചതിനെ തുടർന്ന് കാലിഫോർണിയയിലെ പാലൊ ആൾട്ടോയിൽ വച്ച് സ്റ്റീവ് അന്തരിച്ചു.

ജനനം,കുട്ടിക്കാലം

സാൻഫ്രാൻസിസ്കോയിൽ 1955 ഫെബ്രുവരി 24-നായിരുന്നു സ്റ്റീവ് ജോബ്സിന്റെ ജനനം.സിറിയൻ സ്വദേശി ആയിരുന്ന അബ്ദുൾഫത്താഹ് ജൻഡാലിന്റെയും ജോആൻ സിംപ്സണിന്റേയും മകനായി ജനിച്ചു. ബിരുദ വിദ്യാർഥി ആയിരിക്കെയാണ് ജോബ്സിന്റെ അമ്മ ജോആൻ ഗർഭിണി ആകുന്നത്. എന്നാൽ കുഞ്ഞിനെ വളർത്താൻ സാമ്പത്തികമായി വളരെ പ്രയാസമനുഭവിച്ചിരുന്ന അവർ സ്റ്റീവിനെ മക്കളില്ലാതിരുന്ന കാലിഫോർണിയൻ ദമ്പതികൾ ആയ പോൾ ജോബ്സ് - ക്ലാരാ ദമ്പതികൾക്കു നല്കി. സ്റ്റീവിനെ കോളേജിൽ വിട്ടു പഠിപ്പിക്കണം എന്നും നല്ല നിലയിൽ സ്റ്റീവ് എത്തണമെന്നും സ്റ്റീവിന്റെ അമ്മ ആഗ്രഹിച്ചിരുന്നു. അതിനാൽ കോളേജിലയച്ച് പഠിപ്പിക്കണം എന്ന വ്യവസ്ഥയിലാണ് സ്റ്റീവിനെ പോൾ -ജോബ്സ് - ക്ലാരാ ദമ്പതികൾക്കു കൈമാറിയത്. ജോബ്സിന്റെ ജനനത്തിന് ശേഷം അമ്മയുടെ വിവാഹം നടന്നു. ഇതിൽ മോന സിംപ്സൺ എന്നൊരു പെൺകുട്ടി ഉണ്ട്. ഈ അനിയത്തിയെക്കുറിച്ച് സ്റ്റീവ് അറിയുന്നത് വളരെ കാലത്തിനു ശേഷം ആണ്

കോളേജിലേക്ക്

പതിനേഴാം വയസിലാണ് സ്റ്റീവ് പോർട്ട്ലാൻഡിലെ റീഡ്കോളേജിൽ ബിരുദപഠനത്തിനായി ചേരുന്നത്. ഫിനാൻസ് കമ്പനിയിൽ ജോലി ഉണ്ടായിരുന്ന വളർത്തച്ഛന്റെ വരുമാനം ആ കുടും ബത്തിന് ജീവിക്കാൻ മതിയായിരുന്നില്ല. എന്നാലും അവർ സ്റ്റീവിനെ കോളേജിൽ വിട്ടു പഠിപ്പിച്ചു. എന്നാൽ പിതാവിന്റെ പ്രയാസം കണ്ട സ്റ്റീവ് കോളേജ് പഠനം മതിയാക്കി. ഇന്ത്യയിൽ നിന്ന് സ്വരാജ്യത്തെത്തിയ സ്റ്റീവ് ജോബ്സ് മുണ്ഡനം ചെയ്തും ബുദ്ധമത അനുയായിയായും മാറിക്കഴിഞ്ഞിരുന്നു.

തൊഴിൽ

1976 ൽ സ്റ്റീവ് വോസ്നിയാക്കിനും റൊണാൾഡ് വെയിനുമൊപ്പം ആപ്പിൾ സാങ്കേതികവിദ്യയ്ക്കുതുടക്കമിട്ടു. 1980 കളിൽ സ്റ്റീവ് മൌസിന്റെ മൂല്യം മനസ്സിലാക്കി ആപ്പിൾ ലിസയും പിന്നെ മാക്കിന്റോഷും അവതരിപ്പിച്ചു 1983 ൽ അദ്ദേഹം പ്രശസ്തമായ പെപ്സി യുടെ സി.ഇ.ഒ ആയിരുന്ന ജോൺ സ്കള്ളീ ഇനെ "നിങ്ങള്ക്ക് താങ്ങളുടെ ബാക്കി ജീവിതം പഞ്ചസാര വെള്ളം വിറ്റ് ജീവിക്കണോ അതോ എന്റെ കൂടെ വന്ൻ ലോകം മാറ്റണോ" എന്ന് ചോദിച്ചു അപ്പ്ലിലോട്ടു വരുത്തി. എന്നാൽ ഇതേ സ്കള്ളീ ത governor നെ ജോബ്സിനെ 1985 ൽ ആപ്പിളിൽ നിന്ന് പുറത്താക്കി. എന്നാൽ ജോബ്സ് നിരാശനായില്ല . അദ്ദേഹം നെക്സ്റ്റ് കമ്പ്യൂറെര്സ് എന്ന കമ്പനി തുടങ്ങി. 1986 ൽ ജോബ്സ് പിക്സാർ എന്ന കമ്പനിക്കും തുടക്കമിട്ടു. ടോയ് സ്റ്റോറി മുതലായ പല പ്രശസ്ത സിനിമകൽ നിർമിച്ച കമ്പന്യാണ് ഇത്. 1996 ൽ ആപ്പിൾ നെക്സ്റ്റ്നെ വാങ്ങിയപ്പോൾ ജോബ്സ് അപ്പ്ളിൽ തിരിച്ചെത്തി. 2001 ൽ ആപ്പിൾ ഐപോഡ് അവതരിപിച്ചു. ഇത് പാട്ടിന്റെ വ്യവസായത്തെ അട്ടിമറിച്ചു. തുടക്കത്തിലുണ്ടായ പരാജയങ്ങളിൽ പതറാതെ 2003 ൽ ഐ ട്യൂൺസിന്റെ വരെ വാണിജ്യ വിജയങ്ങൾ അദ്ദേഹം അനുഭവിച്ചറിഞ്ഞു.2007 ൽ ആപ്പിൾ ഐഫോൺ അവതരിപ്പിച്ചു.

സെയ്ദലി

വൈക്കം മുഹമ്മദ് ബഷീർ



മലയാള നോവലിസ്റ്റും കഥാകൃത്തും സ്വാതന്ത്ര്യസമര പോരാളിയുമായിരുന്നു. **ബേപ്പൂർ സുൽത്താൻ** എന്ന അപരനാമത്തിലും അറിയപ്പെടുന്ന **വൈക്കം മുഹമ്മദ് ബഷീർ** (**ജനനം**: 21 ജനുവരി 1908 തലയോലപ്പറമ്പ്, വൈക്കം - **മരണം**: 5 ജൂലൈ 1994 ബേപ്പൂർ, കോഴിക്കോട്). 1982-ൽ ഇന്ത്യാ ഗവൺമെൻറ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരിലൊരാൾ എന്ന് വിശേഷിപ്പിക്കപ്പെട്ടു.ജനകീയനായ എഴുത്തുകാരനായിരുന്നു ബഷീർ.

1908 ജനുവരി 21 ന് തിരുവിതാംകൂറിലെ തലയോലപ്പറമ്പ് ഗ്രാമത്തിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാൻ, മാതാവ് കുഞ്ഞാത്തുമ്മ. പ്രാഥമിക വിദ്യാഭ്യാസം തലയോലപ്പറമ്പിലെ മലയാളം പള്ളിക്കൂടത്തിലും വൈക്കം ഇംഗ്ലീഷ് സ്കൂളിലും.

രസകരവും സാഹസികവുമായിരുന്നു ബഷീറിന്റെ ജീവിതം. സ്കൂൾ പഠനകാലത്ത് കേരളത്തിലെത്തിയ ഗാന്ധിജിയെ കാണാൻ വീട്ടിൽ നിന്നും ഒളിച്ചോടിയതാണ് ബഷീറിന്റെ ജീവിതത്തിൽ വഴിത്തിരിവായത്. കാൽനടയായി എറണാകുളത്തു ചെന്നു കാളവണ്ടി കയറി കോഴിക്കോടെത്തിയ ബഷീർ സ്വാതന്ത്ര്യ സമര

രംഗത്തേക്ക് എടുത്തുചാടി. ഗാന്ധിജിയെ തൊട്ടു എന്ന് പിൽക്കാലത്ത് അദ്ദേഹം അഭിമാനത്തോടെ പരാമർശിച്ചിട്ടുണ്ട്. 1930-ൽ കോഴിക്കോട്ട് ഉപ്പുസത്യാഗ്രഹത്തിൽ പങ്കെടുത്തതിന്റെ പേരിൽ ജയിലിലായി. പിന്നീട് ഭഗത് സിംഗ് മാതൃകയിൽ തീവ്രവാദ സംഘമുണ്ടാക്കി. തീവ്രവാദ സംഘടനയുടെ മുഖപത്രമായ ഉജ്ജീവനത്തിലെഴുതിയ തീപ്പൊരി ലേഖനങ്ങളാണ് ആദ്യകാല കൃതികൾ. 'പ്രഭ' എന്ന തൂലികാനാമമാണ് അന്ന് അദ്ദേഹം സ്വീകരിച്ചിരുന്നത്. വാരിക പിന്നീട്ടു കണ്ടുകെട്ടി. തുടർന്നു കുറേ വർഷങ്ങൾ ഇന്ത്യയൊട്ടാകെ അലഞ്ഞുതിരിഞ്ഞു. അതിസാഹസികമായ ഈ കാലയളവിൽ ബഷീർ കെട്ടാത്ത വേഷങ്ങളില്ല. ഉത്തരേന്ത്യയിൽ ഹിന്ദു സന്ന്യാസിമാരുടെയും, സൂഫിമാരുടെയും കൂടെ ജീവിച്ചു, പാചകക്കാരനായും, മാജിക്കുകാരന്റെ സഹായിയായും കഴിഞ്ഞു. പല ജോലികളും ചെയ്തു. അറബിനാടുകളിലും ആഫ്രിക്കയിലുമായി തുടർന്നുള്ള സഞ്ചാരം.ഏകദേശം 9 വർഷത്തോളം നീണ്ട ഈ യാത്രയിൽ അദ്ദേഹം പല ഭാഷകളും ഗ്രഹിച്ചു, മനുഷ്യ ജീവിതത്തിന്റെ എല്ലാ വശങ്ങളും - തീവ്ര ദാരിദ്ര്യവും,മനുഷ്യ ദുരയും നേരിട്ടു കണ്ടു. ബഷീറിന്റെ ജീവിതം തന്നെയാണ് അദ്ദേഹത്തിന്റെ സാഹിത്യം എന്നു പറയാം. ഇതുപോലെ സ്വതന്ത്രമായി ലോകസഞ്ചാരം നടത്തിയ എഴുത്തുകാർ മലയാളസാഹിത്യത്തിൽ വിരളമാണെന്നു പറയാം. ലോകം ചുറ്റുന്നതിനിടയിൽ കണ്ടെത്തിയ ഒട്ടേറെ ജീവിത സത്യങ്ങൾ അദ്ദേഹത്തിന്റെ കൃതികളിൽ കാണാം.

പദ്മനാഭ പൈ പത്രാധിപരായിരുന്ന "ജയകേസരി"യിൽ പ്രസിദ്ധീകരിച്ച **തങ്കം** ആണ് ആദ്യം പ്രസിധീകരിച്ച കഥ. ജോലിയന്വേഷിച്ചാണ് ബഷീർ പത്രാധിപരുടെയടുത്തെത്തിയത്. എന്നാൽ ജോലി തരാൻ നിവൃത്തിയില്ലെന്നും, കഥ എഴുതിത്തന്നാൽ പ്രതിഫലം തരാം എന്നും മറുപടി കേട്ട ബഷീർ ഗത്യന്തരമില്ലാതെ ഒരു കഥ എഴുതുകയായിരുന്നു. കറുത്തിരുണ്ട് വിരൂപയായ നായികയും, ചട്ടുകാലും , കോങ്കണ്ണും, കൂനുമുള്ള യാചകൻ നായകനുമായി എഴുതിയ ആ കഥയാണ് തങ്കം.

ആൽവിൻ

സ്റ്റീഫൻ ഹോക്കിങ്

വിഖ്യാതനായ ബ്രിട്ടീഷ് ഭൗതികശാസ്ത്രജ്ഞനായിരുന്ന **സ്റ്റീഫൻ വില്യം ഹോക്കിങ്** നക്ഷത്രങ്ങൾ നശിക്കുമ്പോൾ രൂപം കൊള്ളുന്ന തമോഗർത്തങ്ങളെക്കുറിച്ച് ഇന്ന ലഭ്യമായ വിവരങ്ങളിൽ പലതും ഇദ്ദേഹത്തിന്റെ ഗവേഷണങ്ങളിലൂടെ ഉരുത്തിരിഞ്ഞതാണ്. ബ്രിട്ടനിലെ കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലെ പ്രപഞ്ച ശാസ്ത്രവിഭാഗത്തിലെ ഡയറക്ടറായിരുന്ന അദ്ദേഹം. കാലത്തിന്റെ ഒരു സംക്ഷിപ്ത ചരിത്രം എന്ന പ്രശസ്തമായ ശാസ്ത്രഗ്രന്ഥം രചിച്ചത് ഇദ്ദേഹമാണ്. 1966–ൽ ഡോക്ടറേറ്റ് നേടിയ സ്റ്റീഫൻ ഹോക്കിങ് ആ വർഷം തന്നെ റോജർ പെൻറോസുമായി ചേർന്ന് 'സിൻഗുലാരിറ്റീസ് ആൻഡ് ദ ജോമട്രി ഓഫ് സ്പേസ്-ടൈം' എന്ന പേരിൽ എഴുതിയ പ്രബന്ധത്തിന

വിഖ്യാതമായ ആഡംസ് പ്രൈസ് ലഭിച്ചിരുന്നു. കേംബ്രിഡ്ജ് സർവ്വകലാശാലയിലെ ഗണിത ശാസ്ത്ര ലൂക്കാച്ചിയൻ പ്രൊഫസർ എന്ന ഉന്നത പദവി മൂന്ന പതിറ്റാണ്ടുകൾ അദ്ദേഹം വഹിച്ചിരുന്നു.

നാഡീ കോശങ്ങളെ തളർത്തുന്ന മാരകമായ അമയോട്രോപ്പിക് ലാറ്ററൽ സ്ക്ലീറോസിസ് എന്ന രോഗബാധിതനായിരുന്നു. 2018 മാർച്ച് 14 ന തന്റെ 76-ാം വയസ്സിൽ അദ്ദേഹം അന്തരിച്ച വിവരം മക്കളായ ലൂസി, റോബർട്ട് എന്നിവർ വാർത്താക്കുറിപ്പിലൂടെ അറിയിച്ചു.

ഗവേഷണ മേഖലകൾ

ജ്യോതിശാസ്ത്രം സൈദ്ധാന്തിക ജ്യോതിശാസ്ത്രമാണ് സ്റ്റീഫൻ ഹോക്കിൻസിന്റ് മുഖ്യ ഗവേഷണ മേഖല.

കേബ്രിഡ്ജിലെ പഠനകാലത്ത് റോജർ പെൻറോസ് എന്ന ശാസ്ത്രജ്ഞനുമായുണ്ടായ സൗഹൃദമാണ് ഹോക്കിങ്ങിനെ ജ്യോതിശാസ്ത്രവുമായി അടുപ്പിച്ചത്. അവരിരുവരും ചേർന്ന് ആൽബർട്ട് ഐൻസ്റ്റീൻറെ ആപേഷികതാസിദ്ധാന്തത്തിന് പുതിയ വിശദീകരണം നൽകി.പ്രപഞ്ചോല്പത്തിയെക്കുറിച്ചും അവർ ചില സിദ്ധാന്തങ്ങൾ ആവിഷ്കരിച്ചു.

നാശോന്മുഖമായ നക്ഷത്രങ്ങൾ അഥവാ തമോഗർത്തങ്ങളുടെ പിണ്ഡം,ചാർജ്ജ്,കോണീയസംവേഗബലം എന്നിവയ്ക്കുറിച്ചായിരുന്നു അദ്ദേഹത്തിന്റെ തുടർപഠനങ്ങൾ. ഭീമമായ ഗുരുത്വാകർഷണ ബലം ഗുരുത്വാകർഷണബലമുള്ള തമോഗർത്തങ്ങൾ ചില വികിരണങ്ങൾ പുറത്തുവിടുന്നുണ്ടെന്ന് അദ്ദേഹം തെളിയിച്ചു.

സ്റ്റീഫൻ 1974- ൽ റോയൽ സൊസൈറ്റിയിൽ അംഗമായി. 1979 മുതൽ 30 വർഷം വരെ കേംബ്രിജ് സർവകലാശാലയിൽ അപ്ലൈഡ് മാത്തമാറ്റിക്സ് ആൻഡ് ഫിസിക്സ് വിഭാഗത്തിൽ ല്യൂക്കേഷ്യൻ പ്രഫസറായി. ഐസക് ന്യൂട്ടൻ വഹിച്ചിരുന്ന പദവിയാണത്. ‘തിയറി ഓഫ് ഓഫ് എവരിതിങ്’’ എന്ന പേരിൽ പ്രപഞ്ചത്തിന്റെ ഉൽപത്തിയെ സംബന്ധിച്ച സമഗ്രമായ സിദ്ധാന്തവും അദ്ദേഹം ആവിഷ്കരിച്ചു. 2004 ജൂലൈയിൽ ഡബ്ലിനിൽ ചേർന്ന രാജ്യാന്തര ഗുരുത്വാകർഷണ–പ്രപഞ്ചശാസ്ത്ര സമ്മേളനത്തിൽ തമോഗർത്തങ്ങളെക്കുറിച്ച് അന്നുവരെ താൻ ഉൾപ്പെടെയുള്ളവർ വിശ്വസിച്ചിരുന്ന പലധാരണകളെയും തിരുത്തുന്ന പുതിയ സിദ്ധാന്തം അദ്ദേഹം അവതരിപ്പിച്ചു.

ദൃശ്യ പ്രപഞ്ചത്തിൽ നിന്നും ശാഖകളായി പിരിയുന്ന ശിശു പ്രപഞ്ചങ്ങൾ എന്ന ആശയവും ഹോക്കിങ് അവതരിപ്പിച്ചു. അടുത്ത കാലത്തു ബ്ലാക് ഹോളുകൾ ഇല്ലെന്നും പകരം ഗ്രേ ഹോളുകൾ ആണുള്ളതെന്നും ഉള്ള നിഗമനം അവതരിപ്പിച്ച സ്റ്റീഫൻ ഹോക്കിങ് വീണ്ടും ശാസ്ത്രലോകത്തെ അമ്പരപ്പിച്ചു. *ബ്രേക്ക് ത്രൂ ഇനിഷ്യേറ്റീവ്* എന്ന അന്യഗ്രഹ ജീവൻ തേടുന്ന വമ്പൻ ഗവേഷണപദ്ധതി അദ്ദേഹം ആസൂത്രണം ചെയ്തു.

സ്കൂൾ വിദ്യാഭ്യാസം

ലണ്ടനിലെ ഹൈഗേറ്റിലെ ബൈറോൺ ഹൗസ് സ്കൂളിലായിരുന്നു ഹോക്കിംങിന്റെ സ്കൂൾ പഠനം. സ്കൂളിലായിരിക്കെ വായിക്കാൻ പഠിക്കുന്നതിൽ പരാജയപ്പെട്ടതിനെ തുടർന്ന് '' അദ്ദേഹത്തിന് കുറ്റപ്പെടുത്തലുകൾ കേൾക്കേണ്ടി വന്നിട്ടുണ്ട്. എട്ട് വയസുകാരനായിരുന്ന ഹോക്കിങ്ങ് സെന്റ്. അൽബാൻസ്സിൽ, പെൺകുട്ടികൾക്കായുള്ള സെന്റ് അൽബൻസ് ഹൈസ്കൂളിൽ ഹോക്കിംങ് ഏതാനും മാസങ്ങൾ പോയിരുന്നു. അക്കാലത്ത് ചെറിയകുട്ടികൾക്ക് ഏത്

സ്കൂളിലും പഠിക്കാൻ കഴിയുമായിരുന്നു.

പിന്നീട് ഹാർഡിംഗ് ഹെർട്ട്ഫോർഡ്ഷെയറിലെ റഡ്ലെറ്റ് ഗ്രാമത്തിലെ ഒരു സ്വതന്ത്ര വിദ്യാലയമായ റഡ്ലെറ്റ് സ്കൂളിൽ ഹാക്കിംങ് ചേർന്നു. 1952 സെപ്തംബർ മുതൽ ഹാർട്ട്ഫോർഡ്ഷയറിലെ സെന്റ് അൽബൻസ് നഗരത്തിലെ ഒരുസ്റ്റീഫൻ ഹോക്കിങ് സ്വകാര്യ വിദ്യാലയമായ സെന്റ് അൽബൻസ് സ്കൂളിൽ നിന്നും ഒരു വർഷം നേരത്തേ തന്നെ ഹോക്കിങ്ങ് ഹയർസെക്കന്ററി വിജയിച്ചു. ഉയർന്ന നിലവാരമുണ്ടായിരുന്ന വെസ്റ്റ്മിൻസ്റ്റർ സ്കൂളിൽ മകനെ ചേർക്കാൻ അച്ഛൻ ആഗ്രഹിച്ചിരുന്നുവെങ്കിലും, 13 കാരനായിരന്ന ഹോക്കിംങിന് സ്കോളർഷിപ്പ് പരീക്ഷയുടെ ദിവസം അസുഖം ബാധിച്ചു. സ്കോളർഷിപ്പ് വഴിയുള്ള സാമ്പത്തിക സഹായമില്ലാതെ അദ്ദേഹത്തിന്റെ കുടുംബത്തിന് സ്കൂൾ ഫീസ് കൊടുക്കാൻ കഴിയുമായിരുന്നില്ല. അതിനാൽ ഹോക്കിംങ് സെന്റ് അൽബനിൽ താമസിച്ചു. അടുത്ത കൂട്ടുകാരുമായി ബന്ധം പുലർത്താനും, ബോർഡ് ഗെയിമുകൾ, വെടിക്കെട്ട് നിർമ്മാണം, വിമാനത്തിന്റെയും ബോട്ടുകളുടേയും മാതൃകകൾ, ക്രിസ്തുമതം, ആതീന്ദ്രിയജ്ഞാനം എന്നിവ സംബന്ധിച്ച നീണ്ട ചർച്ചകൾ എന്നിവ ആസ്വദിക്കാൻ ഇതിലൂടെ ഹോക്കിംങിന് സാധിച്ചു എന്നതാണ് ഇതുകൊണ്ടുണ്ടായ ഗുണം. 1958 ൽ അവർ ഗണിതശാസ്ത്ര അദ്ധ്യാപകനായ ദിക്രൺ തഹ്തയുടെ സഹായത്തോടെ പഴയ ഘടികാരഭാഗങ്ങൾ, പഴയ ടെലിഫോൺ സ്വിച്ച്ബോർഡ്, പുനരുപയോഗിക്കാൻ കഴിയുന്ന മറ്റ് വസ്തുക്കൾ എന്നിവ ഉപയോഗിച്ച് കംപ്യൂട്ടർ നിർമ്മിച്ചു.

അപർണ്ണ

ആകാശവാണി

ഇന്ത്യയിലെ ഔദ്യോഗിക റേഡിയോ പ്രക്ഷേപകരാണ് അഖിലേന്ത്യാ റേഡിയോ. വാർത്താ വിതരണപ്രക്ഷേപണ മന്ത്രാലയത്തിന്റെ കീഴിൽ ഉള്ള ഒരു സ്വതന്ത്ര സ്ഥാപനമാണിത്. പ്രസാർ ഭാരതി എന്ന സ്ഥാപനത്തിന്റെ കീഴിൽ അഖിലേന്ത്യാ റേഡിയോയും ദൂരദർശനം പ്രവർത്തിക്കുന്നു.

ലോകത്തിലെ തന്നെ ഏറ്റവും വലിയ റേഡിയോ ശൃംഖലകളിൽ ഒന്നാണ് അഖിലേന്ത്യാ റേഡിയോ. ഇന്ത്യൻ പാർലമെന്റിനടുത്തുള്ള ആകാശവാണി ഭവനാണ് ആകാശവാണിയുടെ മുഖ്യകാര്യാലയം. തൊട്ടടുത്തുള്ള ബ്രോഡ്കാസ്റ്റിങ്ങ് ഹൗസിൽ നാടക വിഭാഗം, എഫ് എം നിലയം, ദേശീയ പ്രേക്ഷണ വിഭാഗം എന്നിവ പ്രവർത്തിക്കുന്നു. ബ്രിട്ടീഷ് കാലഘട്ടത്തിൽ നിർമിച്ച ഈ കെട്ടിടം ദില്ലിയിലെ പുകൾപെറ്റ കെട്ടിടങ്ങളിൽ ഒന്നാണ്.

ചരിത്രം

ഇന്ത്യയിൽ റേഡിയോ പ്രക്ഷേപണം ആരംഭിച്ചത് 1927-ൽ രണ്ടു സ്വകാര്യ പ്രക്ഷേപണ ഉപകരണങ്ങളുടെ സഹായത്തോടു കൂടെയാണ്. കൽക്കത്തയിലും മുംബൈയിലും ആയിരുന്ന ആദ്യത്തെ സംപ്രേക്ഷണം. ഈ നിലയങ്ങൾ 1930-ൽ ദേശസാൽകരിക്കുകയും, ഇന്ത്യാ പ്രക്ഷേപണ നിലയം എന്ന പേരിൽ

പ്രവർത്തിക്കുകയും ചെയ്തു. 1936-ൽ അഖിലേന്ത്യാ റേഡിയോ എന്ന പേര് സ്വീകരിച്ചു. 1957-ൽ ഔദ്യോഗിക നാമം *ആകാശവാണി* എന്നാക്കിയെങ്കിലും ഇന്നും ജനകീയമായ പേര് അഖിലേന്ത്യാ റേഡിയോ എന്ന തന്നെയാണ്. ഇന്ത്യയുടെ ഏറ്റവും വിദൂര മേഖലകളിൽ പോലും എത്താൻ സാധിക്കുന്നതും, ഏറ്റവും കൂടുതൽ പ്രചാരമുള്ളതുമായ മാധ്യമവും അഖിലേന്ത്യാ റേഡിയോ തന്നെ. ഇന്ന് സ്വകാര്യ ചാനലുകളിൽ നിന്ന് കടുത്ത മത്സരം നേരിടുന്നെങ്കിലും സംഗീതം, നാടകം, വാർത്ത, കായികം തുടങ്ങിയ പുതിയ ചാനലുകൾ അവതരിപ്പിച്ച് അഖിലേന്ത്യാ റേഡിയോ മത്സരത്തെ അതിജീവിക്കാൻ ശ്രമിക്കുന്നുണ്ട്. സ്വാതന്ത്ര്യം ലഭിച്ച സമയത്ത് ഇന്ത്യയിൽ ആറു റേഡിയോ സ്റ്റേഷനുകളേ ഉണ്ടായിരുന്നുള്ളൂ. ഇന്ത്യക്കു സ്വാതന്ത്ര്യം ലഭിച്ച ശേഷം രൂപം കൊണ്ട ആദ്യത്തെ റേഡിയോ നിലയം വിജയവാഡ നിലയം ആണ്. അതിനുമുൻപ് തെലുങ്കു പരിപാടികൾ മദ്രാസ് നിലയത്തിൽ നിന്നു സംപ്രേഷണം ചെയ്യുകയായിരുന്നു പതിവ്. ആകാശവാണി എന്ന പേര് ആദ്യം ബാംഗ്ലൂർ നിലയത്തിൽ നിന്നും കടം കൊണ്ടതാണ്.

സേവനങ്ങൾ

അഖിലേന്ത്യാ റേഡിയോയ്ക്കു മേഖലാ അടിസ്ഥാനത്തിലും ഭാഷാ അടിസ്ഥാനത്തിലും പല സേവനങ്ങൾ ഉണ്ട്. ഏറ്റവും ജനപ്രിയമായതിൽ ഒന്നാണ് വിവിധ ഭാരതി. ഏറ്റവും വാണിജ്യലാക്കുള്ളതും മുംബൈ മുതലായ സ്ഥലങ്ങളിൽ ഏറ്റവും ജനപ്രിയമായതും വിവിധ ഭാരതി ആണ്. വിവിധ ഭാരതിയിൽ സിനിമാ സംഗീതം, വാർത്ത, തമാശ പരിപാടികൾ, മുതലായവ പ്രക്ഷേപണം ചെയ്യുന്നു. വിവിധ സ്ഥലങ്ങളിൽ വിവിധ ആവൃത്തികളിൽ വിവിധ ഭാരതി പ്രക്ഷേപണം ചെയ്യുന്നു.

രാജ്യത്തെമ്പാടും രജിസ്റ്റർ ചെയ്ത ശ്രോതാക്കൾക്ക് വാർത്തകൾ മൊബൈൽ ഫോണിലെത്തിക്കുന്ന എസ്.എം.എസ്. അധിഷ്ഠിത സർവീസ് ആരംഭിക്കാനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നു.

അനിരുദ്ധ്

കേരളം പേരിനുപിന്നിൽ

കേരവൃക്ഷങ്ങൾ നിറഞ്ഞ സ്ഥലം എന്ന അർത്ഥത്തിൽ കേരളം എന്ന പേര് ഉണ്ടായി എന്ന അഭിപ്രായമാണ് ഏറ്റവും പ്രബലം. കേരം എന്ന പദവും സ്ഥലം എന്നർഥം വരുന്ന അളം എന്ന പദവും ചേർന്നാണ് കേരളം എന്ന പേര് ഉണ്ടായത് എന്ന് വാദം ഈ അഭിപ്രായത്തെ ബലപ്പെടുത്തുന്നു.

മറ്റൊരു അഭിപ്രായം അറബി സഞ്ചാരികളാണ് പേരിന്റെ ഉല്പത്തിക്കു പിന്നിൽ എന്നാണ്.കേരളത്തിന്റെ പ്രകൃതി സൗന്ദര്യവും സമ്പത്സമൃദ്ധിയും കണ്ട് അവർ അല്ലാഹു അനുഗ്രഹിച്ച നാട് എന്നർത്ഥത്തിൽ ഖൈറുള്ള എന്ന് വിളിച്ചിരുന്നത്രെ. അത് ലോപിച്ചാണ് കേരളം എന്ന പേര് ഉണ്ടായതെന്നാണ് മറ്റൊരു വിശ്വാസം. "മലബാർ" എന്ന പദം അറബികള് വഴി ലഭിച്ചതാണെന്നതാണ് ഈ അഭിപ്രായത്തിനു കൂടുതൽ പിന്തുണ നല്കുന്നത്. "മഹൽ" എന്ന പദവും "ബുഹാർ" എന്ന പദവും ചേർന്നാണു മലബാർഎന്ന പദം ഉണ്ടായത്."മഹൽബുഹാർ" എന്നാൽ സുഗന്ധ വ്യഞ്ജനങ്ങളുടെ നാട് എന്നര്ഥം. അത് പിന്നീട് ലോപിച്ചാണ് മലബാർ എന്നായത്. കേരളീയരല്ലാത്ത ലോകത്തുള്ള മറ്റെല്ലാ ആള്കാരും കേരളം എന്ന് തികച്ചു പറയുന്നില്ല. അതിനാൽ ഈ വാദത്തെ തള്ളിക്കളയുക പ്രയാസവുമാണ്.

'ചേരളം' എന്ന പദത്തിൽ നിന്ന് ഉത്ഭവിച്ചതാണെന്നാണ് മറ്റൊരു വാദം. ചേർ, അഥവാ ചേർന്ന എന്നതിന് ചേർന്ന എന്നാണ് അർത്ഥം. കടൽ മാറി കരകൾ കൂടിച്ചേർന്ന എന്ന അർത്ഥത്തിൽ ആണ് ഈ പേർ ഉത്ഭവിച്ചത് എന്ന ഒരു വാദഗതിക്കാർ കരുതുന്നു. സംഘകാലത്തിലെ നെയ്തൽ തിണൈ എന്ന ഭൂപ്രദേശത്തിൽ വരുന്ന ഇവിടം കടൽ ചേരുന്ന ഇടം എന്നർത്ഥത്തിൽ ചേർ എന്ന് വിളിച്ചിരുന്നു. ചേർ+അളം എന്നതിന് സമുദ്രം എന്ന അർത്ഥവുമുണ്ട്. കടലോരം എന്ന സൂചനയാണ് ചേരളം തരുന്നത്. ചേരലർ കടലോരത്തിന്റെ അധിപരുമായി.

ചേര രാജാക്കന്മാരിൽ നിന്നുമാകാം പേർ വന്നതെന്നാണ് മറ്റൊരു അഭിപ്രായം. ഇവരുടെ പേർ തന്നെ ഥേര എന്ന പാലി വാക്കിൽ നിന്നുത്ഭവിച്ചതാണ് എന്നാണ് മറ്റൊരു മതം. അതിന് ബുദ്ധമതവുമായി ബന്ധം കാണുന്നു. ഥേരൻ എന്ന വാക്കിന് വലിയേട്ടൻ എന്നാണ് വാച്യാർത്ഥം. ബുദ്ധമതത്തിലെ ഥേരവാദമതത്തിൽപെട്ടവരായിരുന്നു ചേര രാജാക്കന്മാർ എന്ന് കരുതുന്നു. ഥേര എന്ന വാക്ക് പാലിയിൽ നിന്ന് താലവ്യവത്കരണം എന്ന സ്വനനയം പ്രകാരം ചേരൻ എന്നായതാണെന്നും, സ്ഥലം എന്ന അർത്ഥത്തിലുള്ള പാലി പദമായ തളം, ആദിലോപം പ്രാപിച്ച് അളം ആയതാണെന്നും ഇക്കൂട്ടർ വിശ്വസിക്കുന്നു. കേരളം ഒരു കാലത്ത് ബുദ്ധമതക്കാരുടെ പ്രബലകേന്ദ്രമായിരുന്നു എന്ന വിശ്വാസം ബലപ്പെടുന്നതാണീ വാദം.ചേര എന്നതിന്റെ കന്നട ഉച്ചാരണം കേര എന്നാണ്. ഇതായിരിക്കാം കേരളം ആയതെന്നാണ് ഹെർമൻ ഗുണ്ടർട്ട് വാദിക്കുന്നത്.

ഇന്ത്യയുടെ രാഷ്ട്രപതിമാരുടെ പട്ടിക -ആദർശ്

രാജേന്ദ്ര പ്രസാദ് (1884–1963)
സർവേപള്ളി രാധാകൃഷ്ണൻ (1888–1975)
സാക്കിർ ഹുസൈൻ (1897–1969)
വരാഹഗിരി വെങ്കട ഗിരി (1894–1980)
മുഹമ്മദ് ഹിദായത്തുള്ള (1905–1992)
വരാഹഗിരി വെങ്കട ഗിരി (1894–1980)
ഫക്രുദ്ദീൻ അലി അഹമ്മദ് (1905–1977)
ബാസപ്പ ദാനപ്പ ജട്ടി * (1912–2002)
നീലം സഞ്ജീവ റെഡ്ഡി (1913–1996)
ഗ്യാനി സെയിൽ സിംഗ് (1916–1994)
രാമസ്വാമി വെങ്കടരാമൻ (1910–2009)
ശങ്കർ ദയാൽ ശർമ്മ (1918–1999)
കോച്ചേരിൽ രാമൻ നാരായണൻ (1920–2005)
എ.പി.ജെ. അബ്ദുൽ കലാം (1931–2015)
പ്രതിഭാ പാട്ടിൽ (1934–)
പ്രണബ് മുഖർജി (1935–)
റാംനാഥ് കോവിന്ദ് (1945–)

THANK YOU

NSS HSS Chathannoor